# അൽഹഖ്

തബൂക്ക് – ഇഖാഅ് 1392 | ശവ്വാൽ – ദുൽഹജ്ജ് 1434 | കന്നി – തുലാം 1188

**VOL :21**
ISSUE: 09-10

**ALHAQ**
SEPT-OCT 2013



നമസ്കാരം
ദൈവീക ദർശനം

◆

ചാരിത്ര്യം സംരക്ഷിക്കുക,
നമസ്കാരം നിലനിർത്തുക

◆

യാത്രയിലെ നമസ്കാരം

◆

ഖബറിലെ ചോദ്യോത്തരം

◆

ജമാഅത്തായുള്ള നമസ്കാരം

◆

മുസ്ലിമോ കാഫിറോ?

◆

അല്ലാഹു ഉന്നതൻ

◆

നമസ്കാരം
യഥാർത്ഥത്തിൽ ദുആയാണ്

## കുട്ടികളിൽ നമസ്കാര ശീലം വളർത്തിയെടുക്കുക

ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)



കുട്ടികളിൽ അഞ്ചുനേര നമസ്കാരത്തിന്റെ ശീലം ഉണ്ടാക്കിയെടുക്കുക എന്നത് എന്റെ അഭിപ്രായത്തിൽ വളരെയധികം പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളിൽ പെട്ട ഏറ്റവും സുപ്രധാനമായ കാര്യമാണ്. കാരണം ആരാധനയില്ലാത്ത ദീൻ ദീനല്ല. കുട്ടികളിൽ അതിന്റ ശീലം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. അതിനായി ഏറ്റവും ഉത്തമം മാതാപിതാക്കളുടെ സ്വന്തം മാതൃകയാകുന്നു. അവർ സ്വയം നമസ്കരിക്കുന്നവരാണെങ്കിൽ കുട്ടികളും നമസ്കരിക്കുന്നവരായി തീരുന്നതാണ്. അല്ലെങ്കിൽ അവരുടെ പൊള്ളയായ ഉപദേശങ്ങൾ കുട്ടികളിൽ യാതൊരു സ്വാധീനവും ചെലുത്തുന്നതല്ല.


*(അൽ ഫള്ൽ ഇന്റർനാഷനൽ, 22.8.2003)*

# ചരിത്രം

ഇഷ്

# അല്ലാഹു ഈ മസ്ജിദിനെ പ്രകാശം പരത്തുന്ന ആത്മീയ സൂര്യനാക്കുമാറാകട്ടെ!






## ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) മസ്ജിദ് ഫദ്ൽ ലണ്ടന് തറക്കല്ലിട്ടുകൊണ്ട് ചെയ്ത പ്രാർത്ഥന

“ഞാൻ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് രണ്ടാമൻ, ഇമാം ജമാഅത്തെ അഹ്മദിയ്യാ.. ആസ്ഥാനം ഖാദിയാൻ, പഞ്ചാബ്.. ഇന്ത്യ... അല്ലാഹുവിന്റെ തൃപ്തിയും ദൈവിക സ്മരണയും ഇംഗ്ലണ്ടിൽ മുഖരിതമാവാനും ഞങ്ങൾക്ക് കിട്ടിയ അനുഗ്രഹത്തിൽ ഇംഗ്ലണ്ടിലെ ജനങ്ങൾക്കും ഭാഗഭാക്കാകാൻ കഴിയുന്നതിനും വേണ്ടി, ഇന്ന് 343 റബീഉൽ അവ്വൽ 20ന് ഈ മസ്ജിദിന് ശിലാസ്ഥാപനം നിർവഹിച്ചുകൊണ്ട് ദു:ആ ചെയ്യുകയാണ്, അല്ലാഹു അഹ്മദിയ്യാ ജമാഅത്തിലെ പുരുഷന്മാരുടെയും സ്ത്രീകളുടെയും ഈ ആത്മാർത്ഥമായ പരിശ്രമത്തെ സ്വീകരിക്കുകയും ഈ മസ്ജിദ് ജനനിബിഡമാക്കാനുള്ള സാഹചര്യമൊരുക്കുകയും എപ്പോഴും ഈ മസ്ജിദിനെ നന്മയുടെയും തഖ്‌വയുടെയും നീതിയുടെയും സ്നേഹത്തിന്റെയും ചിത്രങ്ങൾ പരത്താനുള്ള കേന്ദ്രമാക്കുകയും ഈ സ്ഥലം ഹദ്റത് മുഹമ്മദ് മുസ്തഫാ (സ) ന്റെയും അല്ലാഹുവിന്റെ ദൂതനും മുഹമ്മദ് മുസ്തഫാ(സ) യുടെ പ്രതിപുരുഷനുമായ ഹദ്റത് അഹ്മദ്, മസീഹ് മൗഊദ് ന്റെയും പ്രകാശകിരണങ്ങളെ ഈ രാജ്യത്തും മറ്റ് രാജ്യങ്ങളിലും പരത്തുന്നതിനുള്ള ആത്മീയ സൂര്യനാക്കുമാറാകട്ടെ. അല്ലാഹുവേ, അങ്ങനെ തന്നെ ആക്കേണമേ!

*19 ഒക്ടോബർ 1924*









# നമസ്കാരം ദൈവീക ദർശനം

തഫ്സീർ



തഹജ്ജുദ് ബിഹി എന്നത് വിശുദ്ധ ഖുർ ആനിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഈ നമസ്കാരത്തിൽ വിശുദ്ധ ഖുർ ആൻ പാരായണത്തിന് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട് തഹജ്ജുദിന്റെ അർത്ഥം ഉറങ്ങി എഴുന്നേൽക്കുക എന്ന താണ്. ചില ആളുകൾ മുഴുവൻ രാത്രിയും ഉറക്കമു ണർന്ന് തപോയജ്ഞം ചെയ്യുന്നു. അക്കൂട്ടർ ആരാ ധനയല്ല ചെയ്യുന്നത്. മറിച്ച് ദൈവിക കല്പനകളെ കള വാക്കുന്നു. ഇങ്ങനെയുള്ള ആരാധന എന്നത് ദൈവിക കൽപനയുടെ വിപരീതമാണ്.

റസൂൽ (സ) എപ്പോഴും രാത്രിയുടെ ആദ്യയാമങ്ങളിൽ ഉറങ്ങുകയും അന്ത്യയാമങ്ങളിൽ എഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കുകയും ചെയ്യുമായിരുന്നു.

ഈ ആയത്തിൽ അല്ലാഹു പറയുന്നു. ആരാധനയുടെ അവസരം നൽകുക എന്നത് ദൈവിക കാരുണ്യമാണ്. പക്ഷേ ഖേദകരമെന്ന് പറയട്ടെ! ചില ആളുകൾ നമസ് കാരത്തെ നിസ്സാരമായി മനസ്സിലാക്കുന്നു.

നമസ്കാരം എന്നത് തന്റെ റബ്ബിന്റെ ദർശനമാണ് എന്ന് റസൂൽ (സ) പറയുകയുണ്ടായി. ദൈവിക ദർശനം എ ന്നത് ദൈവിക പാരിദോഷികമാണ്. ഒരു ബുദ്ധിമാനും തന്നെ തന്റെ റബ്ബിന്റെ ദർശനം വിലമതിക്കാതിരിക്കു കയില്ല. റസൂൽ (സ) ആരാധനയുടെ മഹത്വത്തെ കുറിച്ച് പറഞ്ഞത് ഇപ്രകാരമാണ്.

كانك تراه فان لم تكن تراه فانه يراك

അതായത് ശരിയായ നമസ്കാരമെന്നാൽ അല്ലാഹുവിനെ കാണുക അതല്ലെങ്കിൽ ചുരുങ്ങിയ പക്ഷം നമസ്കരി ക്കുമ്പോൾ അല്ലാഹു തന്നെ കാണുന്നുണ്ട് എന്ന് വിശ്വ സിക്കുക. ഇത്രമാത്രം വലിയ പാരിദോഷികത്തെ വിലമ തിക്കാതിരിക്കൽ കൊടിയ പാപമാണ്. നമസ്കാരം എന്ന ത് അല്ലാഹുവിന്റെ വലിയ പാരിദോഷികങ്ങളിൽ ഒന്നാണ്. എന്റെ വിശ്വാസത്തിൽ മനുഷ്യൻ ഏതെങ്കിലും ഒരു നമസ്കാരം ഒഴിവാക്കുകയാണെങ്കിൽ അവരെ നമസ് കരിക്കുന്നവർ എന്ന് പറയാൻ സാധ്യമല്ല. എന്തെന്നാൽ കല്പന ഇഖാമത്തുസ്വലാത്തിന്റെതാണ്. പിന്നെ അത് സ്ഥിരചിത്തതയാണ്. ആഗ്രഹിക്കുന്നത്. ഏതെങ്കിലും ഒരു നമസ്കാരം ഒഴിവാക്കുയാണെങ്കിൽ അത് സ്ഥിര മായി ചെയ്യുന്ന പ്രവർത്തി ആകുകയില്ല.

نَافِلَةً لك എന്നത് കൊണ്ട് ഇക്കാര്യത്തെയാണ് വ്യക്ത മാക്കുന്നത്, അതായത് ആരാധനയ്ക്ക് അവസരം നൽ കുക എന്നത് നാം നൽകുന്ന കാരുണ്യമാണ്. അല്ലെ ങ്കിൽ തഹജ്ജുദിന്റെ നമസ്കാരം മുമ്പുണ്ടായിരുന്ന പ്രവാചകന്മാർക്ക് നിർബന്ധമല്ലായിരിക്കാം അങ്ങനെ യാകുമ്പോൾ ഇതിന്റെ അർത്ഥം ഈ ആരാധനയുടെ അവസരം പ്രത്യേകിച്ച് നിനക്ക് വേണ്ടിയുള്ള പാരിദോഷി കമാണ്.

മഖാമെ മഹ്മൂദിൽ ഒരു വലിയ പ്രവചനം അടങ്ങി യിരിക്കുന്നു. അതായത് റസൂൽ (സ) ന് നൽകിയ അത്രയും ചീത്തവിളി ലോകത്ത് വേറൊരാൾക്കും തന്നെ കേൾക്കേണ്ടി വന്നിട്ടില്ല. കൊള്ളക്കാരൻ, നീചൻ, ചീത്ത പരത്തുന്ന ആൾ എനിങ്ങനെയുള്ള വാക്കുകൾ നീച നിൽ നീചനായ മനുഷ്യന് പോലും ഈ ചീത്തവിളിയുടെ കോടിയിൽ ഒരു ഭാഗത്തിന് പോലും സമാനമായിട്ട് നൽകിയിട്ടുണ്ടാവില്ല. ഈ വിളികൾ റസൂൽ (സ) ക്ക് അല്ലാതെ ലോകത്ത് ആർക്കും തന്നെ ശത്രു ജനത നൽകിയിട്ടുണ്ടാവില്ല. അതുകൊണ്ടാണ് ഇങ്ങനെയുള്ള അതികഠിനമായ ചീത്ത വിളികൾക്ക് പ്രതിഫലമെന്നോ ണം അല്ലാഹു അങ്ങെയ്ക്ക് മഖാമെ മഹ്മൂദ് ആണ് നല്കിയത്.

പറയുന്നു. എങ്ങനെയെല്ലാം ശത്രുജനത ചീത്തവിളിക ളുടെ പേമാരി വർഷിക്കുന്നുവോ അങ്ങനെയെല്ലാം നാം വിശ്വാസികളെ കൊണ്ട് നിന്റെ ഭാഗത്ത് നിന്ന് ദുറൂദ് ചൊല്ലിപ്പിക്കുന്നതായിരിക്കും.

അതു പോലെ ആകാശത്ത് നിന്നും നിന്റെ മഹത്വം വെളിപ്പെടുത്തുന്നതായിരിക്കും. ഇതിനെ പ്രതികരി ക്കാൻ ശത്രുജനതയുടെ ശകാരത്തിന് എന്ത് വിലയാണു ള്ളത്. മഖാമെ മഹ്മൂദ് എന്നത് കൊണ്ട് മഖാമെ ശിഫാ അത്ത് എന്നും അർത്ഥമുണ്ട് (ശുപാർശ)


ഹദീസിൽ നിന്നും വ്യക്തമാകുന്നത്. അന്ത്യനാളിൽ മുഴു വൻ സമുദായവും എല്ലാ നബിമാരിൽ നിന്നും പ്രതീക്ഷ യറ്റ് ശിപാർശയ്ക്ക് വേണ്ടി റസൂൽ (സ) പോകുന്നതാ യിരിക്കും. അങ്ങ് ശിപാർശ ചെയ്യുന്നതായിരിക്കും.

അതേ പോലെ അങ്ങയെ ചീത്ത് വിളിച്ച എല്ലാ സമുദാ യവും സ്വയം നാവ് കൊണ്ട് അങ്ങയുടെ സത്യത പറയി ക്കപ്പെടുന്നതായിരിക്കും.

ഇതൊരു അത്യുന്നതമായ ഉയർന്ന മഖാമെ മഹ്മൂദാണ്. മഖാമെ മഹ്മൂദ് കൊണ്ട് എന്റെ അഭിപ്രായത്തിൽ മഹ്ദി യുടെ വരവും ലക്ഷ്യമുണ്ട്. എന്തെന്നാൽ മഹ്ദിയുടെ സമ യവും അത് തന്നെയാണ് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നത്. മുസ്‌ലീംകൾ ഇസ്‌ലാമിനോട് അസംതൃപ്തി പ്രകടിപ്പി ക്കുകയും കാഫിരീങ്ങൾ കുഫ്റിന്റെ വിജയശ്രീലാളിത രാവും എന്ന വാർത്തയും നൽകിയിരിക്കുന്നു. അങ്ങനെ യുള്ള സമയത്ത് അല്ലാഹുവിന്റെ ഈ ഫയൽവാന്റെ അവതരണം ഈ ചീത്തവിളികളുടെ അഴുക്കിനെ പ്രശംസയിൽ മാറ്റുക എന്നത് മഖാമെ മഹ്മൂദിന്റെ തന്നെ ഒരു ചലനമാണ്. ഞാൻ സേവനത്തിൽ ഭാഗാവാക്കാകാൻ വേണ്ടി റസൂൽ (സ) യുടെ ജീവിത സംഭവങ്ങൾ പറയാൻ വേണ്ടി വർഷത്തിൽ ഒരു ദിവസം മാറ്റി വെച്ചിരിക്കുക യാണ്. അതിൽ എല്ലാ മതക്കാരും അങ്ങയുടെ ജീവി തത്തെ കുറിച്ച് പഠിച്ച അവരുടെ മനസ്സിലുള്ളത് പറ യുന്നു.

അഞ്ച് നേര നമസ്കാരം, തഹജ്ജുദ് എന്നിങ്ങനെ വിവരിച്ചതിന് ശേഷം മഖാമെ മഹ്മൂദിനെ കുറിച്ചാണ് വിവരിച്ചിരിക്കുന്നത്.

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)



ഏതൊരാൾക്കാണോ കൂടുതൽ ശത്രുക്കളും, എതി രായി ചീത്ത പ്രവർത്തിക്കുന്നവരുടെ എണ്ണം കൂടുതലാ വുന്നത് അതിന്റെ പ്രതിവിധി അവരുമായി കുരുക്കിൽ പ്പെടുക എന്നതല്ല മറിച്ച് അങ്ങനെയുള്ള സമയങ്ങളിൽ ദൈവിക ബന്ധം സ്ഥാപിക്കുകയും അല്ലാഹുവിന്റെ സമക്ഷം കേണപേക്ഷിക്കുകയും എന്നത് ഇത്തരത്തി ലുള്ള ഫിത്നകളിൽ നിന്നും വിദൂരപ്പെടുത്തുന്നു. മാത്രമല്ല, അഥവാ ദൈവിക ധ്യാനത്തിൽ മനസ്സിനെ കൂടുതൽ ഏകാഗ്രമാക്കുമ്പോൾ നിന്ദിക്കൽ പ്രശംസ യിലും ചീത്ത വിളികൾ ദുആയിലും മാറ്റി മറയുന്നു.

എന്തെന്നാൽ റസൂൽ (സ) യിൽ ഇങ്ങനെയാണുണ്ടായത് അങ്ങയെ ചീത്ത വിളിച്ചിരുന്നവർ ഒരുനാൾ അവി ടുത്തെ സത്യസന്ധരായി പ്രേമികളായി പുരുഷന്മാരിൽ നിന്നും ഉമർബ്നു ആസ്, ഖാലിദ്, ഇകിരിമ എന്നിവരും സ്ത്രീകളിൽ നിന്നും ഹിന്ദ മറ്റ് തുടങ്ങിയവരും ഏറ്റവും നല്ല ഉദാഹരണങ്ങളാണ്. ഇങ്ങനെയുള്ള ആളുകൾ അവിടുത്തെ ദുആ മൂലമാണ് ആകർഷിക്കപ്പെട്ടത്. അവരുടെ മനസ്സിലുണ്ടായിരുന്ന ശത്രുത ദുരീകരി ക്കുക എന്നത് ഒരു മനുഷ്യനും സാധ്യമല്ല.................

ലോകത്തുള്ള മറ്റ് നബിമാരെ മുഴുവൻ ജനതയ്ക്കും വേണ്ടി പരിപൂർണ്ണമാതൃകയാക്കിയിട്ടില്ല. അത് കൊണ്ട് തന്നെ മറ്റ് നബിമാരുടെ ജീവ ചരിത്രം പരിപൂർണ്ണമായും സൂക്ഷിക്കപ്പെട്ടിട്ടില്ല. അഥവാ ലോകത്തുള്ള മത ഗുരു ക്കന്മാരുടെ ഏതെങ്കിലും ജീവിത അവസ്ഥ (ചരിത്രം) വിശദീകരിക്കപ്പെട്ടിട്ടുണ്ടോ ഉണ്ടെങ്കിൽ അത് റസൂൽ (സ) യുടേത് മാത്രമാണ്. അങ്ങയുടെ ജീവിതത്തിലെ ഓരോ സംഭവങ്ങളും ചരിത്രത്തിൽ രേഖപ്പെട്ട് കിടക്കുന്നു. അങ്ങയുടെ ഭക്ഷണം കഴിക്കുന്ന രീതിയും അങ്ങയുടെ വെള്ളം കുടിക്കുന്നതും അങ്ങയുടെ നടത്തവും, സംസാരവും, ഇരുത്തവും എല്ലാ പ്രവർത്തനവും സൂക്ഷിക്കപ്പെട്ടിരിക്കുന്നു.........

മുഴുവൻ പരീക്ഷണത്തിന് ശേഷം ലഭിക്കുന്ന ബഹു മതിക്ക് മഖാമെ മഹ്മൂദ് അല്ലാ എന്ന് പറയുകയാ ണെ ങ്കിൽ പിന്നെ മറ്റൊരു ബഹുമതിയും മഖാമെ മഹ്മൂദ് എന്ന് പറയാവതല്ല.

സമ്പാ: മുഹമ്മദ് ഹനീഫ്




# അതിജീവനത്തിന്റെ ദിനങ്ങൾ

മുസ്ലീംകൾക്കെതിരിൽ പീഡനമുറകൾ അതിന്റെ പാരമ്യതയിലെത്തുകയും ഖുറൈശികൾ അതിൽ മുന്നോട്ടു ഗമിക്കുകയും ചെയ്തപ്പോൾ അബ്സ്സീനിയയിലേക്ക് പലായനം ചെയ്യാൻ നബി(സ) മുസ്ലീംകളെ നിർദ്ദേശിച്ചുകൊണ്ടു പറഞ്ഞു: അബ്സ്സീനിയയിലെ രാജാവ് നീതിമാനാണ്. അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിൽ ആരും ആക്രമിക്കപ്പെടുകയില്ല. ഇംഗ്ലീഷിൽ എത്യോപ്യ എന്ന് വിളിക്കപ്പെടുന്ന അബ്സ്സീനിയ ആഫ്രിക്കൻ ഉപഭൂഖണ്ഡത്തിലെ വടക്കുകിഴക്ക് ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ദക്ഷിണ അറേബ്യക്ക് തികച്ചും അഭിമുഖമായി സ്ഥിതി ചെയ്യുന്ന ഈ രാജ്യത്തിനും അറേബ്യക്കുമിടയിൽ ചെങ്കടലല്ലാതെ രാജ്യങ്ങളൊന്നും തന്നെയില്ല. ആ കാലത്ത് അബ്സ്സീനിയയിൽ ശക്തമായ ഒരു ക്രിസ്ത്യൻ ഭരണകൂടം നിലനിന്നിരുന്നു. അവിടുത്തെ രാജാവ് നജ്ജാശി എന്നു വിളിക്കപ്പെട്ടു. അടുത്ത കാലം വരെ അവിടുത്തെ ഭരണാധികാരിയെ ഇപ്പേരാണ് വിളിച്ചിരുന്നത്. അബ്സ്സീനിയയുമായി അറബികൾക്ക് വാണിജ്യബന്ധമുണ്ടായിരുന്നു. നാമിപ്പോൾ പരാമർശിച്ചുകൊണ്ടിരിക്കുന്ന കാലത്തെ അബ്സ്സീനിയയുടെ തലസ്ഥാനം അക്സൂം എന്ന പ്രദേശമായിരുന്നു. അദുവാ എന്ന പട്ടണത്തിനടുത്ത് സ്ഥിതി ചെയ്യുന്ന പ്രദേശമാണിന്നത്. ഇക്കാലം വരെ ഒരു പരിശുദ്ധ പട്ടണമായി അത് കണക്കാക്കപ്പെടുന്നു. ആ കാലഘട്ടങ്ങളിൽ അക്സൂം ശക്തമായ ഒരു ഭരണകൂടത്തിന്റെ സിരാകേന്ദ്രമായിരുന്നു. അക്കാലത്തെ നജ്ജാശിയുടെ പേർ അസ്ഹമ എന്നായിരുന്നു. നീതിമാനും വിവേകിയും ശക്തനുമായ ഭരണാധികാരിയായിരുന്നു അദ്ദേഹം. ഏതായിരുന്നാലും മുസ്ലീംകളോടുള്ള ദ്രോഹം അതിന്റെ പാരമ്യതയിലെത്തിയപ്പോൾ സാധിക്കുന്നവരെല്ലാം അബ്സ്സീനിയയിലേക്ക് പലായനം ചെയ്തുകൊള്ളാൻ നബി(സ) നിർദ്ദേശിച്ചു. അങ്ങനെ തിരുമേനിയുടെ നിർദ്ദേശാനുസരണം പ്രവാചക വർഷം അഞ്ചിനു റജബ് മാസത്തിൽ പതിനൊന്നു പുരുഷന്മാരും നാലു സ്ത്രീകളും അബ്സ്സീനിയയിലേക്ക് പലായനം ചെയ്തു. അവരിൽ പ്രധാനപ്പെട്ടവരുടെ പേരുകൾ ഇപ്രകാരമാണ്: ഹ: ഉസ്മാൻ ഇബ്നു അഫ്ഫാൻ, അദ്ദേഹത്തിന്റെ പത്നി റുഖിയ(റ), അബ്ദു റഹ്മാനുബ്നു ഔഫ്(റ), സുബൈറുബ്നുൽ അവാം(റ), അബൂ ഹുദൈഫ ബ്നു അത്ബ(റ), ഉസ്മാൻ ബ്നു മള്ഊൻ(റ), മസ്ബ് ബ്നു ഉമൈർ(റ), അബൂ സൽമ ബ്നു അബ്ദുൽ അസദ(റ),അദ്ദേഹത്തിന്റെ ഭാര്യ ഉമ്മെ സൽമ(റ). ഈ ആദ്യകാല മുഹാജിറുകളിലധികവും ഖുറൈശിലെ ശക്തരായ ഗോത്രങ്ങളിൽ നിന്നുള്ളവരായിരുന്നുവെന്നതാണ് ഏറെ അത്ഭുതകരം. ദുർബലർ വളരെ കുറച്ചു പേർ മാത്രമായിരുന്നു. ഇതിൽ നിന്നും രണ്ടു കാര്യങ്ങൾ മനസ്സിലാക്കാം. ഒന്ന്, ശക്തരായ ഗോത്രങ്ങളിൽ നിന്നുള്ളവർ പോലും ഖുറൈശികളുടെ അക്രമങ്ങളിൽ നിന്നു സുരക്ഷിതരായിരുന്നില്ല. രണ്ട്, പാലായനം ചെയ്യാൻ പോലും സാധിക്കാത്ത വിധം പരിതാപകരമായിരുന്നു ആ കാലഘട്ടങ്ങളിൽ അടിമകളെപ്പോലുള്ള ദുർബലരായിരുന്നവരുടെ അവസ്ഥ.

ദക്ഷിണ ഭാഗത്തേക്ക് യാത്ര ചെയ്തു കൊണ്ട് അറേബ്യയുടെ തുറമുഖമായിരുന്ന ശൈബയിൽ മുഹാജിറുകൾ എത്തിയപ്പോൾ അബ്സ്സീനിയയിലേക്ക് പോകാൻ തയ്യാറായി നിൽക്കുന്ന ഒരു ചരക്കു കപ്പൽ ദൈവാനുഗ്രഹത്താൽ അവർക്കു ലഭിച്ചു. അങ്ങനെ സമാധാനത്തോടെ അവരതിൽ യാത്ര ചെയ്തു. അവരുടെ ഹിജ്റത്തിനെ സംബന്ധിച്ച് ഖുറൈശികളറിഞ്ഞപ്പോൾ നല്ല ഇര കൈയിൽ നിന്നു പോയതിൽ അവർ രോഷാകുലരായി. മുഹാജിറുകളെ പിന്തുടർന്നു കൊണ്ട് സമുദ്രതീരം വരെ ചെന്നെങ്കിലും കപ്പൽ പുറപ്പെട്ടുകഴിഞ്ഞിരുന്നതിനാൽ നിരാശയോടെയാണ് അവർ മടങ്ങിയത്.

അബ്സ്സീനിയയിലെത്തിയ മുസ്ലീംകൾക്ക് സമാധാനപൂർണ്ണമായ ജീവിതമാണു ലഭിച്ചത്. ഒരുപാടു പ്രർത്ഥനകൾക്കു ശേഷം ഖുറൈശികളുടെ മർദ്ദനങ്ങളിൽ നിന്ന് അവർക്കു മോചനം കിട്ടി.

## നമസ്ക്കാരത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് നബി (സ) അരുൾചെയ്യുന്നു:

1) നമസ്ക്കാരം ജമാഅത്തായി നമസ്ക്കരിക്കുന്നവന് 27 ഇരട്ടി പ്രതിഫലം ലഭിക്കുന്നതാണ്.


2) മനസ്സിൽ ആഗ്രഹമില്ലാതിരുന്നിട്ടും കൂടി ആരാണോ വുളുവെടുക്കുകയും പള്ളിയിലേക്ക് പോവുകയും ചെയ്യുന്നത് അവന്റെ ഓരോ ചുവടിലും നന്മയുടെ പ്രതിഫലമുണ്ട്. അവൻ പള്ളിയിൽ വന്ന് നിശ്ശബ്ദനായി ദൈവസ്മരണയിൽ മുഴുകുകയും ഇമാമിനെ കാത്തിരിക്കുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ മലക്കുകൾ അവനു വേണ്ടി ഇപ്രകാരം ദുആ ചെയ്യും: അല്ലാഹുവേ! ഇദ്ദേഹത്തിന്റെ പാപങ്ങൾ പൊറുത്തുകൊടുക്കുകയും ഇദ്ദേഹത്തിനുമേൽ കരുണചൊരിയുകയും ചെയ്യേണമേ! അങ്ങനെയുള്ള വ്യക്തിക്കുവേണ്ടി സ്വർഗ്ഗത്തിലെ എട്ടു കവാടങ്ങളും തുറക്കപ്പെടുന്നതാണ്. അവനിഷ്ടമുള്ള ഭാഗത്തുകൂടി പ്രവേശിക്കാവുന്നതാണ്.

3) നമസ്ക്കാരത്തിനായി വളരെ ദൂരെ നിന്നും നടന്നു വരുന്നവർക്കാണ് കൂടുതൽ പുണ്യം ലഭിക്കുന്നത്. (ബുഖാരി)

4) അഞ്ചു നേരം നമസ്ക്കരിക്കുന്നവന്റെ ഉദാഹരണം, തന്റെ വീടിനു മുൻപിലൂടെ ഒഴുകുന്ന നദിയിൽ അഞ്ചു നേരം കുളിക്കുന്നവന്റേതു പോലെയാണ്. അവന്റെ ശരീരത്തിൽ യാതൊരു അഴുക്കും അവശേഷിക്കുകയില്ല. പള്ളിയിൽ വെച്ച് അഞ്ചുനേരം ജമാഅത്തായുള്ള നമസ്ക്കാരമാണ് ഇതുകൊണ്ടുദ്ദേശിക്കപ്പെടുന്നത്. (മുസ്ലിം)




ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)



# ഹൽ തസ്മഉന്നീദാഅ ബിസ്വലാത്തി

നബിതിരുമേനി (സ) വിവിധ രീതിയിൽ വളരെ മനോഹരമായ ശൈലിയിൽ നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കുന്നതിനായി ഉപദേശിച്ചിട്ടുണ്ട്.

ഒരിക്കൽ പറഞ്ഞു, രാവിലെയും രാത്രിയും പള്ളിയിലേക്ക് പോകുന്നവരെ സംബന്ധിച്ച് അല്ലാഹു പറയുന്നു, സ്വർഗത്തിൽ ഞാനവർക്ക് ആതിഥ്യം ഒരുക്കിവെച്ചിട്ടുണ്ട്. ഞാനവരുടെ ആതിഥേയനാകുന്നതാണ്. അതിനാൽ അല്ലാഹുവിന്റെ അനുഗ്രഹവും തന്നിൽ ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നവർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പിന്നീട് നബി (സ) ഏഴു കാര്യങ്ങളെ പരാമർശിച്ചുകൊണ്ടു പറഞ്ഞു, നോക്കുക, അല്ലാഹുവിന്റെ തണലല്ലാതെ മറ്റൊരു തണലും ഇല്ലാത്ത ഒരു നാൾ വരുന്നതാണ്. മുഴുവൻ കാലഘട്ടവും അസ്വസ്ഥരായിരിക്കും, മുഴുവൻ പ്രപഞ്ചവും വ്യാകുലരായിരിക്കും. മുഴുവൻ മനുഷ്യരും ഒരുമിച്ച് കൂടിയിട്ടുണ്ടാകും. അന്നാളിൽ അല്ലാഹു തന്റെ കാരുണ്യത്തിന്റെ തണൽ നൽകുന്ന ഒരു കൂട്ടരെ സംബന്ധിച്ച് പറയുന്നത് അവരുടെ മനസ് എപ്പോഴും പള്ളിയുമായി ബന്ധപ്പെട്ടിരുന്നു എന്നാണ്. ജോലികളിൽ വ്യാപൃതരാണെങ്കിലും മനസ്സ് പള്ളിയിലായിരിക്കും. അല്ലാഹുവിന്റെ സവിധത്തിൽ സന്നിഹിതരാകുന്നതിനായി എപ്പോഴാണ് നമസ്കാരത്തിന്റെ സമയമാകുന്നത് എന്നതായിരിക്കും അവരുടെ ചിന്ത. അതിനാൽ നിങ്ങളുടെ മനസ്സ് പള്ളിയുമായി ബന്ധപ്പെട്ടാണുള്ളതെങ്കിൽ നിങ്ങൾക്കായി സുവാർത്തയുണ്ട്. അന്ത്യനാളിൽ തണലില്ലാത്ത അവസ്ഥയെക്കുറിച്ചുള്ള ചിന്ത വേണ്ട. കാരണം അല്ലാഹുവിന്റെ തണൽ നിങ്ങളുടെ മേലുണ്ടാകും.

ജമാഅത്തായ നമസ്കാരത്തിൽ നബി (സ) തിരുമേനിക്ക് വളരെയധികം കണിശതയുണ്ടായിരുന്നു. അക്കാരണത്താൽ തന്നെ പള്ളിയിൽ പ്പോയി ജമാഅത്തായി അനുഷ്ഠിക്കാത്തതു വരെ അതിനെ നമസ്കാരമായി ഗണിച്ചിരുന്നില്ല. ഒരിക്കൽ അന്ധനായ ഒരു സഹാബി അബ്ദുല്ലാഹിബ്നു മക്തൂം(റ) സന്നിഹിതനായി കൊണ്ടു പറഞ്ഞു, അല്ലാഹുവിന്റെ ദൂതരേ! ഞാൻ അന്ധനാണ്. കാണാൻ സാധ്യമല്ല. മദീനയുടെ ഇടനാഴികളിൽ കുഴികൾ ധാരാളമുണ്ട്. കൂടാതെ പട്ടികളും മറ്റും ശല്യം ചെയ്യാറുണ്ട്. അതിനാൽ വീട്ടിൽത്തന്നെ നമസ്കാരം അനുഷ്ഠിക്കുന്നതിനുള്ള അനുമതി നൽകിയാലും. നബി തിരുമേനി (സ) വളയെധികം കാരുണ്യവാരിധിയായിരുന്നു. ആദ്യം പറഞ്ഞു, അനുവദിച്ചിരിക്കുന്നു. എന്നാൽ യഥാർത്ഥ കാരുണ്യം ആത്മീയതയ്ക്കായിരുന്നു. അതിനാൽ ഉടൻ തന്നെ നബി(സ) ചോദിച്ചു, ഹയ്യ അലസ്വലാത്ത് ഹയ്യ അലൽ ഫലാഹ് എന്നീ ശബ്ദങ്ങൾ കാതിൽ പതിക്കാറുണ്ടോ? അദ്ദേഹം പറഞ്ഞു, അല്ലാഹുവിന്റെ ദൂതരേ! കേൾക്കാറുണ്ട്.

അപ്പോൾ നബി(സ) പറഞ്ഞു, എന്നാൽ അനുമതിയില്ല. ശബ്ദം കേൾക്കുന്നുണ്ടെങ്കിൽ ഏതവസ്ഥയിലാണെങ്കിലും പോകേണ്ടതുണ്ട്.

മറ്റുള്ളവരോടു പറയാം, കാരണം ബുദ്ധിമുട്ടുന്നത് മറ്റുള്ളവരാണല്ലോ എന്നാർക്കും പറയാവുന്നതാണ്. അതിനാൽ നബി(സ)യുടെ മാതൃക ഞാൻ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുകയാണ്. അവസാന രോഗശയ്യയിലായിരുന്നു. ആവർത്തിച്ചാവർത്തിച്ച് ബോധം നഷ്ടപ്പെടുന്ന തരത്തിലുള്ള പ്രയാസമായിരുന്നു. ഹദ്റത് ആയിശ (റ) പറയുന്നു, ഹുസൂർ (അ) ചോദിച്ചു, നമസ്കാരത്തിന്റെ സമയമായോ? ജനങ്ങൾ പ്രതീക്ഷിച്ചിരിക്കുകയാണോ? അല്ലാഹുവിന്റെ ദൂതരേ! നമസ്കാരത്തിനുള്ള സമയമായി. ജനങ്ങൾ പ്രതീക്ഷിച്ചിരിക്കുകയാണ് എന്ന് പറയപ്പെട്ടപ്പോൾ തിരുനബി(സ) പറഞ്ഞു, വുളുവിനായി വെള്ളം കൊണ്ടുവരിക. വെള്ളം കൊണ്ട് അംഗശുദ്ധി വരുത്തി. തുടർന്ന് ബോധം നഷ്ടപ്പെട്ടു. പിന്നീട് കണ്ണു തുറന്നപ്പോൾ ചോദിച്ചു, നമസ്കാരത്തിന്റെ സമയമായോ, ജനങ്ങൾ പ്രതീക്ഷിച്ചിരിക്കുകയാണോ? അതേ എന്ന് മറുപടി ലഭിച്ചപ്പോൾ വെള്ളം കൊണ്ടു വരാനായി നിർദേശിച്ചു. വീണ്ടും അംഗശുദ്ധി വരുത്തിയപ്പോൾ തളർച്ചയാൽ ബോധം നഷ്ടപ്പെട്ടു. വീണ്ടും കണ്ണു തുറന്നപ്പോൾ ജനങ്ങൾ പ്രതീക്ഷിച്ചിരിക്കുകയാണോ എന്ന് തിരക്കി. അതേ നമസ്കാരത്തിന്റെ സമയമാണ്. ജനങ്ങൾ പ്രതീക്ഷിച്ചിരിക്കുകയാണ് എന്ന് പറഞ്ഞപ്പോൾ വെള്ളം വരുത്തിച്ചു. അംഗശുദ്ധി വരുത്തി. ക്ഷീണം കാരണത്താൽ ബോധം വീണ്ടും നഷ്ടപ്പെട്ടു. അങ്ങനെ നാലു തവണ ആവർത്തിച്ചു. തുടർന്ന് പറഞ്ഞു, ചെന്ന് അബൂബക്കറിനോട് നമസ്കാരത്തിന് നേതൃത്വം വഹിക്കാൻ പറയുക. ഹദ്റത് ആയിശ(റ) പറഞ്ഞു, അല്ലാഹുവിന്റെ ദൂതരേ! വളരെ ലോലഹൃദയനാണ്. എങ്ങനെയാണ് താങ്കൾ നിന്നിരുന്ന ആ സ്ഥാനത്ത് നിൽക്കുക? കരഞ്ഞു കരഞ്ഞ് അദ്ദേഹത്തിന്റെ നമസ്കാരം തന്നെ വികലമാകും. നമസ്കരിക്കാൻ സാധിക്കില്ല. നബി(സ) പറഞ്ഞു, നിങ്ങൾ യൂസുഫിന്റെ സഹോദരിമാരാണ്. ഞാൻ പറയുന്നതു പോലെ ചെയ്യുക. നമസ്കരിപ്പിക്കുവാനായി അബൂബക്കറിന് കല്പന നൽകുക. മറ്റൊരു നിവേദനത്തിൽ വരുന്നത്, കല്പന നൽകി കഴിഞ്ഞപ്പോൾ അല്പം ആശ്വാസം അനുഭവപ്പെട്ടു. അപ്പോൾ നബി (സ) പറഞ്ഞു, എന്നെ പള്ളിയിലേക്കു കൊണ്ടു പോകുക. രണ്ടു വ്യക്തികളുടെ ചുമലിൽ കൈ വെച്ച് നബി(സ) തിരുമേനി പുറപ്പെട്ടു. ആയിശ(റ) പറയുന്നു, വേദനയും പ്രയാസവും കൊണ്ട് കാലുകൾ വലിഞ്ഞിഴയുകയായിരുന്നു. കാലുകൾക്ക് ശരീരഭാരത്തെ താങ്ങാനുള്ള കെൽപ്പില്ലായിരുന്നു. ഇഴഞ്ഞിഴഞ്ഞു പള്ളിയിൽ എത്തി അബൂബക്കർ(റ)ന്റെ ഒരു ഭാഗത്ത് ചെന്നിരുന്നു. അബൂബക്കർ(റ) തക്ബീർ പറയുകയും നബി(സ) നമസ്കരിപ്പിക്കുകയും ചെയ്തു.....

ഇതാണ് നമ്മുടെ മുന്നിലുള്ള മാതൃകകൾ. ഈ മാതൃകയെയാണ് നാം പിൻപറ്റേണ്ടത്. നമ്മിൽ എത്ര പേരാണ് ഇത്തരത്തിലുള്ള ചിന്തയാൽ പള്ളികളെ സജീവമാക്കുന്നത്? സ്വന്തം വീട് സജീവമാക്കിക്കൊണ്ട് അല്ലാഹുവിന്റെ ഭവനത്തെ വിജനമാക്കുന്നത് എത്ര കഠിന മായ പാപമാണെന്ന് ചിന്തിക്കുന്നവർ എത്ര പേരുണ്ട്? എല്ലാ സ്നേഹത്തിന്റെയും വാദങ്ങളെ കളവാക്കുന്ന കാര്യമാണിത്. ഞാൻ അല്ലാഹുവിനെ സ്നേഹിക്കുന്നു എന്ന് പറയുന്നത് അത്തരക്കാർക്ക് ഒരിക്കലും ഭൂഷണമല്ല. അല്ലാഹുവിനെ യഥാർഥമായ നിലയിൽ സ്നേഹിക്കുന്ന ആരെങ്കിലും അഞ്ചു നേരം ബാങ്ക് കേൾക്കുമ്പോൾ പള്ളിയെ ഉപേക്ഷിച്ച് സ്വന്തം വീട്ടിൽ ഇരിക്കുമോ? ഇത് അഹ്മദികൾക്ക് ഭൂഷണമല്ല. നിങ്ങളിൽ ആരിലേക്കെല്ലാം ഇത് എത്തിപ്പെടുന്നുവോ അവരോട് എനിക്ക് പറയാനുള്ളത്, നിങ്ങൾ മടങ്ങിച്ചെല്ലുമ്പോൾ ഇക്കാര്യത്തിൽ വീട്ടിലെ മേൽനോട്ടക്കാരായി ത്തീരുക. മാതാക്കൾ കുട്ടികളുടെ മേൽനോട്ടക്കാരാവുക, പിതാവ് ആൺമക്കളുടെ മേൽനോട്ടക്കാരനാവുക, ഭാര്യമാരുടെ മേൽനോട്ടക്കാരനാവുക, ഭാര്യമാർക്കും ജമാഅത്തായി നമസ്കരിക്കാവുന്നതാണ്.

(പ്രഭാഷണം, ജൽസാ സാലാന, 1976)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

അൽഹഖ്
വാർത്താപത്രിക
2013 സെപ്റ്റംബർ-ഒക്ടോബർ
പുസ്തകം 21 ലക്കം 9-10

യുഗനാദം

ഹദ്റത്ത് അഹ്മദ്(അ)



# നമസ്കാരം ജീവൽ പ്രധാനം

മുസ്‌ലീംകൾക്ക് നിർബന്ധമാക്കപ്പെട്ട അനുഷ്ഠാന കർമ്മമാണ് നമസ്കാരം. അല്ലാഹുവിനെ അറിഞ്ഞുകൊണ്ട് ആരാധിക്കാനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതെന്ന് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നു. സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം നിവർത്തിക്കപ്പെടുന്ന ഇസ്‌ലാമിലെ ആരാധനാക്രമമാണ് നമസ്കാരം. നമസ്കാരം വിശ്വാസിയുടെ മിഅ്റാജ് ആണെന്ന് തിരുനബി (സ) പറഞ്ഞതിന്റെ ഉദ്ദേശ്യവും മറ്റൊന്നല്ല.

നമസ്ക്കാരം തന്റെ കണ്ണിന്റെ കുളിർമയാണെന്നാണ് തിരുനബി(സ) മൊഴിഞ്ഞത്.അങ്ങനെ കണ്ണിന്റെ കുളിർമയായി അനുഭവപ്പെടുമ്പോഴേ നമസ്കാരം സാർഥകമാകൂ.

നമസ്ക്കാരം സ്വീകരിക്കപ്പെടാനും അല്ലാഹുവിന്റെ അനുഗ്രഹം കൂടിയേ തീരൂ എന്ന കാര്യവും നാം ഓർക്കേണ്ടതാണ്. ഒരിക്കൽ ഹ.ആയിശയുടെ അടുക്കലെത്തിയ തിരുനബി(സ) ആയിശയോടു ചോദിച്ചു: ആയിശ! ഇന്ന് രാത്രി ഞാനെന്റെ റബ്ബിനെ ആരാധിച്ചോട്ടെ? ആ മഹിളാരത്നം പറഞ്ഞു: തീർച്ചയായും! അല്ലാഹുവിന്റെ റസൂലേ!

അങ്ങനെ ആ രാത്രി മുഴുവനും തിരുമേനി(സ) ആരാധനയിൽ കഴിച്ചുകൂട്ടി. ഹ: ആയിശ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! അങ്ങയെ സംബന്ധിച്ചിടത്തോളം എല്ലാ തിന്മകളിൽ നിന്നും അല്ലാഹു സംരക്ഷിച്ചിരിക്കുകയാണല്ലോ; പിന്നെന്തിനാണ് അങ്ങ് ഇത്രമാത്രം ആരാധനകൾ അനുഷ്ഠിക്കുന്നത്?

നബി(സ) പറഞ്ഞു: ആയിശ! ഞാനെന്റെ റബ്ബിനോട് അവൻ ചെയ്ത അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവനായിരിക്കേണ്ടേ? ലോകത്തിനു മുഴുവൻ കാരുണ്യമായവതരിച്ച മഹാ പ്രവാചകന്റെ മാതൃകയാണിത്.

നബി(സ) ഏറ്റവുമധികം സന്തോഷിച്ചത് സ്വഹാബാക്കളുടെ നമസ്കാരം കണ്ടപ്പോഴായിരുന്നുവെന്ന് ഹദീസുകൾ വ്യക്തമാക്കുന്നു.

നബി(സ) ഏറ്റവുമധികം അസ്വസ്ഥനായത് നമസ്കാരത്തിൽ അലംഭാവം കാണിച്ചവരെക്കുറിച്ചാണെന്നും ചരിത്രം നമുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്.

നമസ്കാരത്തെ അതിന്റെ എല്ലാ സൗന്ദര്യത്തോടെ മനസ്സിലാക്കുകയും അനുഷ്ഠിക്കുകയും ചെയ്യുമ്പോഴാണ് അതു സാർഥകമാവുക.

(ആരിഫ് മുഹമ്മദ്)

## നമസ്കാരത്തിന്റെ യാഥാർഥ്യം

നമസ്കാരത്തിലൂടെയാണ് എല്ലാ പ്രയാസങ്ങളും എളുപ്പമായിത്തീരുന്നതെന്നും എല്ലാ വിപത്തുകളും ദൂരപ്പെടുന്നതെന്നും ഓർത്തു കൊള്ളുക. എന്നാൽ നമസ്കാരം കൊണ്ടുദ്ദേശിക്കുന്നത് സാധാരണ ജനങ്ങൾ ചടങ്ങ് എന്ന നിലയിൽ അനുഷ്ഠിക്കുന്ന നമസ്കാരമല്ല. മറിച്ച് മനുഷ്യന്റെ ഹൃദയം മൃദുലമായിത്തീരുകയും ദൈവസവിധത്തിൽ പതിച്ച് ഉരുകിപ്പോകുന്ന തരത്തിൽ അലിഞ്ഞില്ലാതാകുകയും ചെയ്യുന്നതാണ് നമസ്കാരം. (മൽഫൂസാത്ത്: വാള്യം 5)

## യഥാർഥ നമസ്കാരം

ഓർത്തു കൊള്ളുക, നമസ്കാരം മുഖേന ദുൻയാവും നേരെയാകുന്നു, ദീനും നേരെയാകുന്നു. എന്നാൽ അധികം പേരും അനുഷ്ഠിക്കുന്ന നമസ്കാരം അവരിൽ ശാപം ചൊരിയുന്നു. അല്ലാഹു പറയുന്നു, *ഫ വയ്‌ലുൻ ലിൽ മുസ്വല്ലീൻ. അല്ലദീനഹും അൻ സ്വലാത്തിഹിം സാഹൂൻ.* അതായത് നമസ്കാരത്തിന്റെ യാഥാർഥ്യം അറിയാതെ നമസ്കരിക്കുന്നവർക്ക് നാശം. നമസ്കാരം അനുഷ്ഠിക്കുന്നതു മൂലം എല്ലാ തരത്തിലുള്ള ദുഷ്കർമങ്ങളിൽ നിന്നും ലജ്ജയില്ലായ്മയിൽ നിന്നും രക്ഷിക്കപ്പെടുന്നു. (മൽഫൂസാത്ത്: വാള്യം 5)

## അനുഗ്രഹീത നമസ്കാരം

ആത്മാവ് ഉരുകി ഭയാനകമായ അവസ്ഥയിൽ ദൈവസവിധത്തിൽ പതിക്കുന്നു എന്ന് ഹൃദയത്തിന് അനുഭവപ്പെടുന്നതാണ് നമസ്കാരം. കഴിയുന്നിടത്തോളം ആർദ്രത സംജാതമാക്കാൻ ശ്രമിക്കുക. ആത്മാവിൽ അന്തർലീനമായിട്ടുള്ള ധിക്കാരവും പാപങ്ങളും ദുരീകരിക്കപ്പെടുന്നതിനായി കേണപേക്ഷിക്കുക. അത്തരത്തിലുള്ള നമസ്കാരമാണ് അനുഗ്രഹീതമായത്. (മൽഫൂസാത്ത്: വാള്യം 4)

## വിശ്വാസത്തിന്റെ തായ്‌വേര് നമസ്കാരമാകുന്നു

മനുഷ്യൻ ദൈവസവിധത്തിൽ ആർദ്രതയോടും മനസ്താപത്തോടും ആദരവോടും കൂടി നിൽക്കുന്നതാണ് നമസ്കാരം. നമുഷ്യൻ ദാസരായിക്കൊണ്ട് അശ്രദ്ധകാണിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ അസ്ഥിത്വം നിരാശ്രയനാണ്. ദൈവത്തിലേക്കുള്ള ശ്രദ്ധ നിലനിൽക്കുന്നിടത്തോളം ആ സമൂഹവും നിനിൽക്കുന്നു. വിശ്വാസത്തിന്റെ തായ്‌വേര് നമസ്കാരമാകുന്നു.... നമസ്കാരം ആയിരക്കണക്കിന് അപരാധങ്ങളെ ദുരീകരിക്കുന്നതും, ദൈവസാമീപ്യത്തിനുള്ള മാർഗവുമാകുന്നു.

(മൽഫൂസാത്ത്: വാള്യം 4)

വനിതാരംഗം

അബൂ തബസ്സും

# ചാരിത്ര്യം സംരക്ഷിക്കുക, നമസ്കാരം നിലനിർത്തുക

**ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു തആലാ)**

ഇനി ഇന്റർനെറ്റിനെ സംബന്ധിച്ചും ഞാൻ അല്പം പറയാൻ ആഗ്രഹിക്കുകയാണ്. അതും പർദയില്ലായ്മയിൽ ഉൾപ്പെടുന്നതാണ്. ചാറ്റിങ്ങ് ചെയ്യുന്ന സമയത്ത് ഏതെങ്കിലും നമ്പർ കാണുമ്പോൾ തന്നെ അതിൽ ചാറ്റിങ്ങ് ആരംഭിക്കുന്നു. പലപ്പോഴും തുടക്കത്തിൽ ആരാണ് സംസാരിക്കുന്നത് എന്നു പോലും അറിവുണ്ടാകില്ല. ഒരു ഭാഗത്ത് നമ്മുടെ പെൺകുട്ടികളായിരിക്കും. മറുഭാഗത്ത് ആണാണോ പെണ്ണാണോ എന്ന് പോലും അറിയില്ല. ചില യുവാക്കൾ സ്വയം മറച്ചു വെച്ചു കൊണ്ട് പെൺകുട്ടികളുമായി പെണ്ണായി അഭിനയിച്ചു കൊണ്ട് സംസാരിക്കുകയായിരിക്കും.

എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞ ഒരു വസ്തുത, പെണ്ണാണെന്ന് കരുതി സംസാരം ആരംഭിക്കുന്നു, ജമാഅത്തിനെ പരിചയപ്പെടുത്താനും തുടങ്ങുന്നു. തബ്ലീഗ് ചെയ്യുകയാണല്ലോ എന്നോർത്ത് പെൺകുട്ടി സന്തോഷിക്കുകയും ചെയ്യുന്നു. എന്നാൽ ആ പെണ്ണിന്റെ ഉദ്ദേശ്യമെന്താണെന്ന് ഇവർ അറിയുന്നില്ല. നിങ്ങളുടെ ഉദ്ദേശ്യം നല്ലതാണെങ്കിലും മറുഭാഗത്ത് ഇന്റർനെറ്റിൽ പെണ്ണായി അഭിനയിച്ചു കൊണ്ടിരിക്കുന്ന ആണിന്റെ ഉദ്ദേശ്യം എന്താണെന്ന് നിങ്ങൾക്കെന്തറിയാം? പിന്നീട് പതുക്കെപ്പതുക്കെ സംസാരം തുടർന്നു കൊണ്ടു പോകുകയും ഫോട്ടോകൾ വരെ പരസ്പരം കൈമാറാൻ തുടങ്ങുകയും ചെയ്യുന്നു. ഫോട്ടോ അയച്ചു കൊടുക്കുക എന്നത് തന്നെ ഏറ്റവും വലിയ പർദയില്ലായ്മയാണ്. മാത്രമല്ല ചിലയിടങ്ങളിൽ ബന്ധങ്ങളും രൂപപ്പെടുന്നു. അതിന്റെ പരിണത ഫലം ഞാൻ പറഞ്ഞതുപോലെ വളരെ ഭയാകരമായിരിക്കും. അതിൽ പല ബന്ധങ്ങളും അല്പകാലങ്ങൾക്കു ശേഷം തികച്ചും പരാജയപ്പെടുകയും ചെയ്യുന്നു.

ഓർത്തു കൊള്ളുക, നിങ്ങൾക്ക് തബ്ലീഗ് ചെയ്യണമെങ്കിൽ തന്നെ പെൺകുട്ടികൾ പെൺകുട്ടികൾക്ക് തബ്ലീഗ് ചെയ്യട്ടെ. ആൺകുട്ടികൾക്ക് തബ്ലീഗ് ചെയ്യേണ്ട ആവശ്യമില്ല. ആ ജോലി ആൺകുട്ടികൾക്കായി വിട്ടേക്കുക. കാരണം, ഞാൻ നേരത്തേ പറഞ്ഞതു പോലെ അതിന്റെ വളരെ ഭയാനകമായ പരിണതഫലങ്ങളാണ് മുന്നിൽ വരുന്നത്.

ഇന്ന് ഇന്റർനെറ്റുണ്ട്. മുൻപും അനഹ്മദി പുരുഷന്മാരെ വിവാഹം ചെയ്ത സ്ത്രീകൾ ഇപ്പോൾ നിരാശയും വിഷമവും പ്രകടിപ്പിക്കുകയാണ്. അനഹ്മദി പുരുഷന്മാരെ വിവാഹം കഴിച്ചത് തെറ്റായിപ്പോയി എന്ന് എഴുതുകയും ചെയ്യുന്നുണ്ട്.

ഒന്നാമതായി കുട്ടികൾ അനഹ്മദിയായ പിതാവിലേക്കായിരിക്കും കൂടുതൽ ചായുന്നത്. കാരണം, അതിൽ കൂടുതൽ സ്വാതന്ത്ര്യമുണ്ട്. ചിലയിടങ്ങളിൽ പെൺകുട്ടികൾ മാതാവിന്റെ തണലിൽ ജമാഅത്തുമായി അല്പം ബന്ധം സ്ഥാപിച്ചാൽ തന്നെയും നിന്റെ വിവാഹം അനഹ്മദികളിലാണ് നടക്കുക എന്നു പറഞ്ഞ് പിതാവ് അവളിൽ സമ്മർദ്ദം ചെലുത്തുന്നു. അങ്ങനെയുള്ള ചിലയിടങ്ങളിൽ പെൺകുട്ടികൾ പിതാക്കൾക്കെതിരിൽ ശബ്ദം ഉയർത്തുകയും, ഞങ്ങളെ സഹായിക്കണം ഞാൻ അനഹ്മദികളിൽ വിവാഹം ആഗ്രഹിക്കുന്നില്ല എന്ന് എനിക്കെഴുതുകയും ചെയ്യുന്നു. എന്നാൽ പലരും നിർബന്ധിതരായിത്തീരുന്നു.

അതിനാൽ മാതാക്കളും പിതാക്കളും തങ്ങളുടെ മക്കൾ ഇന്റർനെറ്റിലൂടെ സ്വതന്ത്രമായി ബന്ധങ്ങൾ ഉണ്ടാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. സ്നേഹത്താൽ സമാധാനത്തോടു കൂടി മനസ്സിലാക്കി കൊടുക്കുക. പക്വതയിലേക്കെത്തിയിരിക്കുന്ന പെൺകുട്ടികളും സ്വയം ബോധവതികളാകുക. അല്ലെങ്കിൽ അഹ്മദിമാതാക്കളുടെ വയറ്റിൽ നിന്നും പിറന്ന കുട്ടികളെ അന്യരുടെ മടിയിലേക്കായിരിക്കും നൽകുക. എന്തിനാണ് നിങ്ങൾ സ്വയവും നിങ്ങളുടെ തലമുറയോടും ഇങ്ങനെ അനീതി കാണിക്കുന്നത്......

അല്ലാഹു പറയുന്നു, കൂടുതലായി അല്ലാഹുവിനെ സ്മരിക്കുന്നവരായിത്തീരുവിൻ. ഇതിൽ ഒന്നാമതായി അഞ്ചുനേര നമസ്കാരത്തിലേക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്. സ്വയം അതിന്റെ എല്ലാ നിബന്ധനകളും പൂർത്തിയാക്കി, മനോഹരമായ നിലയിൽ, സാവധാനത്തിൽ ചിന്തിച്ചു കൊണ്ട്, നിങ്ങൾ ഉരുവിടുന്ന ഓരോ പദങ്ങളെയും മനസ്സിലാക്കിക്കൊണ്ട് അനുഷ്ഠിക്കുക. അല്ലാഹുവിന്റെ സവിധത്തിൽ സന്നിഹിതരാണ്, അവനോട് ചിലത് യാചിക്കുവാനാണ് വന്നിരിക്കുന്നത്, നമ്മെ സൃഷ്ടിച്ചത് അവൻ തന്നെയാണ്, അവൻ തന്നെയാണ് നമ്മുടെ പ്രയാസങ്ങളെ ദുരീകരിക്കുന്നവൻ, അവൻ തന്നെയാണ് നമ്മെ ഈ ലോകത്തേക്ക് അവനെ ആരാധിക്കുന്നതിനായി അയച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കുക. ഇക്കാര്യങ്ങൾ സ്വന്തം മക്കളുടെ മനസ്സിലേ ക്കും പകർന്ന് നൽകുക.

മറ്റൊരു കാര്യം എപ്പോഴും ഓർത്തുവെക്കേണ്ടത്, വിവിധ സമയങ്ങളിൽ നാം അനുഷ്ഠിച്ച നമസ്കാരങ്ങളുടെ പ്രഭാവം എപ്പോഴും നമ്മുടെ മനസ്സുകളിൽ നില നിൽക്കേണ്ടതാണ്. എന്തു ചെയ്യുമ്പോഴും അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുക. അല്ലാഹുവിന്റെ സ്മരണയാൽ നാവിനെ എപ്പോഴും സജീവമാക്കിക്കൊണ്ടിരിക്കുക. സ്വലാത്ത് ചൊല്ലിയാൽ അല്ലാഹുവിലേക്കെത്തുന്നതിനുള്ള മാർഗം ഇനി നബി (സ) തിരുമേനി മുഖേന മാത്രമാണ്. കുട്ടികളെ ആ നിലയിൽ വളർത്തുക.

ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) ഒരിക്കൽ സ്ത്രീകളെ ഉപദേശിച്ചു കൊണ്ട് പറഞ്ഞു, മാതാക്കൾ കുട്ടികളെ സ്കൂളിൽ വിടുന്നതിനായി ഒരുക്കിക്കൊണ്ടിരിക്കുന്ന സമയത്തും അവർക്കു വേണ്ടി ദുആ ചെയ്തു കൊണ്ടിരിക്കുക. തൽഫലമായി കുട്ടികൾക്കും ദുആ ചെയ്യുന്നതിനുള്ള ശീലമുണ്ടായിത്തീരുന്നതാണ്. അതോടൊപ്പം ദുആ മുഖേന ആ കുട്ടികളെ അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അവകാശികളാക്കുകയുമായിരിക്കും. ഈ കുട്ടികൾ നിങ്ങളിൽ നിന്ന് അകന്നു പോകുമ്പോഴെല്ലാം, സ്കൂളിൽ കളിച്ചു കൂട്ടുമ്പോഴെല്ലാം അല്ലെങ്കിൽ എവിടെയെങ്കിലും കളിക്കാൻ പോകുമ്പോഴൊക്കെ തന്നെ അല്ലാഹുവിന്റെ സംരക്ഷണത്തിലായിരിക്കും. നിങ്ങൾ അവർക്കു വേണ്ടി എപ്പോഴും ചെയ്തു കൊണ്ടിരിക്കുന്ന ദുആകളുടെ കോട്ടയിലായിരിക്കും അവർ.

(പ്രഭാഷണം: 19.10.2003, സാലാന ഇജ്തിമ ലജ്ന ഇമാഇല്ലാഹ് യു.കെ)

അസ്ഹാബീ കന്നുജൂമി
ബിഅയ്യിഹും ഇഖ്തദയ്തും ഇഹ്തദയ്തും
എന്റെ സഹാബാക്കൾ നക്ഷത്രങ്ങൾ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിന്തുടർന്നാലും സന്മാർഗ്ഗം പ്രാപിക്കുന്നതാണ്. *(ഹദീസ് മിശ്ക്കാത്ത്)*

# ഹദ്റത് മുഹമ്മദ് (റ) ഇബ്നു മസ്‌ലമ

**വംശം:** ദീർഘകായനും അരോഗദൃഢഗാത്രനും ഗോതമ്പു നിറമുള്ള വ്യക്തിയുമായിരുന്ന അദ്ദേഹം ഔസ് ഗോത്രക്കാരനായിരുന്നു. മുഹമ്മദ് എന്നു പേരുള്ള അദ്ദേഹം അറിയപ്പെട്ടിരുന്നത് അബൂഅബ്ദുർറഹ്മാൻ എന്ന സ്ഥാനപ്പേരിലായിരുന്നു.

## ഇസ്‌ലാം ആശ്ലേഷണം

ഇസ്‌ലാമിലെ ആദ്യത്തെ മുബല്ലിഗായ മുസ്അബ്(റ) ഇബ്നു ഉമൈറിന്റെ തബ്‌ലീഗ് ഫലമായി ആരംഭത്തിൽ തന്നെ ഇസ്‌ലാം സ്വീകരിക്കുന്നതിനുള്ള തൗഫീക് അദ്ദേഹത്തിനു ലഭിച്ചു. പിന്നീട് മദീനയിൽ നബി(സ) മുഹാജിറുകളുമായി സാഹോദര്യം സ്ഥാപിച്ചപ്പോൾ സ്വർഗീയ സുവാർത്ത ലഭിച്ച സഹാബിയായ അബൂഉബൈദ(റ) അൽജർ റാഹ് അദ്ദേഹത്തിന്റെ ഇസ്‌ലാമിക സഹോദരനായി. സ്വയം സഹാബിയായതോടൊപ്പം തന്നെ അദ്ദേഹത്തിന്റെ അഞ്ച് ആൺമക്കളും നബി(സ)യുടെ സഹാബാക്കളിൽ ഉൾപ്പെട്ടിരുന്നു.

## നബി (സ)യുടെ കുതിരപ്പടയാളി

അദ്ദേഹത്തിന്റെ അനുസരണവും അച്ചടക്കവും ധീരതയും കാരണത്താൽ നബി(സ) അദ്ദേഹത്തിൽ വളരെയധികം വിശ്വാസമർപ്പിച്ചിരുന്നു. അക്കാരണത്താൽ ധാരാളം ഉദ്യമങ്ങളിൽ അദ്ദേഹത്തെ ചുമതലപ്പെടുത്തിയിരുന്നു. അതെല്ലാം തന്നെ വിജയകരമായി പൂർത്തിയാക്കിയായിരുന്നു അദ്ദേഹം മടങ്ങിയിരുന്നത്. അക്കാരണത്താൽ തന്നെ അദ്ദേഹം **'ഫാരിസ് നബിയുല്ലാഹ്'** 'അല്ലാഹുവിന്റെ നബിയുടെ കുതിരപ്പടയാളി' എന്ന് പ്രസിദ്ധിയാർജിച്ചു.

## യുദ്ധമൈതാനത്തെ പോരാളി

അദ്ദേഹത്തിന് നബി(സ)യോടൊപ്പം തബൂഖ് യുദ്ധത്തിലൊഴികെ മറ്റെല്ലാ യുദ്ധത്തിലും പങ്കെടുക്കുന്നതിനുള്ള അവസരം ലഭിച്ചിരുന്നു. തബൂഖ് യുദ്ധവേളയിൽ അദ്ദേഹത്തെ നബി(സ) മദീനയിലെ അമീറായി നിയമിച്ചിരുന്നു. ഉഹദ് യുദ്ധവേളയിൽ നിർണായകമായ പ്രതിസന്ധിയിൽ യുദ്ധാങ്കണത്തിൽ നിശ്ചയദാർഢ്യത്തോടെ ഉറച്ചു നിന്ന അപൂർവം യോദ്ധാക്കളിൽ ഒരാളാണ് അദ്ദേഹം.

## മറ്റു സുപ്രധാന ഉദ്യമങ്ങൾ

മദീനയിലെ യഹൂദ ഗോത്രങ്ങൾ വഞ്ചനാത്മകപ്രവർത്തനങ്ങളിൽ ഏർപ്പെട്ടപ്പോൾ അവർക്കെതിരിൽ നിയോഗിക്കപ്പെട്ടത് അദ്ദേഹത്തെയാണ്. യഹൂദി നേതാവായ കഅബ് ഇബ്നുൽ അശ്റഫിന്റെ വിദ്രോഹപ്രവർത്തനങ്ങൾ അതിരു ലംഘിച്ച അവസരത്തിൽ സമുദായത്തിൽ കലഹമുടലെടുക്കാതെ നയപരമായി അയാളെ വധിക്കുവാനായി ചുമതലപ്പെടുത്തിയത് അദ്ദേഹത്തെയായിരുന്നു. മുഹമ്മദിബ്നു മസ്‌ലമ വളരെ നയത്തിൽ അയാളുടെ അടുത്തെത്തുകയും യാതൊരു പ്രതിക്രിയക്കും പഴുതില്ലാത്ത വിധത്തിൽ അയാളെ വധിച്ച് മടങ്ങുകയും ചെയ്തു. പിന്നീട് പരാതിയുമായെത്തിയ യഹൂദികളെ നബി(സ) അയാളുടെ ദുഷ്കൃത്യങ്ങളെ കുറിച്ച് ബോധവാന്മാരാക്കി മടക്കി അയച്ചു.

അഹ്സാബ് യുദ്ധത്തിൽ ബനൂ ഖുറൈസ ചതി പ്രയോഗം നടത്തിയപ്പോഴും നബി(സ) അവരിലേക്ക് നിയോഗിച്ചത് അദ്ദേഹത്തെയായിരുന്നു.

## ഹുദൈബിയായിൽ

നബി(സ) ഒരു ദർശനത്തിന്റെ അടിസ്ഥാനത്തിൽ 1400 സഹാബാക്കളുമായി മക്കയിലേക്ക് ഉംറയ്ക്ക് പുറപ്പെടുകയും ദുൽ ഹുലൈഫ എന്ന സ്ഥലത്തെത്തിയപ്പോൾ നബി(സ) നൂറ് പടയാളികളുടെ ഒരു സംഘം തയ്യാറാക്കി മുന്നിൽ അയക്കുകയുണ്ടായി. അതിന്റെ നേതാവായി അദ്ദേഹത്തെയാണ് നബി (സ) നിയോഗിച്ചത്.

കൂടാതെ മറ്റുപല അവസരങ്ങളിലും ചില ഗോത്രങ്ങളിലേക്ക് പടയൊരുക്കം നടത്തിയപ്പോൾ മുഹമ്മദിബ്നു മസ്‌ലമ(റ)നെയായിരുന്നു അതിന്റെ നേതൃത്വം ഏൽപ്പിച്ചിരുന്നത്. ദിൽ ഖിസ്സ ഉദ്യമത്തിൽ പത്തു പടയാളികളെയായിരുന്നു അയച്ചത്. അതിൽ അദ്ദേഹമൊഴികെ മറ്റെല്ലാവരും ശഹീദായി. അദ്ദേഹത്തി നും അതിൽ പരിക്കേൽക്കുകയും അദ്ദേഹത്തിന്റെ വസ്ത്രമെല്ലാം അഴിച്ചു മാറ്റി എവിടെയോ ഉപേക്ഷിക്കുകയും ചെയ്തിരുന്നു.

## നബി(സ) യുടെ പ്രവചനം


നബി(സ) ഒരിക്കൽ അദ്ദേഹത്തിന് തന്റെ വാൾ നൽകിക്കൊണ്ട് പറഞ്ഞു, വിഗ്രഹാരാധകരുമായി യുദ്ധം ചെയ്യുന്ന കാലമത്രയും ഈ വാളു കൊണ്ട് അവരോട് പോരാടുക. മുസ്‌ലിംകൾ പരസ്പരം പോരാടുന്ന കാലം വരുമ്പോൾ ഈ വാൾ തല്ലിപ്പൊട്ടിച്ച് ഒരു പാതകിയുടെ കയ്യാൽ ജീവനൊടുങ്ങുകയോ അല്ലെങ്കിൽ താങ്കളുടെ തീരുമാനം കല്പി ക്കപ്പെടുന്ന മരണം വന്നെത്തുകയോ ചെയ്യുന്നതു വരെ വീട്ടിൽ കഴിച്ചു കൂട്ടുക. ഈ പ്രവചനം വളരെ ശക്തിമത്തായ നിലയിൽ പൂർത്തിയാകുകയുണ്ടായി.

## പ്രവചന പൂർത്തീകരണം

ഹദ്റത് ഉസ്മാൻ(റ)ന്റെ ശഹാദത്തിനുശേഷം അദ്ദേഹം ഈ നിർദേശത്തെ അക്ഷരം പ്രതി പൂർത്തിയാക്കി. ഭിന്നിപ്പിന്റെ കാലഘട്ടത്തിൽ അദ്ദേഹം പ്രസ്തുത വാൾ തല്ലിപ്പൊട്ടിക്കുകയും അതിനു പകരം മരത്തിന്റെ ഒരു വാൾ ഉണ്ടാക്കി ഉറയിൽ വെക്കുകയും ചെയ്തു. ചോദിച്ചപ്പോൾ ഭയപ്പെടുത്താനായാണെന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. തുടർന്ന് അദ്ദേഹം വിജനമായ ഒരു സ്ഥലത്ത് കൂടാരം ഉണ്ടാക്കി അതിൽ ഏകാന്തവാസം ആരംഭിച്ചു.

## ഖുലഫാക്കളുടെ കാലത്തെ സേവനങ്ങൾ

ഹദ്റത് ഉമർ(റ) ന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന് വ്യതിരിക്തമായ സേവനങ്ങൾ ചെയ്യുന്നതിനുള്ള അവസരങ്ങൾ ലഭിച്ചിരുന്നു. ഹദ്റത് ഉമർ(റ) അദ്ദേഹത്തെ സദഖ വസൂൽ ചെയ്യുന്ന ചുമതല ഏൽപ്പിച്ചിരുന്നു. കൂടാതെ ജീവനക്കാരുടെ മേൽനോട്ടവും കണക്കെടുപ്പും അദ്ദേഹത്തിന്റെ ചുമലിലായിരുന്നു. ഹദ്റത് ഉമർ (റ) എല്ലാ സുപ്രധാന ഉദ്യമങ്ങളും അദ്ദേഹത്തെ തന്നെയായിരുന്നു ഏൽപ്പിച്ചിരുന്നത്. ഉമർ(റ)ന് അദ്ദേഹത്തിൽ അത്ര മാത്രം വിശ്വാസം ഉണ്ടായിരുന്നു. മാത്രമല്ല, ഏൽപ്പിക്കപ്പെടുന്ന എല്ലാ ഉത്തരവാദിത്വവും അങ്ങേയറ്റം അനുസരണയോടും ആത്മാർഥതയോടും കൂടി വിജയപ്രദമായി നിറവേറ്റിയിരുന്നു. അദ്ദേഹം.




## യാത്രയിലെ നമസ്കാരം, തർക്കം പരിഹരിക്കപ്പെടുന്നു

ഖാളി അമീർ ഹുസൈൻ സാഹിബ് പറയുന്നു, പ്രാരംഭ കാലഘട്ടത്തിൽ ഞാൻ മനസ്സിലാക്കിയിരുന്നത്, സാധാരണ യാത്രാവേളകളിൽ നമസ്കാരം ഖസ്ർ ആക്കുക അനുവദനീയമല്ല യുദ്ധാവസരങ്ങളിലും ഫിത്നയുടെ ഭയമുള്ള സമയങ്ങളിലും മാത്രമാണ് അനുവദനീയം എന്നായിരുന്നു. തൽവിഷയസംബന്ധമായി മൗലവി സാഹിബിനോട് (ഒന്നാം ഖലീഫ) ഞാൻ ഒരുപാട് ചർച്ചകൾ നടത്തിയിരുന്നു. ഖാളി സാഹിബ് പറയുന്നു, ഒരിക്കൽ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ കേസ് ഗുർദാസ്പൂരിൽ നടക്കുന്ന വേളയിൽ ഞാനും അവിടെ എത്തി. ഹദ്റത് സാഹിബിനോടൊപ്പം അവിടെ മൗലവി സാഹിബും (ഖലീഫ അവ്വൽ), മൗലവി അബ്ദുൽ കരീം സാഹിബും ഉണ്ടായിരുന്നു. ളുഹർ നമസ്കാര സമയത്ത് ഹുസൂർ എന്നോട് നമസ്കരിപ്പിക്കുവാൻ പറഞ്ഞു. ഇന്ന് എനിക്ക് അവസരം ലഭിച്ചിരിക്കുകയാണ്. അതിനാൽ നമസ്കാരം ഖസ്ർ ആക്കാതെ മുഴുവൻ നമസ്കരിപ്പിക്കുന്നതാണ്. അങ്ങനെ ഈ വിഷയത്തിൽ തീരുമാനം കല്പിക്കപ്പെടുന്നതാണ് എന്ന് ഞാൻ മനസ്സിൽ ദൃഢനിശ്ചയമെടുത്തു. ഖാളി സാഹിബ് പറയുന്നു, ഞാൻ നമസ്കാരം ഖസ്ർ ആക്കില്ല എന്ന ഉദ്ദേശ്യത്തോടു കൂടി കൈകൾ ഉയർത്തിയപ്പോൾ എന്റെ പുറകിൽ വലതു ഭാഗത്തായി നിന്നിരുന്ന ഹദ്റത് സാഹിബ് പെട്ടെന്ന് മുന്നോട്ട് വന്നു കൊണ്ട് എന്റെ കാതുകളിൽ പറഞ്ഞു, ഖാളി സാഹിബ്, രണ്ടു റക്അത്തല്ലേ നമസ്കരിക്കൂ? ഞാൻ പറഞ്ഞു, ഹുസൂർ രണ്ടു റക്അത്തേ നമസ്കരിപ്പിക്കൂ. അങ്ങനെ ആ സംഭവത്തോടു കൂടി ഞങ്ങളുടെ തർക്കം പരിഹരിക്കപ്പെട്ടു. ഞാൻ എന്റെ അഭിപ്രായം ഉപേക്ഷിക്കുകയും ചെയ്തു.

## സ്വഭാവ വൈശിഷ്ട്യം, പ്രവാചക ദൃഷ്ടാന്തം

ഡോക്ടർ മീർ മുഹമ്മദ്സ ഇസ്മാഈൽ സാഹിബ് പറയുന്നു, ഹദ്റത് മസീഹ് മൗഊദ് (അ) ലുധിയാനയിൽ വെച്ച് തന്റെ മസീഹ് വാദം പ്രസിദ്ധീകരിച്ച സമയത്ത് ഞാൻ വളരെ ചെറിയ കുട്ടിയായിരുന്നു. ഞാൻ മൂന്നാം ക്ലാസിലായിരുന്നു പഠിച്ചിരുന്നത് എന്നാണ് എനിക്ക് തോന്നുന്നത്. എനിക്ക് ഈ വാദത്തെ കുറിച്ച് യാതൊന്നും തന്നെ അറിയില്ലായിരുന്നു. ഒരു ദിവസം ഞാൻ മദ്രസയിൽ പോയപ്പോൾ ചില കുട്ടികൾ പറഞ്ഞു, ഖാദിയാനിലെ നിങ്ങളുടെ വീട്ടിലുള്ള മീർസാ സാഹിബ് ഈസാനബി (അ) വഫാത്തായിരിക്കുന്നുവെന്നും വരാനുള്ള മസീഹ് താൻ തന്നെയാണെന്നുമുള്ള വാദം ഉന്നയിച്ചിരിക്കുന്നു. ഡോക്ടർ സാഹിബ് പറയുന്നു, ഞാൻ ഇതിനെ ഖണ്ഡിക്കുകയും ഈസാനബി ജീവിച്ചിരിപ്പുണ്ടെന്നും അദ്ദേഹം ഇറങ്ങിവരുന്നതാണ് എന്നും പറഞ്ഞു. എന്തായാലും വീട്ടിൽ വന്നപ്പോൾ ഹദ്റത് സാഹിബ് അവിടെ ഇരിക്കുന്നുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തെ അഭിസംബോധന ചെയ്തു കൊണ്ട് ചോദിച്ചു, താങ്കൾ മസീഹ് ആണെന്ന് പറഞ്ഞതായി ഞാൻ കേട്ടു. എന്റെ ഈ ചോദ്യം കേട്ട് ഹദ്റത്ത് സാഹിബ് നിശബ്ദനായി എഴുന്നേറ്റ് മുറിയിൽ പ്രവേശിക്കുകയും അലമാരയിൽ നിന്ന് ഫത്ഹെ ഇസ്‌ലാം എന്ന ഗ്രന്ഥം എടുത്ത് എനിക്ക് നൽകിക്കൊണ്ട് പറഞ്ഞു, ഇത് വായിക്കുക.

ഒരു ചെറിയ കുട്ടിയുടെ സാധാരണ ചോദ്യത്തെ പോലും അവഗണിക്കാതെ ഗൗരവമായി എടുത്തു എന്നത് അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ള അടയാളമാണെന്ന് ഡോക്ടർ സാഹിബ് പറയുമായിരുന്നു.

(സീറത്തുൽ മഹ്ദി, വാള്യം 1)

**സമ്പാ: ടി. അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ**

---

### അന്വേഷണ ഉദ്യോഗസ്ഥൻ

വിവിധ സ്ഥലങ്ങളിൽ നിന്ന് അമീറുമാരെ സംബന്ധിച്ച് അവർ ധാരാളം സ്വത്ത് സ്വരുക്കൂട്ടുന്നു എന്ന അറിവ് ലഭിച്ചപ്പോൾ അതിന്റെ അന്വേഷണത്തിനായി നിയോഗിക്കപ്പെട്ടത് അദ്ദേഹമാണ്.

### കവാടം കത്തിക്കുന്നു

കൂഫയിലെ അമീറായിരുന്ന സഅ്ദ്(റ) ഇബ്നു അബീ വഖാസിനെ സംബന്ധിച്ച് അദ്ദേഹം കൊട്ടാരം നിർമിച്ചെന്നും അതിനു മുന്നിൽ ഒരു കവാടം സ്ഥാപിച്ചിരിക്കുന്നുവെന്നുമുള്ള പരാതി ലഭിച്ചപ്പോൾ ഹദ്റത് ഉമർ(റ) മുഹമ്മദ്(റ) ഇബ്നു മസ്‌ലമയെ പ്രത്യേക നിർദേശവുമായി അയച്ചു. അദ്ദേഹം കൂഫയിലെത്തുകയും ഉമറി(റ)ന്റെ നിർദേശമനുസരിച്ച് നിർഭയനായി കൊട്ടാര കവാടത്തെ അഗ്നിക്കിരയാക്കുകയുണ്ടായി. ഉമർ(റ)ന്റെ കല്പനപ്രകാരമാണ് ചെയ്തതെന്ന് കേട്ടപ്പോൾ സഅ്ദ്(റ) മൗനമായി അത് വീക്ഷിക്കുക മാത്രമാണ് ചെയ്തത്.

ഹദ്റത് ഉസ്മാൻ(റ) അദ്ദേഹത്തെ 50 പോരാളികളുടെ സംഘത്തലവനാക്കി മിസ്റിൽ നിന്നും വരുന്ന വിദ്രോഹികളോട് ചർച്ചയ്ക്കായി നിയോഗിച്ചു. അതിൽ ഒരു വ്യക്തി വിശുദ്ധ ഖുർആൻ കയ്യിലുയർത്തിപ്പിടിച്ച് ഇങ്ങനെ പറഞ്ഞു, ഈ ഖുർആൻ ഞങ്ങൾക്കു നൽകുന്ന കല്പന വാളുകൾ കൊണ്ട് ഇന്ന ഇന്ന വ്യക്തികളെ കൊല്ലുക എന്നാണ്. അപ്പോൾ ഹദ്റത് മുഹമ്മദ്(റ) ഇബ്നു മസ്‌ലമ പറഞ്ഞു, നിങ്ങളുടെ ജനനത്തിനും മുമ്പേ ഞങ്ങൾ ഈ ഖുർആനിക വചനങ്ങളെ പ്രാവർത്തികമാക്കി കഴിഞ്ഞതാണ്.

### ശഹാദത്ത്

അദ്ദേഹത്തിന്റെ ശഹാദത്ത് നബി(സ) യുടെ പ്രവചനമനുസരിച്ച് വീട്ടിലിരിക്കുന്ന അവസ്ഥയിലാണ് ഉണ്ടായത്. സിറിയക്കാരനായ ഒരാൾ വധിക്കുവാനായി അദ്ദേഹത്തിന്റെ വീട്ടിൽ അതിക്രമിച്ച് കടക്കുകയും വാളുകൊണ്ട് അദ്ദേഹത്തെ ശഹീദാക്കുകയും ചെയ്തു. ശത്രുക്കൾ അദ്ദേഹത്തിനെതിരിൽ അമീർ മുആവിയയ്ക്ക് വേണ്ടി എന്തു കൊണ്ട് യുദ്ധം ചെയ്യുന്നില്ല എന്ന ആരോപണം ഉന്നയിച്ചിരുന്നു. അദ്ദേഹത്തിന്റെ ശഹാദത്ത് ഹിജ്റി 46-ാം വർഷമാണ് സംഭവിച്ചത്. 77വയസ്സായിരുന്നു അപ്പോൾ അദ്ദേഹത്തിന്റെ പ്രായം.

**- ഇബ്നു അശ്റഫ്**

പുണ്യാത്മാക്കൾ

# ഹദ്റത് മിർസാ അയ്യൂബ് ബേഗ് സാഹിബ് (റ)

**ജനനം**

1875 ആഗസ്റ്റിൽ ഗുർദാസ്പൂർ ജില്ലയിലെ കലാനോറിൽ ജനിച്ചു.

**ബയ്അത്ത്**

1892ൽ ഹദ്റത് മസീഹ് മൗഊദ്(അ) ലാഹോറിൽ എത്തി മൗലവി അബ്ദുൽ ഹക്കീം സാഹിബ് കലാനോരിയുമായി സംവാദം നടത്തി. അന്നാളുകളിൽ ലാഹോറിൽ രൂക്ഷമായ എതിർപ്പായിരുന്നു ജമാഅത്തിന് നേരിടേണ്ടി വന്നിരുന്നത്. ബയ്അത്ത് ചെയ്യാൻ തയ്യാറാകുന്നവരെ ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. അക്കാരണത്താൽ പലരും ബയ്അത്ത് വെളിപ്പെടുത്തിയിരുന്നില്ല. അന്നാളിലാണ് മിർസാ അയ്യൂബ് ബേഗ് സാഹിബും അദ്ദേഹത്തിന്റെ സഹോദരനായ മിർസാ യഅ്ഖൂബ് ബേഗ് സാഹിബും ഗുപ്തമായ നിലയിൽ ബയ്അത്ത് ചെയ്തത്. ഫെബ്രുവരി 5-ാം തിയതി സ്കൂളിൽ നിന്ന് മടങ്ങുന്ന വഴി ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ താമസസ്ഥലത്ത് സുഹൃത്തിനോടൊപ്പം എത്തുകയും ബയ്അത്ത് ചെയ്യുകയുമാണുണ്ടായത്. അദ്ദേഹത്തെ കണ്ടപ്പോൾ ഹുസൂർ (അ) പറഞ്ഞു, താങ്കളുടെ മുഖത്ത് നിന്നും സൻമാർഗവും സൗഭാഗ്യവും വെളിപ്പെടുന്നു.

**ഖലിഫ അവ്വലിനോടൊപ്പം**

ഹദ്റത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) ജമ്മുവിൽ ജോലിയിലായിരുന്ന സമയത്ത് അധികവും ലാഹോറിൽ വരുമായിരുന്നു. അദ്ദേഹത്തിന്റെ ഖുർആനോടുള്ള അനുരക്തിയും, സത്യസന്ധമായ ആത്മാർത്ഥതയും, ആത്മീയവും ധാർമികവുമായ മാതൃകകളും കണ്ടുകൊണ്ട് മിർസാ അയ്യൂബ് ബേഗ് സാഹിബ് (റ) ന് അദ്ദേഹത്തോട് അസാധാരണമായ സ്നേഹം ഉടലെടുത്തു. അധികസമയവും ബേഗ് സാഹിബ് അദ്ദേഹത്തോടൊപ്പം കഴിച്ചു കൂട്ടുമായിരുന്നു. ഹക്കീം സാഹിബിനും അയ്യൂബ് ബേഗ് സാഹിബിനോട് വാൽസല്യം തോന്നുകയും അദ്ദേഹത്തെ തന്റെ മകനെന്ന് വിശേഷിപ്പിക്കുകയും ചെയ്തിരുന്നു.

**ഖാദിയാനിൽ**

അയ്യൂബ് ബേഗ് സാഹിബ് തന്റെ സഹോദരൻ യഅ്ഖൂബ് ബേഗ് സാഹിബിനോടൊപ്പം മാർച്ച് 1893ൽ ഖാദിയാനിൽ ആദ്യമായി എത്തി. അന്നേരം ഇവർ രണ്ടു പേരെയും ഹക്കീം നൂറുദ്ദീൻ സാഹിബിനെയും കൂടാതെ മറ്റാരും തന്നെ ഖാദിയാനിൽ അതിഥികളായി ഉണ്ടായിരുന്നില്ല. ഹുസൂർ(അ) അധികസമയവും അതിഥികളോടൊപ്പമാണ് കഴിച്ചുകൂട്ടിയിരുന്നത്. അതിഥികൾക്കായി ഹുസൂർ(അ) ഭക്ഷണവും സ്വയം തന്നെ യാണ് കൊണ്ടു വന്നിരുന്നതും. ഇത്തരത്തിലുള്ളപരിശുദ്ധഅന്തരീക്ഷവും സ്നേഹവും ആ രണ്ടു സഹോദരന്മാരുടെ ഹൃദയത്തിലെ വിശ്വസത്തിന് പ്രബലത നൽകി.

**ബയ്അത്ത് വെളിപ്പെടുത്തുന്നു**

മടങ്ങിച്ചെന്ന ഉടൻ തന്നെ അവർ തങ്ങളുടെ ബയ്അത്തിനെ വിളംബരപ്പെടുത്തി. അവരുടെ പിതാവ് അവരുടെ ജീവിതത്തിൽ ഉടലെടുത്ത പരിശുദ്ധ മാറ്റത്തിൽ പ്രഭാവിതനാകുകയും അത് അദ്ദേഹത്തെ ബയ്അത്തിന് പ്രേരിപ്പിക്കുകയും ചെയ്തു.

**ഖാദിയാനോട് സ്നേഹം**

അതിനു ശേഷം മിർസാ അയ്യൂബ് ബേഗ് സാഹിബ് (റ) എല്ലാ മാസവും രണ്ടും മൂന്നും തവണ ഖാദിയാനിൽ വരാൻ തുടങ്ങി. വേനക്കാല അവധി ഖാദിയാനിൽ കഴിച്ചു കൂട്ടുമായിരുന്നു. ചിലപ്പോൾ ശനിയാഴ്ച രാത്രി പത്തു പതിനൊന്ന് മണിക്ക് ബട്ടാലയിൽ നിന്ന് നടന്ന് ഖാദിയാനിൽ എത്തുകയും ഞായറാഴ്ച വൈകിട്ട് നടന്ന് ബട്ടാലയിലെത്തുകയും ചെയ്തിരുന്നു. പലപ്പോഴും കൊടുങ്കാറ്റിലും പേമാരിയിലും പെട്ട് അരയോളം വെള്ളത്തിൽ നീന്തിക്കടന്നായിരിക്കും എത്തിച്ചേരുക.

**ഗ്രഹണ നമസ്കാരത്തിൽ പങ്കാളിയാകുന്നു**

1894 ൽ റമദാൻ മാസത്തിൽ ചന്ദ്രഗ്രഹണം വെളിപ്പെട്ടപ്പോൾ അതേ മാസം സൂര്യഗ്രഹണത്തിന്റെ സമയം സമാഗതമായപ്പോൾ അദ്ദേഹം തന്റെ സഹോദരനോടും മറ്റൊരു സുഹൃത്തിനോടും കൂടി ഖാദിയാനിലേക്ക് പുറപ്പെട്ടു. രാത്രി 11 മണിക്ക് ബട്ടാലയിൽ എത്തി ചേർന്നു. അപ്പോൾ മുന്നിൽ നിന്ന് ശക്തമായ കൊടുങ്കാറ്റു വീശുകയും മിന്നൽ ഉണ്ടാകാൻ തുടങ്ങുകയും ചെയ്തു. യാത്ര ക്ലേശകരമായിത്തീർന്നു. അവർ മൂന്നു പേരും ദുആയിൽ മുഴുകി. അല്പ നേരത്തിനുള്ളിൽ അവരുടെ യാത്രക്ക് അനുകൂലമായി കാറ്റിന്റെ ഗതി മാറുകയുണ്ടായി. യാത്ര തുടർന്ന അവർ അതിരാവിലെ ഖാദിയാനിൽ എത്തിച്ചേരുകയും പ്രഭാതത്തിൽ നടന്ന ഗ്രഹണ നമസ്കാരത്തിൽ പങ്കാളികളാകുകയും ചെയ്തു.

**313 സഹാബികളിൽ**

ഹദ്റത് മസീഹ് മൗഊദ്(അ) ഹദ്റത് മിർസാ അയ്യൂബ് ബേഗ് സാഹിബിന്റെ പേര് തന്റെ ഗ്രന്ഥമായ അഞ്ചാമെ ആഥമിൽ 313 സഹാബാക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കാവലാൾ**

ലേഖ്റാമിന്റെ വധത്തിനു ശേഷം ദാറുൽ മസീഹിൽ ശക്തമായ കാവലേർപ്പെടുത്തി. അന്നേരം അദ്ദേഹത്തിനും കാവലാളായി സേവനം ചെയ്യുന്നതിനുള്ള സൗഭാഗ്യം ലഭിക്കുകയുണ്ടായി.

**വിദ്യാർഥിയായ പ്രധാനാധ്യാപകൻ**

1898 ജനുവരി 3 ന് തഅ്ലീമുൽ ഇസ്ലാം ഹൈസ്കൂളിന്റെ പ്രൈമറി വിഭാഗം ആരംഭിച്ചു. അതേ വർഷം തന്നെ മിഡിൽ ക്ലാസുകൾ ആരംഭിച്ചപ്പോൾ ബി.എ വിദ്യാർത്ഥിയും അന്നേരം ഖാദിയാനിൽ അവധി ചെലവഴിക്കാൻ എത്തുകയും ചെയ്തിരുന്ന മിർസാ അയ്യൂബ് ബേഗ് സാഹിബിനെ ഹദ്റത് അഖ്ദസ്(അ) താൽകാലിക ഹെഡ്മാസ്റ്ററായി നിയമിച്ചു.

**മസീഹ് മൗഊദ് (അ) നോടുള്ള സ്നേഹം**

ഖാദിയാനിൽ അദ്ദേഹം എത്തുമ്പോൾ മസീഹ് മൗഊദ്(അ)ന്റെ സവിധത്തിൽ എത്തുകയും ഹുസൂറിന്റെ കാലുകളും ശരീരവും തിരുമ്മി കൊടുക്കുകയും ചെയ്യുമായിരുന്നു. വീണ്ടും വീണ്ടും ഹുസൂറിന്റെ പുറത്ത് ചുംബിക്കുകയും ഹുസൂറിന്റെ പഴയ വസ്ത്രങ്ങളും മുടിയും തന്റെ പക്കൽ സൂക്ഷിക്കുകയും ചെയ്തിരുന്നു. ഹുസൂറിനായി പുതിയ റോമൻ തൊപ്പി കൊണ്ടു വരുമായിരുന്നു. സദസ്സുകളിൽ ഹുസൂറിനോട് തൊട്ടരികിൽ ഇരിക്കുമായിരുന്നു.

**സ്വഭാവഗുണങ്ങൾ**

മിർസാ അയ്യൂബ് ബേഗ് സാഹിബ്(റ)ന് വിശുദ്ധഖുർആനോടും നബിതിരുമേനി(സ) യോടും വളരെയധികം അനുരക്തിയുണ്ടായിരുന്നു. എല്ലാ കാര്യത്തിലും സുന്നത്തനുസ

# ഇമാമുസമാന്റെ ഫത്‌വകൾ



## അനഹ്മദിയുടെ മയ്യിത്ത്

ചോദ്യം: ഈ ജമാഅത്തിൽ ഉൾപെടാത്ത ഒരാളുടെ മയ്യിത്ത് നമസ്കരിക്കാമോ ഇല്ലയോ? ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, ഈ ജമാഅത്തിന്റെ എതിരാളിയായും നമ്മളെ ചീത്തപറയുകയും ചെയ്യുന്ന ആളായിരുന്നെങ്കിൽ, അയാളുടെ ജനാസ നമസ്കരിക്കാൻ പാടുള്ളതല്ല. എന്നാൽ, അയാൾ നിശ്ശബ്ദനായിരുന്നുവെങ്കിൽ മധ്യനില അനുവർത്തിച്ചിരുന്ന ആളായിരുന്നുവെങ്കിൽ പിന്നെ നമസ്കരിക്കാവുന്നതാണ്. പക്ഷേ, ജനാസ നമസ്കാരത്തിനുള്ള ഇമാംനിങ്ങളിൽ നിന്നായിരിക്കേണ്ടതാണ്. അല്ലെങ്കിൽ ഒരാവശ്യവുമില്ല. മരണപ്പെട്ട വ്യക്തി പരസ്യമായ എതിരാളിയോ, നിഷേധിയോ അല്ലായെങ്കിൽ അയാളുടെ ജനാസ നമസ്കരിക്കുന്നതിൽ തെറ്റില്ല. കാരണം, ഗോപ്യാവസ്ഥയെക്കുറിച്ച് അറിയുന്നവൻ അല്ലാഹു മാത്രമാണ്.

(അൽഹക്കം-30/ഏപ്രിൽ/ 1902-കോളം-2,)

## മയ്യിത്തിനു വേണ്ടിയുള്ള മൂന്നാം ഫാത്തിഹ

ചോദ്യം: മയ്യിത്തിനു വേണ്ടി മൂന്നാം ദിവസം ചെയ്യപ്പെടുന്ന മൂന്നാം ഫാത്തിഹയിലൂടെ മയ്യിത്തിന് എന്തെങ്കിലും പ്രയോജനം കിട്ടുമോ? മറുപടി: മൂന്നാം ഫാത്തിഹയെക്കുറിച്ച് ശരിഅത്തിൽ യാതൊരു തെളിവുമില്ല. ദുആയും, ഇസ്തിഗ്ഫാറും മയ്യിത്തിനു കിട്ടുന്നതാണ്. എന്നാൽ മുല്ലാക്കൾക്ക് ഇതിന്റെ പ്രയോജനമുണ്ട്. അവരെ മയ്യിത്തായി സങ്കൽപിച്ചാൽ നാം അത് അംഗീകരിക്കുന്നതാണ്. ഇവർ ഇക്കാര്യങ്ങളിൽ എങ്ങനെ പ്രതീക്ഷ വെച്ചിരിക്കുന്നു എന്നത് ആശ്ചര്യകരം തന്നെ. ഇസ്ലാമിക പാഠങ്ങൾ നമുക്ക് നബി (സ) യിൽ നിന്നാണ് ലഭിച്ചിട്ടുള്ളത്. അതിൽ ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് യാതൊരു തെളിവുമില്ല. സഹാബിവര്യന്മാരും വഫാത്തായിട്ടുണ്ട്. അവരുടെ ആരുടെയെങ്കിലും മൂന്നാം ഫാത്തിഹ നടത്തിയിട്ടുണ്ടോ? നൂറ്റാണ്ടുകൾക്കു ശേഷം മറ്റു ബിദ്അത്തുകളെപ്പോലെത്തന്നെ ഉണ്ടായിതീർന്ന ഒരു ബിദ്അത്താണ്.

## ഖബറിലെ ചോദ്യോത്തരം

ഒരാൾ ചോദിച്ചു: ഖബറിലെ ചോദ്യോത്തരം ആത്മാവിനോടാണോ? അതോ, ശരീരത്തിൽ ആത്മാവിനെ സന്നിവേശിപ്പിച്ചുക്കൊണ്ടാണോ?.

മറുപടി: ഖബറിൽ ചോദ്യോത്തരം ഉണ്ടെന്നുള്ളതിൽ നാം വിശ്വസിക്കേണ്ടതാണ്. എന്നാൽ അതിന്റെ അവസ്ഥയും, രീതിയും അല്ലാഹുവിനു വിടുക. ഇതു മനുഷ്യന് അല്ലാഹുമായിട്ടു ബന്ധമാണ്. അവൻ അത് എങ്ങനെ വേണമെങ്കിലും ചെയ്യാവുന്നതാണ്. പിന്നെ ഖബർ എന്ന വാക്ക് വളരെ വിശാലമാണ്. മനുഷ്യന്റെ മരണത്തിനു ശേഷം അത് വെള്ളത്തിൽ മുങ്ങി മരിക്കുകയാണെങ്കിലും ശരി, വെന്തു മരിച്ചാലും ശരി, അല്ലെങ്കിൽ ഭൂമിയിൽ തന്നെ കിടന്നാലും ശരി അല്ലാഹു എവിടെയാണ് അതിനെ വെക്കുന്നത് അവിടം അതിന്റ ഖബർ ആകുന്നു. ലോകത്തു നിന്ന് മറഞ്ഞതിനു ശേഷം മനുഷ്യൻ ഖബറിൽ തന്നെയാണ്. അതിനോട് ചോദ്യോത്തരം ഉണ്ടാകുന്നതാണ്. അതിന്റെ വിശദീകരണം അല്ലാഹുവിനേ അറിയുകയുള്ളൂ. മനുഷ്യൻ ആ അവസ്ഥയെക്കുറിച്ച് അന്വേഷിച്ചു കൊണ്ടിരിക്കുന്നതിനു പകരം ആ ദിവസത്തിനു വേണ്ടി യുള്ള തയ്യാറെടുപ്പുകൾ നടത്തുകയാണ് വേണ്ടത്. (ബദർ-14/2/1907)

വിവ:മുഹമ്മദ് നജീബ് ഖാൻ വാഴക്കാല

---

രിച്ച് പ്രവർത്തിക്കുന്നതിൽ അഭിമാനം കൊണ്ടിരുന്നു. കൃത്യമായി തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. വളരെ താഴ്മയോടും ഭക്തിയോടും കൂടി നമസ്കരിക്കുമായിരുന്നു.

### ഭാര്യയും മകളും

അദ്ദേഹത്തിന്റെ ഭാര്യ ഫാത്വിമ ബീബി സാഹിബ യുവത്വത്തിൽ തന്നെ വഫാത്താകുകയുണ്ടായി. മസീഹ് മൗഊദ്(അ) അവരോട് മകളെപ്പോലെയായിരുന്നു പെരുമാറിയിരുന്നത്. അവർക്ക് ഒരു മകളായിരുന്നു ഉണ്ടായിരുന്നത്. അവൾ 5 വയസ്സുള്ളപ്പോൾ മരണപ്പെട്ടു.

### മസീഹ് മൗഊദ് (അ) ന്റെ കത്ത്

ഹദ്റത് മിർസാ അയ്യൂബ് ബേഗ് സാഹിബ് (റ) ന്റെ അവസാന രോഗ സമയത്ത് ഹദ്റത് മസീഹ് മൗഊദ്(അ) വളരെ വേദനാ നിർഭരമായ ഒരു കത്ത് അദ്ദേഹത്തിന്റെ സഹോദരനായ മിർസാ യഅ്ഖൂബ് ബേഗ് സാഹിബ്(റ)ന് എഴുതുകയുണ്ടായി. അതിലെ ഓരോ വാക്കും തന്റെ ദാസന്റെ സ്നേഹത്തിൽ ചാലിച്ചതായിരുന്നു.

### വഫാത്ത്

1900 ഏപ്രിൽ 28 -ാം തിയതി ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ആ സത്യപ്രേമി 25-ാം വയസ്സിൽ തന്റെ യഥാർത്ഥ നാഥനിലേക്ക് മടങ്ങി.

### കാലത്തിന്റെ ഇമാമിന്റെ സാക്ഷ്യപത്രം

ഹദ്റത് മസീഹ് മൗഊദ് (അ) അനുശോചന സന്ദേശത്തിൽ എഴുതി; ആപാദചൂഢം സൽ പ്രകൃതക്കാരനും സ്നേഹവും ആത്മാർത്ഥതയും തുളുമ്പുന്ന എന്റെ പ്രിയപ്പെട്ട മിർസാ അയ്യൂബ് ബേഗിനെ പോലെയുള്ള ചെറുപ്പക്കാരന്റെ വിടവാങ്ങൽ നമുക്ക് വിഷമവും ദുഃഖവും നൽകി..... അല്ലാഹുവിന്റെ ഔലിയാക്കന്മാരുടെ വിശേഷ ഗുണങ്ങൾ ഉൾക്കൊള്ളുന്ന, പ്രതീക്ഷയുടെ കാലഘട്ടത്തിലേക്ക് എത്തിച്ചേർന്ന വളർച്ചയെത്തിയ ചെടിയായ സദ്‌വൃത്തനും, സൽപ്രകൃതക്കാരനുമായ ഒരു യുവാവ് പെട്ടെന്ന് മുറിച്ചു മാറ്റപ്പെട്ടതും ലോകത്തു നിന്ന് അപ്രത്യക്ഷമായതും ഭാരിച്ച ദുഃഖം തന്നെയാകുന്നു......ഈ കവാടത്തിന്റെ മാർഗത്തിലൂടെ പ്രവേശിച്ചവൻ ഭാഗ്യവാൻ എന്ന വെളിപാട് സൂചിപ്പിക്കുന്നത് പ്രിയപ്പെട്ട അയ്യൂബ് ബേഗിന്റെ മരണം വളരെ നല്ല നിലയിലാണ് ഉണ്ടായത് എന്നാകുന്നു.

### ഖബറടക്കം

ഫാസിൽഖയിലാണ് അദ്ദേഹത്തെ മറവടക്കിയത്. 11 വർഷങ്ങൾക്കു ശേഷം ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ കാലത്ത് അദ്ദേഹത്തിന്റെ ഭൗതിക ശരീരം പെട്ടിയിലാക്കി ഖാദിയാനിൽ എത്തിക്കുകയും ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ജമാഅത്തായി ജനാസ നമസ്കരിക്കുകയും ബഹിശ്തി മഖ്ബറയിൽ അടക്കുകയും ചെയ്തു.

(അൽഫള്ൽ ഇന്റർനാഷണൽ)



# ജമാഅത്തായുള്ള നമസ്കാരം

ലോകത്തിലെ മതങ്ങളെല്ലാം തന്നെ നമസ്കാരത്തെ സംബന്ധിച്ച് ഏക അഭിപ്രായക്കാരാണ്. നമസ്കാരത്തെയോ ആരാധനയെയോ ക്കുറിച്ച് അധ്യാപനം നൽകാത്ത ഒരു നബിയും ലോകത്തു വന്നിട്ടില്ലെന്ന് വിശുദ്ധഖുർആൻ സിദ്ധാന്തിക്കുന്നു. ഇബ്രാഹീം നബി(അ) തന്റെ മകനായ ഇസ്മായീലിനെ വരണ്ടുണങ്ങിയ മക്കയിൽ താമസിപ്പിച്ചതിന്റെ ഉദ്ദേശ്യമായിപ്പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്:

ഞങ്ങളുടെ നാഥാ! എന്റെ സന്തതികളിൽ നിന്ന് ചിലരെ അകൃഷ്ടമായ ഒരു താഴ്വരയിൽ ഞാനിതാ താമസിപ്പിച്ചിരിക്കുന്നു. നിന്റെ ആദരണീയമായ ഭവനത്തിന്റെയടുത്ത്, ഞങ്ങളുടെ നാഥാ! നമസ്കാരം നിലനിർത്തുവാൻ വേണ്ടിയാണിത്.

ഹ:ഇബ്രാഹീം(അ) തനിക്കും തന്റെ മക്കൾക്കും വേണ്ടി വീണ്ടും ദുആ ചെയ്യുന്നതിങ്ങനെയാണ്: എന്റെ നാഥാ! നീ എന്നെ നമസ്ക്കാരം നല്ല പോലെ നിർവ്വഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽ നിന്നുള്ളവരേയും.

പിന്നീട് ഹ:ഇസ്മായീലി(അ)നെ സംബന്ധിച്ച് പറയുന്നു: അദ്ദേഹം തന്റെ വീട്ടുകാരോട് നമസ്കാരത്തെ സംബന്ധിച്ച് താക്കീതു ചെയ്യാറുണ്ടായിരുന്നു.

ഹ:ലൂത്ത്(അ), ഹ:ഇസ്ഹാഖ്(അ), ഹ:യഅഖൂബ്(അ) തുടങ്ങിയ പ്രവാചകരെയും അവരുടെ സന്തതികളെയും പറ്റി വിശുദ്ധ ഖുർആൻ പറയുന്നു: സത്കർമ്മങ്ങൾ ചെയ്യുകയും നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയു ചെയ്യണമെന്ന് നാം അവർക്ക് ദിവ്യ സന്ദേശം നല്കുകയും ചെയ്തു *(അൽ അമ്പിയാ :74)*

ഹ:ലുഖ്മാൻ തന്റെ മകനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: എന്റെ മകനേ! നമസ്ക്കാരം നിലനിർത്തുക *(ലുഖ്മാൻ:18)*

ഹ: മൂസാ നബിയോട് അല്ലാഹു പറഞ്ഞു:എന്നെ സ്മരിക്കുന്നതിനു വേണ്ടി നമസ്ക്കാരം നിലനിർത്തുക *(ത്വാഹ:15)*

ഹ:മൂസായോടും ഹ:ഹാറൂനിനോടും ഇസ്രായീൽ സന്തതികളോടുമായി അല്ലാഹു പറയുന്നു: നിങ്ങൾ നമസ്ക്കാരം നിലനിർത്തുക *(യൂനുസ്:88)*

ബനീ ഇസ്രായീലുമായി ചെയ്ത ഉടമ്പടിയെപ്പറ്റി അല്ലാഹു വിശുദ്ധ ഖുർആനിൽ ഇപ്രകാരം പറയുന്നു:നിശ്ചയമായും ഞാൻ നിങ്ങളോടൊപ്പം ഉണ്ട്,നിങ്ങൾ മുറപ്രകാരം നമസ്ക്കരിക്കുന്നതായാൽ *(അൽമിദ:13)*

ഹ:സക്കരിയ(അ)യെ സംബന്ധിച്ച് പറയുന്നു: അങ്ങനെ അദ്ദേഹം പ്രാർത്ഥനാ മുറിയിൽ നിന്നുകൊണ്ട് നമസ്ക്കരിക്കുമ്പോൾ *(ആലു ഇംറാൻ:40)*

ഹ:ഈസാ(അ) പറഞ്ഞതായി ഖുർആൻ വിവരിക്കുന്നു: ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്ക്കരിക്കുവാൻ അവൻ എനിക്ക് താക്കീത് നൽകിയിരിക്കുന്നു.

തിരുനബി(സ)യെ സംബന്ധിച്ച് പറയുന്നു: നിന്റെ കുടുംബത്തോട് നമസ്ക്കരിക്കുവാൻ നീ കല്പിച്ചുകൊണ്ടിരിക്കുക. നീയും അതിന്മേൽ സ്ഥിരചിത്തനായി നിലകൊള്ളുക. *(ത്വാഹ:133)*

മുസ്ലീംകളോടും മുഅ്മിനീങ്ങളോടുമായി അല്ലാഹു കല്പിക്കുന്നു: വിശ്വാസികളായ എന്റെ ദാസരോട് നമസ്ക്കാരം നിലനിർത്താൻ നീ പറയുക. *(ഇബ്രാഹീം:32)*

ഹ:ഉമർ(റ) വളരെ ഭക്തിയോടും ഉള്ളുരുക്കത്തോടും കൂടി നമസ്ക്കാരം അനുഷ്ഠിക്കാറുണ്ടായിരുന്നു. നേരം വെളുക്കാനായാൽ വീട്ടുകാരെ വിളിച്ചുണർത്തുകയും നിന്റെ കുടുംബത്തിനും നമസ്ക്കരിക്കാനുള്ള കൽപന നല്കുക എന്ന വചനം കേൾപ്പിക്കുമായിരുന്നു *(മുഅ്ത്ത ഇമാം മാലിക്ക്)*

ഹ:ഉമറി(റ)നു മുറിവേറ്റ ദിവസം പിറ്റേന്ന് രാവിലെ സുബ്ഹി നമസ്ക്കാരത്തിന് അദ്ദേഹം ജനങ്ങളെ വിളിച്ചുണർത്തിക്കൊണ്ടു പറഞ്ഞു: നമസ്ക്കാരം ഉപേക്ഷിക്കുന്നവന് ഇസ്ലാമിൽ യതൊരു സ്ഥാനവുമില്ല. അങ്ങനെ അദ്ദേഹം നമസ്ക്കരിച്ചു. അപ്പോഴും അദ്ദേഹത്തിന്റെ മുറിവിൽ നിന്ന് രക്തമൊലിക്കുന്നുണ്ടായിരുന്നു. (ബുഖാരി)

നബി(സ)യുടെ കാലഘട്ടത്തിൽ സ്ത്രീകളും വളരെ ആവേശത്തോടെ പള്ളിയിൽ നമസ്ക്കരിക്കാൻ പോകുമായിരുന്നു. കാരണം സ്ത്രീകളെ രാത്രി സമയത്ത് പള്ളിയിൽ പോകുന്നതിൽ നിന്ന് തടയരുതെന്നുള്ളത് നബി(സ) യുടെ നിർദേശമായിരുന്നു.(ബുഖാരി)

ഹ:ആയിശ(റ) നിവേദനം ചെയ്യുന്നു. നബി(സ) യോടൊപ്പം സുബഹി നമസ്ക്കരിക്കാൻ ചില മുസ്ലീം സ്ത്രീകളും പുതപ്പു പുതച്ചുകൊണ്ട് വരാരുണ്ടായിരുന്നു. (ബുഖാരി)

ഹ: മസീഹ് മൗഊദ്(അ) തന്റെ ആഗമനോദ്ദേശമായിപ്പറയുന്നതിങ്ങനെ: നിങ്ങൾ സൂക്ഷ്മത പാലിക്കുകയും ഹൃദയ വിശാലതയും മൃദുലതയും ഭക്തിയും കൈവരിക്കുക. നിങ്ങൾ അഞ്ചുനേര നമസ്ക്കാരവും ധാർമ്മിക നിലവാരവും മുഖേനയാണ് തിരിച്ചറിയപ്പെടുക. (മജ്മൂഅ)

ഞാൻ അയക്കപ്പെട്ടിരിക്കുന്നത് ദൈവവും അവന്റെ സൃഷ്ടിയും തമ്മിലുള്ള വിടവ് നികത്തിക്കൊണ്ട സ്നേഹത്തിന്റെയും ആത്മാർത്ഥതയുടെയും ബന്ധം സ്ഥാപിക്കുന്നതിനു വേണ്ടിയാണ്. (ലക്ചർ ലാഹോർ)

നബി(സ) ക്ക് വല്ല ബുദ്ധിമുട്ടും നേരിട്ടാൽ ഉടനെ നമസ്ക്കരിക്കാൻ പോകുമായിരുന്നു. നമസ്ക്കാരത്തെക്കാൾ അല്ലാഹുവിലേക്കടുപ്പിക്കുന്ന മറ്റൊന്നില്ല എന്നാണ് എന്റെയും എനിക്കു മുൻപു കഴിഞ്ഞുപോയ മഹാത്മാക്കളുടെയും അനുഭവം. (മൽഫൂസാത്ത് വാള്യം.9)

ഒരിക്കൽ ഹ: ഖലീഫത്തുൽ മസീഹ് അവ്വലിന് മദീനത്തുന്നബവിയിൽ വെച്ച് ളുഹർ നമസ്ക്കാരം ജമാഅത്തോടുകൂടി അനുഷ്ഠിക്കാൻ കഴിയാതെ വന്നു. അതിൽ അദ്ദേഹം എത്ര മാത്രം വ്യസനിച്ചുവെന്നാൽ ഒരിക്കലും പൊറുക്കപ്പെടാത്ത പാപമാണിതെന്ന് അദ്ദേഹം വിചാരിച്ചു. ഭയം നിമിത്തം അദ്ദേഹം വിളർത്തുപോയി. പള്ളിയിൽ പ്രവേശിക്കാൻ പോലും അദ്ദേഹം ഭയപ്പെട്ടു. അദ്ദേഹം ദുആ ചെയ്തു: എന്റെ ദൈവമേ! എന്റെ പാപം പൊറുത്തു തരേണമേ! (ഹയാത്തെ നൂർ)

വിശുദ്ധ ഖുർആനിൽ 67 തവണ സ്വലാത്ത് എന്ന പദം പ്രയുക്തമായിട്ടുണ്ട്. ഇതു കൂടാതെ 33 തവണ നമസ്ക്കാരം എന്നർത്ഥത്തിൽ മറ്റു പദങ്ങളും പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ പ്രാധാന്യത്തിൽ ഊന്നൽ നൽകാൻ വേണ്ടിയാണ് ഇത്രയും തവണ ആവർത്തിച്ചിട്ടുള്ളത്. ഹ: ഖലീഫത്തുൽ മസീഹ് സാനി(റ) തഫ്സീർ കബീറിൽ യുഖീമൂന സ്വലാത്ത എന്ന ഖുർആനിക വചനത്തിന് വിശദീകരണം നല്കിക്കൊണ്ട് പറയുന്നു: ഇതിന്റെ അർത്ഥം

1) നമസ്ക്കാരം വീഴ്ച കൂടാതെ നമസ്ക്കരിക്കുക എന്നാണ്. ഇടയ്ക്ക് വിട്ടുപോകുന്ന നമസ്ക്കാരം നമസ്ക്കാരമല്ല.

2) മുത്തഖിയായ വ്യക്തി നമസ്ക്കാരം അതിന്റെ നിബന്ധനയോടെ നിർവ്വഹിക്കുന്നു. വുളു, നമസ്ക്കാരത്തിന്റെ സമയം, അതിന്റെ ആരാധനാക്രമങ്ങൾ തുടങ്ങിയവ നല്ല രീതിയിൽ നിർവ്വഹിക്കുന്നു.

3) നമസ്ക്കാരം വീണുപോകാൻ അവൻ അനുവദിക്കുകയില്ല.

4) മുത്തഖി മറ്റുള്ളവരെ നമസ്ക്കരിക്കാൻ പ്രേരിപ്പിക്കുന്നു.

5) ഇഖാമത്തുസ്വലാത്ത എന്നതിനർത്ഥം അവർ ജമാഅത്തായി നമ

സ്ക്കരിക്കുകയും മറ്റുള്ളവരെ നമസ്ക്കരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നുവെന്നാണ്.

ശേഷം ഹ:മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ജമാഅത്തായുള്ള നമസ്ക്കാരത്തിന്റെ പ്രാധാന്യം മുസ്ലിംകൾ മറന്നിരിക്കുന്നു. മുസ്ലീംകളിലെ ഭിന്നതയ്ക്കും അഭിപ്രായ വ്യത്യാസങ്ങൾക്കും പ്രധാന കാരണം ഇതാണ്. അല്ലാഹു ഈ ആരാധനയിൽ വ്യക്തിപരവും സാമുദായികപരവുമായ ഒരുപാട് അനുഗ്രഹങ്ങൾ ഇതിൽ വെച്ചിട്ടുണ്ടാറ്റയിരുന്നു. എന്നാൽ മുസ്ലീംകൾ അവയെല്ലാം വിസ്മരിച്ചു കളഞ്ഞിരിക്കുന്നുവെന്നതാണ് ദു:ഖകരം. വിശുദ്ധ ഖുർആൻ നമസ്ക്കാരത്തിനുള്ള കൽപന നൽകിയിടത്തെല്ലാം ജമാഅത്തോടു കൂടിയ നമസ്ക്കാരമാണ് ഉദ്ദേശിച്ചത്. നമസ്കാരം എങ്ങനെയെങ്കിലും നിർവ്വഹിച്ചാൽ മതി എന്ന നിലയ്ക്കല്ല. അല്ലാഹു പറയുന്നു.

മതകാര്യങ്ങളിലെ വളരെ പ്രധാനപ്പെട്ട ഒന്നാണ് നമസ്കാരമെന്ന് ഇതിൽ നിന്നും മനസിലാക്കാവുന്നതാണ്. മാത്രമല്ല, വിശുദ്ധഖുർആന്റെ കാഴ്ചപ്പാടിൽ ജമാഅത്തോടുകൂടിയ നമസ്ക്കാരമാണ് യഥാർത്ഥ നമസ്ക്കാരം.

ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിലല്ലാതെ, അതായത് രോഗം കാരണത്താലോ പട്ടണത്തിൽ നിന്ന് ദൂരത്തായതിനാലോ മറന്നു പോവുകയോ മറ്റു മുസ്ലിംകളുടെ സാന്നിദ്ധ്യം ഇല്ലാത്ത അവസ്ഥയിലോ അല്ലാതെ ആരാണോ ജമാഅത്തായ നമസ്ക്കാരം ഉപേക്ഷിക്കുന്നത് അവൻ വീട്ടിൽ വെച്ചു നമസ്ക്കരിച്ചാലും അതിനെ നമസ്ക്കാരം എന്നു പറയാൻ കഴിയില്ല.

വീണ്ടും പറയുന്നു: അല്ലാഹുവാണെ സത്യം! ജമാഅത്തോടു കൂടി നമസ്ക്കരിക്കുന്നവൻ, അവൻ എത്ര തന്നെ ദുഷ്ക്കർമ്മിയാണെങ്കിലും ശരി, അവന്റെ പരിഷ്കരണം തീർച്ചയായും സാധ്യമാണ്. അതൊരിക്കലും പാഴായിപ്പോവുകയില്ല.

ഒരിക്കൽ ഹ:മുസ്ലിഹ് മൗഊദ് (റ) മഗ്രിബ് നമസ്ക്കാരത്തോടടുത്ത സമയമായപ്പോൾ താൻ അസർ നമസ്ക്കാരം ജോലിത്തിരക്ക് കാരണം വിട്ടുപോയോ എന്ന സംശയമുണ്ടായി. അദ്ദേഹം പറയുന്നു, ഈ ചിന്ത എന്നെ ഗ്രസിച്ചയുടനെ എനിക്ക് തലകറക്കം ഉണ്ടായി. ദു:ഖഭാരത്താൽ ഞാൻ നിലത്തുവീണ് മരിച്ചു പോയേനെ. എന്നാൽ ഒരാൾ വന്ന് എന്നെ നമസ്ക്കരിക്കാൻ വിളിച്ചിരുന്നുവെന്ന കാര്യം എനിക്ക് ഓർമ്മ വന്നു. എനിക്കാ കാര്യം ഓർമ്മ വന്നില്ലായിരുന്നുവെങ്കിൽ ദു:ഖം നിമിത്തം ഞാൻ മരിച്ചു പോകുമോ എന്നു വരെ സംശയിച്ചു. (അൽ ഫസൽ ഡിസംബർ 31,2009)

ഹ: ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) നമസ്ക്കാരത്തിന്റെ യഥാർത്ഥ്യം എന്ന തന്റെ പ്രസംഗത്തിൽ പറയുന്നു: അഖീമു സ്വലത്ത് എന്നതുകൊണ്ട് ഒന്നാമതായി ഉദ്ദേശിക്കുന്നത് ജമാഅത്തോടുകൂടി നമസ്ക്കരിക്കുക എന്നാണ്. നമസ്ക്കാരം നിലനിർത്തുക എന്ന് പറഞ്ഞേടത്തെല്ലാം ബഹുവചന രൂപം പ്രയോഗിക്കാനുള്ള കാരണവും ഇതാണ്. സംഘടിതമായി നമസ്ക്കരിക്കാനുള്ള കൽപനയാണ് ഇതിൽ നൽകിയിരിക്കുന്നത്. ഇത് നിർബന്ധമായിരുന്നില്ലെങ്കിൽ പള്ളി നിർമ്മിക്കുന്നതിന്റെയോ ബാങ്ക് വിളിയുടെ നേരത്ത് നമസ്ക്കാരത്തിലേക്ക് പാഞ്ഞു വരുവിൻ വിജയത്തിലേക്ക് പാഞ്ഞു വരുവിൻ എന്നു പറയേണ്ട ആവശ്യമുണ്ടായിരുന്നില്ല. അഞ്ചുനേരവും പള്ളിയിൽ ജമാഅത്തായി നമസ്ക്കരിക്കുക എന്നത് തിരുനബി(സ)യുടെയും തിരുസഖാക്കളുടെയും മാതൃകയായിരുന്നു. തിരുനബി(സ) ഇക്കാര്യത്തിൽ ഒരുപാട് ഊന്നൽ നൽകിയിട്ടുണ്ട്. വഴിയിൽ തപ്പിത്തടഞ്ഞു കൊണ്ട് പള്ളിയിൽ പോകാറുണ്ടായിരുന്ന അന്ധനു പോലും തിരുനബി(സ) വീട്ടിലിരുന്ന് നമസ്ക്കരിക്കാനുള്ള അനുവാദം നൽകിയില്ല. (ഹഖീഖത്തെ നമാസ് പേ.201)

വീണ്ടും പറയുന്നു: നമസ്ക്കാരം ജമാഅത്തായി നമസ്ക്കരിക്കുകയും പള്ളികളെ ജനനിബിഡമാക്കുകയും ചെയ്യുക എന്നതാണ് ഖിയാമു സ്വലാത്തിന്റെ പൊരുൾ. അതിൽ എത്ര തന്നെ ഊന്നൽ നൽകിയാലും കുറവാണ്. നിർബന്ധിതമായ സാഹചര്യത്തിലല്ലാതെ വിശ്വാസിയായ പുരുഷന് നമസ്ക്കാരം ഉപേക്ഷിക്കാനുള്ള അനുവാദമേയില്ല. സുബഹി, ഇശാ എന്നീ നമസ്ക്കാരങ്ങളിൽ പങ്കെടുക്കാത്തവൻ കപട വിശ്വാസിയാണെന്ന് നബി(സ) പറഞ്ഞിരിക്കുന്നത്. എനിക്ക് അനുവാദമുണ്ടായിരുന്നെങ്കിൽ വിറകുകെട്ടെടുത്ത് അത്തരം ആളുകളുടെ വീട്ടിൽ ച്ചെന്ന് വീടിന് തീ വെയ്ക്കുമായിരുന്നു.

ഹുസൂർ പറയുന്നു: അത്തരം ആളുകൾക്ക് പരലോകത്ത് ലഭിക്കുന്ന ശിക്ഷയെ സംബന്ധിച്ച് ഭയമുണ്ടായിരുന്നുവെന്നാണ് ഇത് അർത്ഥമാക്കുന്നത്. ജനങ്ങൾക്ക് പരലോക ശിക്ഷ ലഭിക്കുന്നതിനേക്കാൾ ഈ ലോകത്തു വെച്ചു തന്നെ ശിക്ഷ ലഭിക്കുന്നതാണ് നല്ലത് എന്നാണ് നബി(സ) ഉദ്ദേശിച്ചത്. രണ്ടാമതായി ഇതിൽ നിന്ന് മനസ്സിലാകുന്നത്, ആ സമയത്ത് ജനവാസമുള്ള വീടുകൾ ദൈവത്തിന്റെ വീട്ടിൽ താമസിക്കേണ്ട സമയമമാകുമ്പോഴേക്കും കത്തി നശിച്ച് ഇല്ലാതായിത്തീരുന്നതാണു നല്ലത് എന്നതാണ്. (ഹഖീഖത്തെ നമാസ്)

ഹുസൂർ വീണ്ടും പറയുന്നു: മുസ്ലീം സമുദായം ദൈവിക ഭവനങ്ങളെ ജന നിബിഡമാക്കുന്നതു വരെ അവരുടെ വീടും ജനനിബിഡമായിരുന്നു. തിരുനബിയുടെ പൂങ്കാവനത്തിൽ എങ്ങും വസന്തകാലമായിരുന്നു. എന്നാൽ പള്ളികളെ ശൂന്യമാക്കികൊണ്ട് വീടുകളെ ജനനിബിഡമാക്കിയതോടെ വിവിധങ്ങളായ ശൂന്യതകളാലും നാശങ്ങളാലും സമുദയം വലയം ചെയ്യപ്പെട്ടു. ആയതിനാൽ, മുസ്ലിം സമുദായത്തിന്റെ ജീവൻ നിലകൊള്ളുന്നതു നമസ്ക്കാരം നിലനിർത്തുന്നതിലാണ്. പള്ളികൾ ജനനിബിഡമാക്കുന്നതിലൂടെയാണ് നമ്മുടെ വീടും ജനനിബിഡമായിത്തീരുക.

നമസ്ക്കരിക്കുന്ന വ്യക്തി തന്റെ ചുറ്റുപാടുമുള്ള മറ്റു സഹോദരങ്ങളെയും കുട്ടികളെയും സുഹൃത്തുക്കളെയും നമസ്ക്കരിക്കാൻ പ്രേരിപ്പിച്ചു കൊണ്ടിരിക്കേണ്ടതാണ്.

പള്ളികളെ അവരുടെ സാന്നിധ്യത്താൽ പ്രകാശമയമാക്കുന്നതുവരെ നിങ്ങൾ നിരന്തരം പ്രവർത്തിച്ചു കൊണ്ടിരിക്കുക. പള്ളിയിൽ പോകാൻ നിർബന്ധമാക്കപ്പെടാത്ത സ്ത്രീകൾ നമസ്ക്കാരത്തിന് സമയമായിക്കഴിഞ്ഞാൽ തങ്ങളുടെ ഭർത്തക്കന്മാരെയും മക്കളെയും സഹോദരന്മാരെയും വീട്ടിലിരിക്കാൻ അനുവദിക്കരുത്. ദൈവഭവനം ജനനിബിഡമായിത്തീരുന്നതു വരെ നിരന്തരം പരിശ്രമിച്ചു കൊണ്ടിരിക്കുക. ഇക്കാലഘട്ടത്തിലെ ഒരു വലിയ ജിഹാദാണിത്. (പേ.204 )


നമസ്ക്കാരത്തിന്റെ യഥാർഥ്യത്തെ സംബന്ധിച്ച് ഹ:ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയുന്നു: തിരുനബി(സ) വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ തന്റെ നാഥനിൽ നിന്ന് നമസ്ക്കാരത്തെ സംബന്ധിച്ച ദിവ്യജ്ഞാനം കരസ്ഥമാക്കി. വിശുദ്ധഖുർആൻ വിവരിച്ച് നമസ്ക്കാരത്തിന്റെ മഹോന്നതമായ അവസ്ഥ തന്റെ പ്രവൃത്തിയിലൂടെ ചെയ്തു കാണിച്ചു. തന്റെ സഹാബാക്കളെയും ഇതിനായി പ്രേരിപ്പിക്കുകയും അവരിൽ നമസ്ക്കാരത്തിന്റെ നിറം ചാർത്തുകയും ചെയ്തു. എത്രമാത്രമെന്നാൽ, ബദർ യുദ്ധാവസരത്തിൽ നബി(സ) ഇങ്ങനെ ദുആ ചെയ്യുകയുണ്ടായി: ഇന്ന് ഈ ജനങ്ങളെ നശിപ്പിച്ചു കളയുകയാണെങ്കിൽ നിന്നെ ആരാധിക്കുന്നവരായി ആരും തന്നെ ഭൂമുഖത്ത് ശേഷിക്കുകയില്ല. അല്ലയോ അഹ്മദീ യുവാക്കളേ, വൃദ്ധന്മാരേ കുട്ടികളേ, സ്ത്രീകളേ! ലോകത്തെ ശക്തികളെ നേരിടാൻ എണ്ണത്തിൽ നിങ്ങൾ കുറവും ദുർബലരുമായിരിക്കാം. ഹിമാലയത്തെ അപേക്ഷിച്ച് നിങ്ങൾ വെറും കടുക് മണികളായിരിക്കാം. നിങ്ങൾ യഥാർത്ഥത്തിൽ ഈ ലോകത്തെ പരാജയപ്പെടുത്തി വിജയം കൈവരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ! നിങ്ങൾ ഉണരുക! തിരുനബി (സ) ബദർ യുദ്ധവേളയിൽ ചെയ്ത ദുആയുടെ സാക്ഷാൽക്കാരമായിത്തീരുക. ഇബാദത്തിനെ മുറുകെപ്പിടിക്കുക. നിങ്ങളുടെ നിലനിൽപ്പിന്റെ അത്യാവശ്യഘടകം എന്ന നിലയിൽ അതിനെ മനോഹരമായി അനുഷ്ഠിക്കുക. നിങ്ങൾക്കങ്ങനെ ചെയ്യാൻ സാധിച്ചാൽ തീർച്ചയായും തിരുനബിയുടെ ആത്മാവ് നിങ്ങൾക്കുവേണ്ടി ഒരിക്കൽ കൂടി ഇങ്ങനെ ദുആ ചെയ്യുന്നതാണ്: എന്റെ നാഥാ നീ ഇവരെ നശിപ്പിക്കുകയാണെങ്കിൽ നിന്നെ ആരാധിക്കുന്നവർ ഭൂമുഖത്ത് പിന്നെ ശേഷിക്കുകയില്ല. (ഹഖീഖത്തെ നമാസ് പേ.213)

**- ഇബ്നു അശ്റഫ്**

# നമസ്കാരം സൂക്ഷ്മതയോടും സമാധാനത്തോടും കൂടി അനുഷ്ഠിക്കുക

## ഖാദിംകളോട്

**ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)**



### മുൻപത്തേക്കാൾ മെച്ചപ്പെടുക

ഒരു സമുദായത്തിലെ യുവജനങ്ങൾ മുൻപത്തേക്കാൾ മെച്ചപ്പെട്ടവരായിത്തീരുക എന്നതാണ് ആ സമുദായത്തെ ജീവസുറ്റതാകുന്നതിനുള്ള സുപ്രധാന ഘടകം. ആയതിനാൽ ഞാൻ ഇതിലേക്ക് ഖുദ്ദാമുകളുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. യുവതലമുറയിൽ ദൈവസ്മരണ, കൃത്യനിഷ്ഠതയോടും ശ്രേഷ്ഠതയോടും കൂടിയുള്ള നമസ്കാരം, തഹജ്ജുദ് നമസ്കാരം എന്നിവയുടെ ശീലം വളർത്തിയെടുക്കേണ്ടതാണ്. എന്നാൽ ഇവയെല്ലാം ശരിയായ നിലയിൽ ഖുദ്ദാമുകളിൽ കാണപ്പെടുന്നില്ല എന്നതിൽ എനിക്ക് അതിയായ ദു:ഖമുണ്ട്.

### നമസ്കാരത്തെ അലസോരപ്പെടുത്തരുത്

മസ്ജിദ് മുബാറക്കിൽ മഗ്‌രിബ് നമസ്കാരാനന്തരം നടക്കുന്ന സദസ്സിൽ ബുദ്ധിക്ക് നിരക്കാത്ത ചില ചോദ്യങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ ഖുദ്ദാമുകൾ ചിരിക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്. കൂടാതെ ബഹളം കാരണത്താൽ അവർ നമസ്കാരത്തെ പോലും അലങ്കോലപ്പെടുത്താറുണ്ട്. ഞാൻ സുന്നത്ത് നമസ്കരിച്ചിരിക്കുമ്പോൾ തന്നെ അവർ മുകളിലേക്ക് വരാൻ തുടങ്ങുന്നു. അത് നമസ്കാരത്തെ അലസോരപ്പെടുത്തുന്നു. തങ്ങളുടെ ബഹളം കാരണം നമസ്കാരം അലസോരപ്പെടുന്നു എന്ന ചിന്ത പോലും അവർക്കുണ്ടാകില്ല.

### നമസ്കാരത്തിൽ ധൃതി പാടില്ല

അദ്ധ്യാപനങ്ങൾ നൽകുക എന്നതാണ് സംഘടന എന്നത് കൊണ്ടുള്ള വിവക്ഷ. നമസ്കാരം വളരെ പ്രാധാന്യമർഹിക്കുന്നതാണെന്ന് യുവാക്കളെ മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. നമസ്കാരം ഉന്നത നിലവാരത്തോടു കൂടിയും നല്ല നിലയിലും അനുഷ്ഠിക്കേണ്ടതാണ്. ഞാൻ സുന്നത്ത് നമസ്കാരത്തിന്റെ ഒരു റക്അത്ത് പൂർത്തിയാക്കുന്നതിനു മുമ്പു തന്നെ അവർ മുഴുവൻ നമസ്കാരവും പൂർത്തിയാക്കി മുകളിലേക്ക് വരുന്നു. എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നു? ഏത് വരെയെന്നാൽ ഞാൻ ഒരു റക്അത്ത് പൂർത്തിയാക്കുന്നതിനു മുമ്പു തന്നെ അവർ സുന്നത്തും, ഫർള് നമസ്കാരത്തിലെ വിട്ട് പോയ റക്അത്തുകളും പൂർത്തിയാക്കിയിട്ടുണ്ടാകും. സാധാരണഗതിയിൽ ജമാഅത്തായ നമസ്കാരം തുടങ്ങിയതിന് ശേഷം വരുന്നവരാണ് താഴെ നമസ്കരിക്കാറുള്ളത്. ഞാൻ പകുതി സുന്നത്ത് പൂർത്തിയാക്കുമ്പോഴേക്കും അവർ മുഴുവൻ നമസ്കാരങ്ങളും പൂർത്തിയാക്കി മുകളിലേക്ക് എത്താൻ തുടങ്ങുന്നു. മറ്റുള്ളവരുടെ നമസ്കാരം പകുതിയാകുമ്പോഴേക്കും അവർ ധൃതിപ്പെട്ട് സുന്നത്തും ഫർളിന്റെ വിട്ടു പോയ ഭാഗങ്ങളും പൂർത്തിയാക്കി സദസ്സിൽ ഇടം പിടിക്കാൻ വേണ്ടി മുകളിലേക്ക് വരുന്നു. അവർ സ്വന്തം നമസ്കാരം നിലവാരത്തോടു കൂടി അനുഷ്ഠിക്കുന്നില്ലെന്ന് മാത്രമല്ല, മറ്റുള്ളവരുടെ നമസ്കാരത്തെ അലങ്കോലപ്പെടുത്തകയും ചെയ്യുന്നു. മുൻനിരയിൽ സ്ഥാനം ലഭിക്കണമെന്നുണ്ടെങ്കിൽ അവർ നേരത്തേ വരണമായിരുന്നു. നമസ്കാരം എപ്പോഴും ഉന്നത നിലവാരത്തോടു കൂടിയും സൂക്ഷ്മതയോടു കൂടിയും അനുഷ്ഠിക്കേണ്ടതാണ്. അതു പോലെത്തന്നെയാണ് ദൈവസ്മരണയുടെ കാര്യവും. ഹദ്റത് നബിതിരുമേനി(സ) പറഞ്ഞിരിക്കുന്നത് ഓരോ നമസ്കാരത്തിനു ശേഷവും 33 തവണ തസ്ബീഹും, 33 തവണ തഹ്മീദും, 34 തവണ തക്ബീറും ചൊല്ലണം എന്നാണ്. താഴെ നിന്ന് ധൃതിപ്പെട്ട് മുകളിലേക്ക് കയറി വരുന്നവർ ദിക്റുകളും ചൊല്ലിയിട്ടുണ്ടാവില്ല. അപ്പോൾ അവർ ധൃതിപ്പെട്ട് നമസ്കരിക്കുന്നു എന്ന് മാത്രമല്ല, ദൈവസ്മരണയും നടത്തുന്നില്ല. അപ്പോൾ സദസ്സുകളിൽ പങ്കെടുക്കുകയും എന്നാൽ അത് പ്രവൃത്തിപഥത്തിൽ കൊണ്ടു വരികയും ചെയ്യുന്നില്ലായെങ്കിൽ അത് കൊണ്ട് എന്തു പ്രയോജനം?

### ഉപദേശത്തെ പ്രാവർത്തികമാക്കുക

കുറച്ചു നാളുകൾക്കു മുമ്പ് ഒരു ജുമുആ ഖുത്വുബയിൽ നമസ്കാരം നല്ല രീതിയിൽ അനുഷ്ഠിക്കുന്നതിനെ സംബന്ധിച്ചു ഞാൻ ഉണർത്തിയിരുന്നു. ആ സമയത്ത് ഗ്രാമീണനെന്നു തോന്നിക്കുന്ന ഒരു വ്യക്തി വളരെ മനോഹരമായ നിലയിൽ നമസ്കാരം അനുഷ്ഠിക്കുന്നതായി കാണുകയുണ്ടായി. ഗ്രാമനിവാസികൾ പോലും ഇത്തരത്തിലുള്ള കാര്യങ്ങൾ കേട്ടു കൊണ്ട് പ്രവർത്തിക്കാൻ തുടങ്ങി. എന്നാൽ ഖാദിയാനിലെ യുവാക്കൾ ഇതിലേക്ക് ശ്രദ്ധിക്കുന്നില്ല എന്നത് വളരെ ദു:ഖകരമാണ്. മാത്രമല്ല, സദസ്സിൽ ഇടം പിടിക്കണം എന്ന ഒറ്റ ഉദ്ദേശ്യം കാരണത്താൽ നമസ്കാരം ധൃതിപ്പെട്ടു നിർവഹിച്ച് മുകളിലേക്ക് ഓടി വരികയും തത്ഫലമായുണ്ടാകുന്ന ഒച്ചപ്പാടും ബഹളവും കാരണത്താൽ മറ്റുള്ളവരുടെ നമസ്കാരവും തടസ്സപ്പെടുന്നു.

### ആത്മീയതയെ ഉന്മൂലനം ചെയ്യുന്നവ

മുൻനിരയിൽ ഇരിക്കണം എന്ന് ആഗ്രഹമുള്ളവർ നേരത്തേ തന്നെ വരേണ്ടതാണ്. വൈകി വരുന്നതും, ധൃതിപ്പെട്ടു നമസ്കരിക്കുന്നതും, ദൈവസ്മരണകൾ ചെയ്യാതിരിക്കുന്നതുമെല്ലാം തന്നെ ആത്മീയതയെ ഉന്മൂലനം ചെയ്യുന്ന കാര്യങ്ങളാണ്.

### തഹജ്ജുദിന്റെ ശീലം ഉണ്ടാക്കിയെടുക്കുക

അതു പോലെത്തന്നെ തഹജ്ജുദിന്റെ ശീലവും യുവാക്കളിൽ വളരെ കുറവാണ്. നൂറു ശതമാനം യുവാക്കളിലും തഹജ്ജുദിന്റെ ശീലമുണ്ടാക്കിയെടുക്കുക എന്നത് ഖുദ്ദാമിന്റെ നിർബന്ധ കടമയാകുന്നു. ഇത് അവരുടെ വളരെ പ്രധാനപ്പെട്ട ഒരു ജോലിയാകുന്നു. ഇതിലൂടെയാണ് ദീനിന്റെ ആത്മാവ് അവരിൽ നിലനിൽക്കുന്നത് എന്നാണ് നാം മനസ്സിലാക്കിയിട്ടുള്ളത്. വിശുദ്ധഖുർആൻ തഹജ്ജുദ് നമസ്കാരത്തെ കുറിച്ച് **അശദ്ദു വത്അൻ** (അൽ മുസമ്മിൽ) എന്നാണു പറഞ്ഞിരിക്കുന്നത്. അതായത്, ഇതു സ്വേഛയെ നിർമാർജനം ചെയ്യുന്നതിനുള്ള ഉത്തമ ആയുധമാണ്. എത്ര യുവാക്കളാണ് കൃത്യനിഷ്ഠതയോടു കൂടി തഹജ്ജുദ് നമസ്കരിക്കുന്നത്, എത്ര പേർ നമസ്കരിക്കുന്നില്ല എന്ന് ഖുദ്ദാമുൽ അഹ്മദിയ്യ നിരീക്ഷിക്കേണ്ടതാണ് ......

ഈ രീതി നമ്മുടെ യുവാക്കൾ അവലംബിക്കുകയാണെങ്കിൽ അവർക്കു ദീനീ കാര്യങ്ങളിൽ ഗ്രാഹ്യം ലഭിക്കുന്നതാണ്. അല്ലെങ്കിൽ അത് വെറുമൊരു അധരവ്യായാമം മാത്രമായിരിക്കും.

**മശ്അലെ രാഹ് വാള്യം 1**

**സമ്പാ: ടി. അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ**

# അല്ലാഹുമ്മ ഇന്നാ അസ്അലുക്ക മിൻ ഖയ്രി

**ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

ഹദ്റത് അബൂബുർദ ഇബ്നു അബ്ദുല്ലാഹ് (റ) നിവേദനം ചെയ്യുന്നു, എന്റെ പിതാവ് എന്നോട് പറഞ്ഞു, ഏതെങ്കിലും സമുദായത്തിൽ നിന്ന് നബിതിരുമേനി(സ) യ്ക്ക് ഭീഷണി അനുഭവപ്പെടുമ്പോൾ ഇത്തരത്തിൽ ദുആ ചെയ്യുമായിരുന്നു, **അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വനഊദു ബിക്ക മിൻ ശുറൂരിഹിം.** (സുനൻ അബൂദാവൂദ്)

*അല്ലാഹുവേ! അവരെ നേരിടാൻ ഞങ്ങൾ നിന്നെ തന്നെ അവരുടെ നെഞ്ചകങ്ങളിലാക്കുന്നു. അവരുടെ എല്ലാ അക്രമങ്ങളിൽ നിന്നും നിന്നോട് അഭയം തേടുന്നു.*

സ്ഥിരചിത്തത കൈവരിക്കുന്നതിനായിട്ടാണ്, ദീനിൽ ഉറച്ചു നിൽക്കുന്നതിനായിട്ടാ ണ് നബി (സ) ഈ ദുആ പഠിപ്പിച്ചു തന്നിട്ടുള്ളത്.

ശഹർ ബിൻ ഹോശബ് നിവേദനം ചെയ്യുന്നു, ഞാൻ ഉമ്മുസൽമ (റ) യോട് പറഞ്ഞു, ഓ ഉമ്മുൽ മുഅ്മിനീൻ, നബി (സ) തിരുമേനി നിങ്ങളുടെ അടുക്കലുണ്ടായിരിക്കുമ്പോൾ അവിടുന്ന് ഏറ്റവും കൂടുതൽ ചെയ്തിരുന്നത് ഏത് ദുആ ആയിരുന്നു? അപ്പോൾ അവർ പറഞ്ഞു, നബി തിരുമേനി (സ)

**യാ മുഖല്ലിബൽ ഖുലൂബി സബ്ബി ത് ഖൽബീ അലാ ദീനിക** എന്ന ദുആയാണ് അധികമായി ഉരുവിടാറുണ്ടായിരുന്നത്.

(സുനൻ തിർമിദി)


*അല്ലയോ ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനെ! എന്റെ ഹൃദയത്തെ സ്വന്തം ദീനിൽ സുദൃഢമായി ഉറപ്പിച്ചു നിർത്തേണമെ.*

ഹദ്റത് അബൂഅമാമ (റ) നിവേദനം ചെയ്യുന്നു, നബി തിരുമേനി (സ) അനവധി ദുആകൾ ചൊല്ലാറുണ്ടായിരുന്നത് കൊണ്ട് ഞങ്ങൾക്ക് അതിൽ നിന്ന് ഒന്നും ഓർമയുണ്ടായിരുന്നില്ല. അതിനാൽ ഞങ്ങൾ നബി തിരുമേനി(സ)യോട് പറഞ്ഞു, അല്ലാഹുവിന്റെ ദൂതരെ! അങ്ങ് ധാരാളം ദുആകൾ ചെയ്യുകയുണ്ടായി. എന്നാൽ ഞങ്ങൾക്ക് അതിൽ നിന്ന് ഒന്നും തന്നെ ഓർമയില്ല. അപ്പോൾ നബി (സ) പറഞ്ഞു, ഞാൻ നിങ്ങൾക്ക് എല്ലാ ദുആകളുടെയും സമാഹാരമായ ഒരു ദുആ പറഞ്ഞു തരട്ടെ? തുടർന്ന് പറഞ്ഞു, നിങ്ങൾ ഇങ്ങനെ ദുആ ചെ യ്യുക,

**അല്ലാഹുമ്മ ഇന്നാ നസ്അലുക്ക മിൻ ഖയ്രി മാ സഅലക്ക മിൻഹു നബിയ്യുക്ക മുഹമ്മദുൻ വനഊദുബിക്ക മിൻ ശർറി മസ്തആദ മിൻഹു നബിയ്യുക്ക മുഹമ്മദുൻ വ അൻതൽ മുസ്തആനു വ അലയ്ക്കൽ ബലാഗു വലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്.** (സുനൻ തിർമിദി)

*അല്ലാഹുവെ! നിന്നോട് നിന്റെ നബി(സ) തേടിയ നന്മയെ ഞങ്ങളും തേടുന്നു. നിന്നോട് നിന്റെ നബി (സ) അഭയം തേടിയ ഉപദ്രവങ്ങളിൽ നിന്ന് ഞങ്ങളും അഭയം തേടുന്നു. നീ തന്നെയാണ് യഥാർഥ സഹായി. നിന്നോട് മാത്രമാണ് ഞങ്ങൾ അർത്ഥിക്കുന്നത്. അല്ലാഹുവിന്റെ സഹായമില്ലാതെ ഞങ്ങൾക്ക് നന്മയ്ക്കുള്ള അവസരം ലഭിക്കുന്നതുമല്ല, ശൈത്വാന്റെ ഉപദ്രവത്തിൽ നിന്ന് രക്ഷയ്ക്കുള്ള ശക്തി ലഭിക്കുന്നതുമല്ല.*

*സമ്പാ : എ.എ.ബാരി*



# വിജ്ഞാനവേദി

**ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്**

**ധ്യാനം വഴി നമസ്കാരത്തിന്റെ ഫലം ലഭിക്കാമെന്ന വാദത്തെ അംഗീകരിക്കാമോ?എങ്കിൽ നമസ്കാരത്തിനു പകരം ധ്യാനം മതിയാവുമോ?**

നിശ്ചയിക്കപ്പെട്ട നമസ്കാരരൂപം ആവശ്യമാണെന്ന് ഖുർആൻ പറയുന്നു. അതിൽ ധ്യാനത്തെക്കുറിച്ച് പരാമർശിക്കുന്നില്ല. ധ്യാനം നമസ്കാരത്തിന്റെ ഭാഗമായി മാത്രമേ കരുതാനാവൂ. വ്യത്യസ്തമല്ല. ഖയാമൻ അതായത് നിന്നുകൊണ്ട് , ഖുഊദൻ ഇരുന്നു കൊണ്ട്, റുകൂഅ്, സുജൂദ് എന്നിവ. വിശുദ്ധഖുർആനിൽ ആവർത്തിച്ച് വന്നിട്ടുള്ള നമസ്കാരത്തിന്റെ നാലു രൂപങ്ങളാണ് ഇവ. ഓരോ അവസ്ഥയിലും നാം ധ്യാനിക്കുന്നതിൽ തെറ്റൊന്നുമില്ല. എല്ലാവരും അതു ചെയ്യേണ്ടതാണ്. എന്നാൽ വിശുദ്ധഖുർആന്റെ കല്പനകൾ വിട്ടുകൊണ്ടുള്ള രൂപം സ്വീകാര്യമല്ല. ഈ നിശ്ചയിക്കപ്പെട്ട രൂപത്തിലുള്ള നമസ്കാരത്തിനു പുറമേ ഒരുവന് ധ്യാനിക്കാവുന്നതാണ്. അതിനാണ് വിശുദ്ധഖുർആൻ ദിക്റ് എന്ന് പറഞ്ഞിട്ടുള്ളത്.

الَّذِيْنَ يَذْكُرُوْنَ اللّٰهَ قِيٰمًا وَّقُعُوْدًا وَّعَلٰى جُنُوْبِهِمْ (3:192)

*(നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ (കിടന്നും) അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും)*


ഇവിടെ സാധാരണ നമസ്കാരത്തെക്കുറിച്ചല്ല പറയുന്നത്. രണ്ട് തരത്തിലുള്ള പ്രാർത്ഥനാ രീതി ഖുർആനിൽ പരാമർശിച്ചിട്ടുണ്ട്. ഒന്ന് തെരഞ്ഞെടുത്ത് മറ്റേത് ഒഴിവാക്കാൻ നമുക്ക് അധികാരമില്ല.

**എന്തിനാണ് നമസ്കാരം അറബിയിൽ തന്നെ പഠിക്കുന്നത്. മാതൃഭാഷയിൽ പോരേ?**

ഇസ്ലാമിന്റെ സ്ഥാപകർ തിരുദൂതർ(സ) നമസ്കാരം അനുഷ്ഠിച്ചിരുന്നത് അറബിയിലാണ്. അതാണ് അസ്സൽ രൂപം. വിശുദ്ധഖുർആൻ അറബിയിലാണ് അവതീർണ്ണമായത്. നമുക്ക് ഇറക്കപ്പെട്ട ദൈവിക സന്ദേശം അറബിയിലാണ്.

തർജ്ജമയിൽ യഥാർത്ഥ അർത്ഥം പൂർണ്ണമായി പ്രകടിപ്പിക്കപ്പെടുന്നില്ല. അല്പം ഒഴിവായിപ്പോകുവാനും അർത്ഥം മാറിപ്പോകുവാനും സാധ്യതയുണ്ട്. അതിനാൽ പ്രാർത്ഥനകൾ യഥാർത്ഥ രൂപത്തിൽ ഓർക്കുന്നതാണ് സുരക്ഷിതം. അല്ലാത്ത പക്ഷം തർജ്ജമകൾ കഴിയുന്തോറും യഥാർത്ഥ സന്ദേശത്തിൽ നിന്നും വ്യതിചലിച്ച് പുതിയ രൂപത്തിലത് ആയിത്തീരാം. ഈ ദുരന്തം ബൈബിളിന് സംഭവിച്ചിട്ടുണ്ട്. ബൈബിളിൽ ആവർത്തിച്ച് തർജ്ജമ ചെയ്യപ്പെട്ടപ്പോൾ തങ്ങൾക്ക് വളരെയധികം തെറ്റുകൾ സംഭവിച്ചു എന്ന് പണ്ഡിതർ സമ്മതിക്കുന്നു, അതിനാൽ സന്ദേശമിറങ്ങിയ അസ്സൽ ഭാഷ ജീവിപ്പിച്ചു നിലനിർത്തണമെന്നത് വളരെ പ്രധാനമാണ്. സന്ദേശത്തിന്റെ ആധികാരിതക്ക് അത് ഒഴിച്ചു കൂടാനാവാത്തതാണ്.

*സമ്പാ: ഡോ.സി.സലാഹുദ്ദീൻ,കോഴിക്കോട്*



Meeting with Huzur

# അമേരിക്കൻ നാഷണൽ മജ്‌ലിസെ ആമിലയുമായി ഹുസൂർ തിരുമനസ്സിന്റെ മീറ്റിങ്ങ്

**നാഇബ് അമീർ സാഹിബ്** തങ്ങൾക്ക് ഇവിടുത്തെ മാധ്യമങ്ങളുമായി ബന്ധമുണ്ടെന്നും അവർക്ക് ലേഖനങ്ങളും മറ്റു ലിഖിതങ്ങളും നൽകാറുണ്ട് എന്ന് പറഞ്ഞപ്പോൾ ഹുസൂർ തിരുമനസ്സ് പറഞ്ഞു, ഏതൊരു പ്രസ്താവനയും നൽകുന്നതിനു മുമ്പായി അനുമതി വാങ്ങിയിരിക്കേണ്ടതാണ്. ഇമാമിനു പിന്നിലാണു നിൽക്കേണ്ടത്, മറികടക്കരുത്. അൽ ഇമാമു ജുന്നത്തുൻ യുഖാത്വിലു മിൻവറാ ഇഹി.

**സെക്രട്ടറി തബ്ലീഗിന്റെ** റിപ്പോർട്ട് ശ്രവിച്ചതിനു ശേഷം ഹുസൂർ തിരുമനസ്സ് പറഞ്ഞു, തബ്ലീഗിനായി ആസൂത്രിത പരിപാടികൾ സംഘടിപ്പിക്കുക. യാതൊരു ബന്ധവുമില്ലാത്ത, പഴയ അഹ്മദികളുടെ തലമുറയെ അന്വേഷിച്ച് കണ്ടെത്തുക. അവരുടെ സന്താനങ്ങളെയും കണ്ടെത്തുക. മസീഹ്(അ)നെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നത് അദ്ദേഹം തന്റെ കാണാതെ പോയ ആടുകളെ അന്വേഷിക്കും എന്നാണ്.

**സെക്രട്ടറി തഅ്ലീമിന്** നിർദേശം നൽകിക്കൊണ്ടു പറയുന്നു, വിദ്യാർഥികളുടെ സ്കൂളുകളിലെ വാർഷിക പരീക്ഷയ്ക്കു ശേഷം കോളേജുകളിലേക്കും സർവകലാശാലകളിലേക്കും പോകുന്നതിനു മുൻപായി കൗൺസിലിങ്ങ് അനിവാര്യമാകുന്നു. +2വിന് ശേഷവും കൗൺസിലിങ്ങ് അനിവാര്യമാകുന്നു. അഹ്മദികളായ വിദഗ്ധരെ കൂടാതെ മറ്റു അനഹ്മദി വിദഗ്ധരെയും കൗൺസിലിങ്ങിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ചില ചാരിറ്റികളും കൗൺസിലിങ്ങിനായി പ്രൊഫസർമാരെ സംഘടിപ്പിച്ചു നൽകാറുണ്ട്. അതിനെ സംബന്ധിച്ചും അവലോകനം നടത്തി കൊണ്ടിരിക്കുക.

മാർഗോപദേശം നൽകുമ്പോൾ ഏതെല്ലാം സർവകലാശാലകളാണ് മികച്ചതും, ഉത്തമവും, നല്ലതുമായിട്ടുള്ളതെന്നു കൂടി വിലയിരുത്തേണ്ടതാണ്. അതോടൊപ്പം ഏതെല്ലാം വിഷയങ്ങളിൽ ഏതെല്ലാം സർവകലാശാലകൾ ഏറ്റവും നല്ലതാണെന്നതും നോക്കേണ്ടതാണ്.



നിങ്ങളുടെ സംസ്ഥാനങ്ങളിലെ ഏറ്റവും മികച്ചു നിൽക്കുന്ന പത്തു സർവകലാശാലകളെ തിരഞ്ഞെടുക്കുക. അതുപോലെ ചില പ്രത്യേക വിഷയങ്ങളിൽ മികവ് പുലർത്തുന്ന സർവകലാശാലകളും ഉണ്ടാകും. അവയെയും ഉൾപ്പെടുത്തുക.

**സെക്രട്ടറി മാലിനോട്** പറഞ്ഞു. ചന്ദ ആം നൽകുന്നവർ ശരാശരി വരുമാന ത്തിലും കുറവിലാണ് ചന്ദ നൽകുന്നത്. ജമാഅത്തുകളിലെ സെക്രട്ടറിമാർ ഇക്കാര്യത്തിൽ കൂടുതൽ പരിശ്രമിക്കേണ്ടതാണ്. ബജറ്റ് നിർണയ സംവിധാനത്തെ കൂടുതൽ മെച്ചപ്പെട്ടതാക്കുക. താഴ്ന്ന നിലവാരത്തിലുള്ളവരോടും വരുമാനത്തിനനുസരിച്ച് ചന്ദ നൽകാത്തവരോടും പറയുക, ചന്ദ നികുതിയല്ല. മറിച്ചു അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായിട്ടാണ് നൽകപ്പെടുന്നത്. ഇനി അഥവാ വരുമാനത്തിലും കുറഞ്ഞ തോതിലാണ് ചന്ദ നൽകുന്നതെങ്കിൽ അതിനായി എഴുതി അനുമതി കരസ്ഥമാക്കുക. എന്നാൽ, സ്വന്തം ബജറ്റ് ശരിയാക്കുക. ഭയഭക്തിയിലും സത്യസന്ധതയിലും അധിഷ്ഠിതമായിട്ടായിരിക്കണം ചന്ദ പിരിക്കേണ്ടത്.

**സെക്രട്ടറി തർബിയ്യത്തും** ഇക്കാര്യത്തിൽ പരിശ്രമിക്കേണ്ടതാണ്.

**സെക്രട്ടറി വഖ്ഫെ ജദീദിനോടു** പറഞ്ഞു, ചന്ദ നൽകുന്നവരിൽ വർദ്ധനവുണ്ടാക്കുക. കുട്ടികളെ ചന്ദ വഖ്ഫെ ജദീദിൽ പങ്കാളികളാക്കുന്നതിനായി ലജ്നയോടും ഖുദ്ദാമിനോടും പറയുക. ഏഴു വയസ്സിന് താഴെയുള്ള കുരുന്ന് മുജാഹിദുകളെയും ഇതിൽ പങ്കാളികളാക്കുക. ഏഴു മുതൽ പതിനഞ്ചു വയസ്സ് വരെയുള്ളവരെയും പങ്കാളികളായിരിക്കണം.

ചില ജമാഅത്തിന്റെ ചില ഭാരവാഹികൾ ഇതുവരെ വസിയ്യത്ത് ചെയ്തിട്ടില്ല എന്ന് പറഞ്ഞപ്പോൾ ഹുസൂർ തിരുമനസ്സ്

**സെക്രട്ടറി വസായയോട്** പറഞ്ഞു, പരിശ്രമിച്ചു കൊണ്ടേയിരിക്കുക. മുബല്ലീഗീംകളിൽ നിന്നും സഹായം തേടിക്കൊണ്ട് അവർക്ക് അവരുടെ ഉത്തരവാദിത്വത്തെ എപ്പോഴും ഓർമപ്പെടുത്തി കൊണ്ടിരിക്കുക. ഹുസൂർ തിരുമനസ്സ് പറഞ്ഞു, ഞാൻ എപ്പോഴെങ്കിലും ഏതെങ്കിലും കാര്യത്തിൽ നിന്ന് വിലക്കുകയാണെങ്കിൽ അതിനു പിന്നിൽ എന്തെങ്കിലും കാര്യമുണ്ടായിരിക്കും.

**സെക്രട്ടറി തഅ്ലീമുൽ ഖുർആൻ വഖ്ഫെ ആർസിയോട്** ഹുസൂർ തിരുമനസ് പറഞ്ഞു, അൻസാറുകളോട് വഖ്ഫെ ആർസി ചെയ്യുവാനായി പറയുക. അവർ വെറുതെയിരിക്കുകയായിരിക്കും.

നുറുങ്ങുകൾ
ടി.എം



# മുസ്‌ലിമോ കാഫിറോ?

## ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)

ഇന്നേക്ക് 6 വർഷങ്ങൾക്കു മുമ്പ് 1934 മെയ് മാസത്തിൽ സിക്ക് സമുദായത്തിന്റെ കിരീടമില്ലാത്ത രാജാവ് എന്ന് പറയപ്പെട്ടിരുന്ന സർദാർ കടക് സിങ്ങ് സാഹിബ് ഇവിടെ വരുകയും ബസർവായിൽ ഒരു പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി, ഖാദിയാനിൽ അഹ്മദികൾ സിക്കുകാർക്ക് മേൽ ധാരാളം അതിക്രമങ്ങൾ അഴിച്ചു വിടുകയാണ്. അഹ്മദികൾ ഈ അക്രമങ്ങളിൽ നിന്നും പിൻമാറുന്നില്ലായെങ്കിൽ ഖാദിയാനെ തകർത്തു തരിപ്പണമാക്കുന്നതാണ്. മാത്രമല്ല, അവരുടെ ഒരു അനുചരൻ പറഞ്ഞത് ഖാദിയാന്റെ ഇഷ്ടികകൾ സമുദ്രത്തിൽ കൊണ്ടു പോയി എറിയും എന്നാണ്.

എനിക്ക് ഇതിനെക്കുറിച്ചു വിവരം ലഭിച്ചപ്പോൾ ഞാൻ ഒരു വിജ്ഞാപനം ഇറക്കി. അതിൽ ഞാൻ അദ്ദേഹത്തെ അഭിസംബോധന ചെയ്തു കൊണ്ടുപറഞ്ഞു, അഹ്മദികൾ അക്രമണം അഴിച്ചു വിടുന്നു എന്ന വാർത്ത തികച്ചും കളവാണ്. താങ്കൾ ഈ പ്രദേശത്തുള്ള സിക്കുകാരോട് സത്യം ചെയ്തു കൊണ്ട് ചോദിക്കുകയാണെങ്കിൽ അവരിൽ നിന്നുള്ള 99 ശതമാനം പേരും പറയുക, ഞാനും എന്റെ കുടുംബവും ഞങ്ങളുമായി ബന്ധപ്പെട്ടവരും എപ്പോഴും സിക്കുകാരോട് സ്നേഹത്തോടുകൂടിയാണ് വർത്തിച്ചു വരുന്നത് എന്നായിരിക്കും. കൂടാതെ ഞാൻ പല ഉപകാരങ്ങളെ കുറിച്ചും അതിൽ സൂചിപ്പിച്ചു.

തൽസംബന്ധമായി എനിക്കു ലഭിച്ച മറ്റൊരു റിപ്പോർട്ട് ഇതാണ്: ഒരു അഹ്റാരി അവരുടെ ജൽസയിൽ പ്രസംഗിച്ചു കൊണ്ട് പറഞ്ഞു, അഹ്മദികൾ അവരുടെ ഗുരുവിനെ മുസ്‌ലിം എന്നു പറഞ്ഞ് അവരെ അപമാനിക്കുകയാണ്. എന്നിട്ടും പ്രതികരിക്കാൻ ശേഷിയില്ലാത്ത വികാരരഹിതരാണ് സിക്കുകാർ.

ഞാനദ്ദേഹത്തോടു പറഞ്ഞു, നബി തിരുമേനി (സ)യുടെ നിയോഗത്തിന് ശേഷം മുസ്‌ലിംകളുടെ ദൃഷ്ടിയിൽ ലോകത്ത് രണ്ടു കക്ഷികൾ മാത്രമേ ഉള്ളു. ഒന്നുകിൽ മുസ്‌ലിം അല്ലെങ്കിൽ കാഫിർ.

ആ അഹ്റാരിയുടെ അഭിപ്രായത്തിൽ ബാബാ സാഹിബിനെ മുസ്‌ലിം എന്നു പറഞ്ഞത് അപമാനമാണെങ്കിൽ അയാളോട് ചോദിക്കുക, നിങ്ങൾ ബാബാ സാഹിബിനെ എങ്ങനെയാണ് മനസ്സിലാക്കിയിരിക്കുന്നത്? അയാൾ മുസ്‌ലിം വലിയുല്ലായെക്കാൾ ഉന്നതമായ സ്ഥാനം ബാബാ സാഹിബിനു നൽകിയാൽ അയാൾ നിങ്ങളുടെ ഗുണകാംക്ഷിയാണെന്നു മനസ്സിലാക്കിക്കൊൾക. എന്നാൽ ബാബാ സാഹിബ് നബി(സ)യുടെ നിഷേധിയാണെന്ന കാരണത്താൽ കാഫിറാണെന്ന് പറഞ്ഞാൽ, ബാബാസാഹിബിനെ നിന്ദിക്കുന്നത് ഞങ്ങളാണോ അതോ അയാളാണോ?

(ഖുത്വുബ ജുമുആ: 26.07.1940)

ശതാബ്ദം
1913 – സെപ്റ്റംബർ
ഒക്ടോബർ
എസ്.

- ഹുസൂർ പഞ്ചാബിയിൽ ചില വരികൾ എഴുതി.
- ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബിനോട് വിശുദ്ധ ഖുർആന്റേയും സഹിഹ് ബുഖാരിയുടേയും മറ്റു മതഗ്രന്ഥങ്ങളുടേയും ഉർദുതർജ്ജമക്കായി ആവശ്യപ്പെടുകയുണ്ടായി. ഹുസൂർ അദ്ദേഹത്തിന്റെ അനുമതി അറിയിച്ചു.
- സിംലയിൽ അഹ്മദിയ്യ ജമാഅത്തിന്റെ വാർഷിക സമ്മേളനം നടന്നു.
- ഒരു വാദപ്രതിവാദത്തിനു ശേഷം, ഗുർദാസ്പൂർ ജില്ലയിലെ അത്വാൽ എന്ന ഗ്രാമം അഹ്മദിയ്യാ ജമാഅത്തിന്റെ കയ്യിൽ വന്നു.
- ഹദ്റത്ത് ശേർ അലി സാഹിബിന്റെ വസതിക്ക് ഹുസൂർ തറക്കല്ലിട്ടു.

നബി (സ) ദുആ ചെയ്തു,

**അല്ലാഹുമ്മ മുസ്വർ രിഫൽ ഖുലൂബി സ്വർരിഫ് ഖുലൂബനാ അലാ ത്വാഅത്തിക്ക.**

(മുസ്‌ലിം)

*അല്ലയോ ഹൃദയത്തെ മാറ്റിമറിക്കുന്നവനെ! ഞങ്ങളുടെ ഹൃദയത്തെ നിന്റെ അനുസരണത്തിലേക്ക് തിരിച്ചു വിടേണമെ.*

**നമസ്കാര പാഠങ്ങൾ**




**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)**

# അല്ലാഹു ഉന്നതൻ



റബ്ബ് പിന്നെന്തെല്ലാം അർത്ഥത്തിലാണുള്ളത്? എങ്ങിനെയാണ് ആത്മീയമായ നിലയിൽ അല്ലാഹു നിങ്ങൾക്ക് ചിന്തിക്കാനുള്ള സാഹചര്യം സജ്ജമാക്കുന്നത്, നമസ്കാരം നിങ്ങളെ എവിടെ നിന്ന് എവിടേക്ക് എത്തിച്ചു? ഇതെല്ലാം തന്നെ റബ്ബീ എന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. എന്റെ നാഥൻ എന്നെ ഇങ്ങനെയാക്കി. പിന്നീട് അവസാനത്തിൽ **അഅ്ലാ** യുടെ വിഷയമാണ്, ഏറ്റവും ഉന്നതൻ. എന്നാൽ മനുഷ്യന് എങ്ങനെയാണ് ഏറ്റവും ഉന്നതനാകാൻ കഴിയുക? സ്വയം സാധ്യമല്ല. ഏറ്റവും ഉന്നതനായ അല്ലാഹുവിന്റെ മുന്നിൽ നിങ്ങളുടെ ശിരസ്സ് ഭൂമിയിൽ പതിപ്പിച്ചാൽ അല്ലാഹു നിങ്ങളെ ഉന്നതരാക്കുന്നതാണ്. എന്റെ നാഥനായ അല്ലാഹു ഏറ്റവും ഉന്നതാണെന്നു പറഞ്ഞു കൊണ്ട് അവൻ എന്നെയും ഉന്നതനാക്കുന്നതാണ് എന്ന പ്രതീക്ഷ അങ്കുരിക്കുന്നു. ഇത്തരത്തിലുള്ള ഇനിയും ധാരാളം കാര്യങ്ങൾ ചിന്തിക്കാവുന്നതാണ്.

ഒരു പ്രാവശ്യം **സുബ്ഹാന റബ്ബിയൽ അഅ്ലാ** എന്നു പറഞ്ഞു നിങ്ങൾ ചിന്തിക്കുവാൻ തുടങ്ങിയാൽ സുജൂദ് എത്ര ദൈർഘ്യമുള്ളതായി തീരും. ചിലർക്ക് സുജൂദിൽ ഉറക്കം വരാറുണ്ട്. ഖാദിയാനിൽ ഹദ്റത് മൗലവി സർവർ ശാഹ് സാഹിബ്(റ) എന്ന ഒരു സഹാബിയുണ്ടായിരുന്നു. അദ്ദേഹം മഹാനായ പണ്ഡിതനും വളരെ മാന്യനായ വ്യക്തിയുമായിരുന്നു. ചിലപ്പോൾ എന്റെ പിതാവായ ഹദ്റത് മുസ്ലിഹ് മൗഊദ്(റ) രോഗിയാകുമ്പോൾ പറയും, മൗലവി സർവർ ശാഹ് സാഹിബ് നമസ്കരിപ്പിക്കുന്നതാണ്. അദ്ദേഹം നമസ്കരിപ്പിക്കുമ്പോൾ, വിശേഷിച്ച് സുബ്ഹി നമസ്കാരത്തിൽ, സുജൂദ് വളരെ ദീർഘിച്ചതാകുമായിരുന്നു. കുട്ടികളായ ഞങ്ങളിൽ ചിലർ ഉറങ്ങി ഉറങ്ങി അങ്ങോട്ടും ഇങ്ങോട്ടും മറിഞ്ഞു വീഴുമായിരുന്നു. സുജൂദ് അവസാനിക്കുകയേ ഇല്ലായിരുന്നു. ആരോ മൗലവി സാഹിബിനോട് പരാതി ബോധിപ്പിച്ചു കൊണ്ടു പറഞ്ഞു, മൗലവി സാഹിബ് എത്ര തവണ **സുബ്ഹാന റബ്ബിയൽ അഅ്ലാ** എന്ന് ഉരുവിടാറുണ്ട്? മൂന്നു തവണ **സുബ്ഹാന റബ്ബിയൽ അഅ്ലാ** എന്ന് പറയലാണ് സുന്നത്ത്. നിങ്ങൾ മുന്നൂറു തവണയാണ് ഉരുവിടുന്നതെന്നു തോന്നുന്നു. സുജൂദ് അവസാനിക്കാറേ ഇല്ല. അദ്ദേഹം പറഞ്ഞു, അല്ലാഹുവാണെ സത്യം മൂന്ന് തവണയിൽ കൂടുതൽ ഉരുവിടാറില്ല. മൂന്ന് തവണ മാത്രമേ ചൊല്ലാറുള്ളു. മൗലവി സാഹിബിന്റെ സ്ഥാനം എന്തായിരുന്നു എന്ന് ഇതിൽ നിന്നും ഊഹിക്കാവുന്നതാണ്. ചിന്തിച്ചു ചിന്തിച്ച് ഉരുവിടുമായിരുന്നു. ഹദ്റത് മുസ്ലിഹ് മൗഊദ്(റ) നമസ്കരിപ്പിക്കുമ്പോൾ പുറകിൽ നിൽക്കുന്നവരെ പരിഗണിക്കും എന്നാൽ മൗലവി സാഹിബ് പുറകിൽ ആരെങ്കിലും നമസ്കരിക്കുന്നുണ്ടെന്ന കാര്യം തന്നെ വിസ്മരിച്ച് പോകുമായിരുന്നു എന്ന വിത്യാസം മാത്രം.

ഖാദിയാനിൽ തമാശ പറയുന്നതിൽ പ്രശസ്തനായ ഒരു വ്യക്തിയുണ്ടായിരുന്നു. പള്ളിയിൽ നമസ്കരിക്കാനായി പോകാറില്ല എന്നൊരു രോഗം അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ തമാശ ദൂരെ ദൂരെ വരെ പ്രസിദ്ധിയാർജിച്ചിരുന്നു. അദ്ദേഹത്തിന്റെ പേര് മീർസാ അർശദ് ബേഗ് എന്നായിരുന്നു. ആരോ അദ്ദേഹത്തോട് പറഞ്ഞു, നിങ്ങൾ എത്ര നല്ല ആളാണ്, എത്രയോ പേരെ നിങ്ങൾ സേവിക്കുന്നു, ദരിദ്രരോടു കരുണ കാണിക്കുന്നവനാണ്, പള്ളിയിൽ പോയി എന്തു കൊണ്ട് നമസ്കരിക്കുന്നില്ല? അവസാനം പള്ളിയിൽ പോകാം എന്ന് അദ്ദേഹം തീരുമാനമെടുത്തു. സുബ്ഹി നമസ്കാരത്തിനായി പള്ളിയിൽ എത്തി. ഹദ്റത് മൗലവി സർവർ ശാഹ് സാഹിബ്(റ) നമസ്കരിപ്പിക്കുകയായിരുന്നു. സുജൂദിൽ നിന്ന് തലയുയർത്തുന്നുണ്ടായിരുന്നില്ല. അദ്ദേഹം അസ്സലാമു അലൈക്കും ഞാൻ പോകുന്നു എന്ന് പറഞ്ഞ് ഓടി താഴെ ഇറങ്ങി. തന്റെ സ്വതസിദ്ധമായ തമാശയിൽ അദ്ദേഹം പറഞ്ഞു, ഭരണം മാറി. വഴിയിൽ വെച്ച് ആരോ ചോദിച്ചു, എന്തു പറ്റി? എങ്ങിനെയാണ് ഭരണം മാറിയത്? അദ്ദേഹം മറുപടിയായി പറഞ്ഞു, ആദ്യം മുഗളന്മാരുടെ (ഹദ്റത് മുസ്ലിഹ് മൗഊദ് (റ)) ന്റെ ഭരണമായിരുന്നു. മുഗളന്മാരുടെ ഭരണത്തിൽ സയ്യിദുമാർ ആട്ടുകല്ല് സ്ഥാപിച്ചു. അതായത് മൗലവി സാഹിബ് നമസ്കരിക്കുന്നവരുടെ എണ്ണ ആട്ടിയെടുക്കും. ഇതെല്ലാം പറയുമ്പോൾ പഴയ കാലത്തെ പല സംഭവങ്ങളും ഓർമ വരും. ഒറ്റക്കു നമസ്കരിക്കുമ്പോൾ സുജൂദ് എത്ര വേണമെങ്കിലും ദീർഘിപ്പിച്ചു കൊള്ളുക. എന്നാൽ ആരെയെങ്കിലും നമസ്കരിപ്പിക്കുമ്പോൾ ആട്ടുകല്ലാകരുത്. നിങ്ങൾക്കുള്ള പ്രധാനപ്പെട്ട സന്ദേശമാണിത്. *(ഉർദു ക്ലാസ് നമ്പർ- 321)*

## രണ്ടു സുജൂദുകൾക്കിടയിലുള്ള ദുആ

ഇതിൽ **വർഫഅ്നീ** എന്നതിനു ശേഷമാണ് **വജ്ബുർനീ വർസുഖ്നീ** വച്ചിട്ടുള്ളത്. എന്നാൽ അവസാനത്തിൽ **വർ ഫഅ്നീ** എന്നതിനുള്ളത്ര ബന്ധം **വർസുഖ്നീ** എന്നതിനില്ല. എന്നാൽ നമ്മുടെ ഗ്രന്ഥങ്ങളിൽ അങ്ങനെയാണ് കൊടുത്തിട്ടുള്ളതും. ആദ്യത്തിൽ എന്റെ മനസ്സിൽ തോന്നിയത് ഈ ക്രമം ശരിയല്ല അതിനാൽ അന്വേഷിക്കേണ്ടതാണ് എന്നാണ്. ഇത് വളരെ രസകരമായ ഒരു തോന്നലായിരുന്നു. കാരണം എന്റെ അനുമാനത്തിൽ **വർഫഅ്നീ** അവസാനത്തിലാണു വരേണ്ടത്, ആദ്യമല്ല. അതിനാൽ ഞാൻ പരിശോധിപ്പിച്ചു. ഏതെല്ലാം ഹദീസുകളിൽ ഈ ദുആയെ സംബന്ധിച്ചു പരാമർശമുണ്ടെന്നു കണ്ടുപിടിക്കുന്ന ജോലി റബ്വയെ ഏൽപ്പിച്ചു. നമ്മുടെ ഗ്രന്ഥത്തിൽ പരാമർശിക്കുന്ന ദുആ ഒരു ഹദീസിലും ഇല്ല എന്നുള്ളത് വളരെ വിചിത്രമായ കാര്യമായിരുന്നു. വിവിധ രിവായത്തുകളെ തമ്മിൽ ബന്ധിപ്പിച്ച് ഒരു ദുആ ഉണ്ടാക്കി. എന്നാൽ ഹദീസിലെ വാക്കുകളിൽ ഈ ക്രമവും ആയിരുന്നില്ല, ഈ എല്ലാ പദങ്ങളും ഉണ്ടായിരുന്നില്ല. അതിനാൽ ആദ്യം തന്നെ നാം ഈ ദുആ ശരിയാക്കണം. സിഹാഹ് സിത്തയിലുള്ള മൂന്നു ഗ്രന്ഥങ്ങളിൽ മൂന്നു രിവായത്തുകൾ ഉണ്ട്. രണ്ടു ഗ്രന്ഥങ്ങളിൽ ഒരേ വാക്കുകളാണ്. ഒന്നിൽ അതിൽ നിന്ന് വ്യത്യസ്തമായ പദങ്ങളും. അതും ശരിയായ ദുആ തന്നെയാണ്. ഇനി ആ ഗ്രന്ഥങ്ങളിലുള്ള രിവായത്തുകൾ എന്താണെന്നു പറയാം.

ജാമിഅ് തിർമിദി ഒരു സഹീഹ് ഗ്രന്ഥമാണ്. അതിൽ വന്നിട്ടുള്ളത് **അല്ലാഹുമ്മഗ്ഫിർലീ വർഹംനീ വഹ്ദിനീ വർസുഖ്നീ** എന്നാണ്. **വർഫഅ്നീ** അതിലില്ല. അതാണു ഞാൻ അന്വേഷിച്ചതും. അത് അവസാനത്തിൽ ആയിരിക്കുമെന്നത് എനിക്കുറപ്പുണ്ടായിരുന്നു. കാരണം, നബി തിരുമേനി(സ) യുടെ ഭാഷ വളരെയധികം സാഹിത്യ സമ്പുഷ്ടവും അതിവിശാലവുമാകുന്നു. നബി (സ) ഒരു ദുആ പഠിപ്പിച്ചിട്ടുണ്ടെങ്കിൽ സുജൂദിൽ പോകുന്നതിനു മുമ്പ് **വർഫഅ്നീ** എന്ന പരാമർശം ഉണ്ടാകുന്നതാണ്. കാരണം സുജൂദിലൂടെയാണ് മനുഷ്യന്റെ **റഫഅ്** ഉണ്ടാകുന്നത്. നബി(സ) ഒരിക്കൽ പറഞ്ഞു, അല്ലാഹുവിന്റെ ദാസൻ അല്ലാഹുവിന്റെ സവിധത്തിൽ താഴ്മയോടു കൂടി കുനിയുമ്പോൾ അല്ലാഹു അവനെ ഏഴാനാകാശത്തേക്ക് ഉയർത്തുന്നു. ചുരുക്കത്തിൽ **റഫഅ** എന്ന പദം സുജൂദുമായി ബന്ധപ്പെട്ടതാകുന്നു. അതു കൊണ്ടാണ് എന്റെ അനുമാനം ശരിയായി എന്ന സന്തോഷം എനിക്ക് ഉണ്ടായത്. പ്രസ്തുത ഹദീസിന്റെ വാക്കുകൾ ഇപ്രകാരമാണ്, **അല്ലാഹുമ്മഗ്ഫിർലീ വർഹംനീ വജ്ബുർനീ വഹ്ദിനീ വർസുഖ്നീ.** ഇതിൽ **ആഫിനീ** ഇല്ല. രണ്ടാമത്തേത് **അല്ലാഹുമ്മഗ്ഫിർലീ വർഹംനീ വആഫിനീ വഹ്ദിനീ വർസുഖ്നീ** എന്നാണ്. ഇതിൽ **വജ്ബുർനീ** ഇല്ല.

ഈ മൂന്നു ഹദീസുകളിലും വാക്കുകളിലുള്ള വ്യതിരിക്തത ഇടയിൽ രിവായത്ത് ചെയ്യുന്നവരുടെ ഓർമശക്തിയിലുള്ള വ്യത്യസ്തതയാണെന്നു മനസ്സിലാകുന്നു. തുടക്കം മുതൽ ഹദീസ് ശരിയായ നിലയിൽ തുടരുന്നു. എന്നാൽ, ശരിയായ മാർഗത്തിൽ എത്തിച്ചേരാനുള്ള ഏതെങ്കിലും മാർഗം ഉണ്ടായിരിക്കുമല്ലോ. ചുരുക്കത്തിൽ, ഈ രണ്ടു ഗ്രന്ഥത്തിലെയും പദങ്ങൾ പരസ്പരം യോജിക്കുന്നില്ല.

മറ്റൊരു രിവായത്തും കൂടിയുണ്ട്. അതിലെ വാക്കുകളും സമാനമല്ല. എന്നാൽ, അതിന്റെ ഉള്ളടക്കം വളരെ നല്ലതാണ്. അത് സുനൻ ഇബ്നുമാജയാകുന്നു. നമ്മുടെ സാഹിത്യങ്ങളിൽ ധാരാളമായി ഉദ്ധരിക്കപ്പെടുന്ന ഒരു ഗ്രന്ഥമാണിത്. അതിലെ വാക്കുകൾ ഇപ്രകാരമാണ്, **റബ്ബിഗ്ഫിർലീ വർഹംനീ വജ്ബുർനീ.** എന്റെ നാഥാ! എനിക്കു പൊറുത്ത് തരേണമേ, എന്നിൽ കരുണ ചൊരിയണേ, എന്നെ നേരെയാക്കണമേ, **വർസുഖ്നീ** എനിക്ക് ആത്മീയവും ഭൗതീകവുമായ ജീവിത വിഭവങ്ങൾ നൽകേണമേ, അവസാനത്തിൽ **വർഫഅ്നീ** എന്നും ഉണ്ട്. എന്നെ ഉയർത്തേണമേ. അതിനു ശേഷം **അല്ലാഹു അക്ബർ** എന്ന് പറഞ്ഞ് സുജൂദിലേക്ക് പോകുന്നു. **റബ്ബിഗ്ഫിർലീ വർഹംനീ വജ്ബുർനീ വർസു ഖ്നീ വർഫഅ്നീ.** ഇതാണ് എന്നെ ആകർഷിച്ച ഹദീസ്. അത് കിട്ടുമെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു. കിട്ടുകയും ചെയ്തു.

ഈ മൂന്നു നിവേദനങ്ങളും വ്യത്യസ്തമാണ്. എന്നാൽ എന്റെ മനസ്സിൽ ഉണ്ടായിരുന്നത് നബി(സ) ഒരു ക്രമത്തിലായിലിരിക്കും കാര്യങ്ങൾ പറഞ്ഞിട്ടുണ്ടാകുക അതിനാൽ **വർഫഅ്നീ** എന്ന് അവസാനത്തിലായിരിക്കും പരാമർശിച്ചിട്ടുണ്ടാകുക എന്നാണ്. അത് സുനൻ ഇബ്നു മാജയിൽ ലഭിച്ചു. അതിനാൽ നമ്മുടെ ഗ്രന്ഥങ്ങളിലും ഇതാണ് ഉൾപ്പെടുത്തേണ്ടത്.

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

# നമസ്കാരം യഥാർത്ഥത്തിൽ ദുആയാണ്

നമസ്കാരം എന്താണ്? അത് യഥാർഥത്തിൽ അല്ലാഹുവിനോടുള്ള പ്രാർത്ഥനയാണ്. അതു കൂടാതെ മനുഷ്യന് ജീവിക്കാനോ സുഖസന്തോഷങ്ങൾ കൈവരിക്കാനോ സാധ്യമല്ല. അല്ലാഹു തന്റെ അനുഗ്രഹം അവനിൽ വർഷിക്കുമ്പോൾ യഥാർഥ സന്തോഷവും സംതൃപ്തിയും അവനു ലഭ്യമാവും. ആനന്ദവും അനുഭൂതിയും ആ നിമിഷം മുതൽ അവൻ അനുഭവിച്ചു തുടങ്ങും. നമസ്കാരത്തിൽ അവന്റെ തേങ്ങലും കരച്ചിലും രുചികരമായ ഭക്ഷണം പോലെ ആനന്ദദായകമായി അനുഭവപ്പെടുന്നതാണ്. ഈ അവസ്ഥയ്ക്കു മുൻപ്, ആരോഗ്യം വീണ്ടെടുക്കാൻ കയ്പുള്ള മരുന്ന് കഴിക്കുന്നതു പോലുള്ള അവസ്ഥയായിരിക്കും അവൻ അനുഭവിക്കുക.

(മൽഫൂസാത്ത് വാള്യം. 2 പേ:615,616)

### നമസ്കാരം യഥാർഥത്തിൽ ദുആയാണ്

നമസ്കാരം യഥാർഥത്തിൽ ദുആയാണ്. നമസ്കാരത്തിൽ ഓതപ്പെടുന്ന ഓരോ പദവും അതു ദുആയാണെന്നതിലേക്കാണ് സൂചന നൽകുന്നത്. നമസ്കാരത്തിൽ താൽപര്യമില്ലാത്തവൻ ദൈവിക ശിക്ഷക്കായി തയ്യാറായിക്കൊള്ളുക. എന്തുകൊണ്ടെന്നാൽ,ദുആ ചെയ്യാത്ത വ്യക്തി നാശത്തിലേക്കു സ്വയം ചെന്നെത്തുമെന്നുള്ളത് തീർച്ചയാണ്. ഒരു രാജാവ്, താൻ ദു:ഖിതരുടെ ദു:ഖമകറ്റുകയും അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുകയും അവരോടു കരുണ കാണിക്കുകയും നിരാലംബരെ സഹായിക്കുകയും ചെയ്യുമെന്ന് നിരവധി തവണ വിളംബരപ്പെടുത്തുന്നുവെന്നിരിക്കട്ടെ. എന്നാൽ, കഷ്ടതയിലകപ്പെട്ടിരിക്കുന്ന ഒരുവ്യക്തി ആ വിളംബരം ഗൗനിക്കാതെയും തന്റെ പ്രശ്നങ്ങൾ വിവരിച്ചുകൊണ്ട് സഹായഭ്യർഥന നടത്താതെയും അദ്ദേഹത്തിന്നരികിലൂടെ കടന്നു പോവുകയാണെങ്കിൽ അവൻ നാശമടയുമെന്നത് തീർച്ചയാണല്ലോ. അല്ലാഹുവും ഇതുപോലെയാണ്. മനുഷ്യന് സൗഖ്യം നൽകാൻ അവൻ എപ്പോഴും തയ്യാറാണ്. അവനോട് തേടണമെന്ന നിബന്ധനയാണുള്ളത്. അനുസരണക്കേടിൽ നിന്നു പിന്തിരിയുകയും ദുആയിൽ ഊന്നൽ നൽകുകയും ചെയ്യേണ്ടത് ദുആ സ്വീകാര്യതയ്ക്ക് അനുപേക്ഷണീയമാണ്. എന്തുകൊണ്ടെന്നാൽ,കല്ലിൻ മേൽ മറ്റൊരു കല്ലുരസിയാലല്ലേ തീയുണ്ടാവുകയുള്ളൂ.

(മൽഫൂസാത്ത് വാള്യം.4 പേജ്.54)

### യഥാർഥ നമസ്കാരം

ദീനും ദുനിയാവും മനോഹരമാക്കിത്തീർക്കുന്ന ഒന്നാണ് നമസ്കാരമെന്ന് ഓർമ്മിച്ചു കൊള്ളുവിൻ. എന്നാൽ ശാപഗ്രസ്തമായ നമസ്കാരമാണ് പലരും അനുഷ്ഠിക്കുന്നത്. അല്ലാഹു പറയുന്നു: അതായത്, നമസ്കാരത്തിന്റെ യാഥാർഥ്യത്തിൽ നിന്ന് അശ്രദ്ധരായിക്കൊണ്ട് നമസ്കരിക്കുന്നവരുടെ മേൽ ശാപം!

എല്ലാവിധ ദുഷ്പ്രവൃത്തികളിൽ നിന്നും ലജ്ജാഹീനതയിൽ നിന്നും സംരക്ഷിക്കുന്ന ഒന്നാണ് നമസ്കാരം. പക്ഷേ, ഞാൻ മുൻപ് വിവരിച്ചതുപോലെ, ഇങ്ങനെ നമസ്കരിക്കുക എന്നത് മനുഷ്യന്റെ സ്വന്തം കഴിവിൽ പെട്ടതല്ല. ദൈവത്തിന്റെ സഹായമില്ലാതെ ഈ വഴി പ്രാപിക്കുക സാധ്യമല്ല. ഏതുവരെ മനുഷ്യൻ പ്രാർത്ഥനയിൽ മുഴുകുന്നില്ലയോ ഇതു പോലുള്ള ഭയഭക്തിയും ഉള്ളുരുക്കവും സംജാതമാവുക അസാധ്യം. ആകയാൽ,നിങ്ങളുടെ ദിനരാത്രങ്ങളിലെ ഓരോ നിമിഷവും പ്രാർത്ഥനയുടെ അഭാവത്തിൽ കഴിച്ചുകൂട്ടരുത്.

(മൽഫൂസാത്ത് വാള്യം.5 പേ:403)

നിങ്ങൾ നമസ്കാരം മനോഹരമാക്കുക. അല്ലാഹുവിന്റെ കല്പനകളെ അവന്റെ നിർദേശാനുസരണം നിർവ്വഹിക്കുകയും അവൻ വിരോധിച്ചതിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്യുക. അവന്റെ സ്മരണയിൽ മുഴുകുകയും നിരന്തരം ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുക. തങ്ങളുടെ നമസ്കാരങ്ങളിലെ റുകൂഉകളിലും സുജൂദുകളിലും ദുആ ചെയ്യാൻ ലഭിക്കുന്ന വേളകളിലെല്ലാം ദുആ ചെയ്യുവിൻ. അലസമായ നമസ്കാരം ഉപേക്ഷിക്കുക. ആചാരരൂപേണയുള്ള നമസ്കാരം ഫലപ്രദമോ സ്വീകാര്യമോ അല്ല. നിൽക്കുന്നതു മുതൽ സലാം വീട്ടുന്നത് വരെ ഭയഭക്തിയോടും ഉള്ളുരുക്കത്തോടും ഹൃദയസാന്നിധ്യത്തോടും നിർവ്വഹിക്കപ്പെടുന്നതാണ് നമസ്കാരം. അല്ലാഹുവിനെ താൻ കാണുന്നുവെന്ന ചിന്തയോടെ വിനയത്തോടും താഴ്മയോടും കൂടിയാണ് അത് നിർവ്വഹിക്കപ്പെടേണ്ടത്. അങ്ങനെ സാധ്യമായില്ലെങ്കിൽ ചുരുങ്ങിയ പക്ഷം ദൈവം നിങ്ങളെ കാണുന്നുണ്ടെന്ന ചിന്തയോടെ നമസ്കരിക്കുക. ഇങ്ങനെ അങ്ങേയറ്റത്തെ ബഹുമാനത്തോടും സ്നേഹത്തോടും നിറഞ്ഞ ഭയഭക്തിയോടും കൂടി നമസ്കാരം നിർവ്വഹിക്കുക.

(മൽഫൂസാത്ത് വാള്യം.3 പേ.176,177)

### ദൈവസ്നേഹം

താഴ്മയുടെ പരമമായ അവസ്ഥയിൽ മനുഷ്യാത്മാവ് ചെന്നെത്തുമ്പോൾ ഒരു നദി കണക്കെ ദൈവത്തിലേക്കത് ഒഴുകുന്നു. ദൈവേതരരുമായുള്ള അവന്റെ ബന്ധം പരിപൂർണ്ണമായും വിച്ഛേദിക്കപ്പെടുന്ന ആ സമയത്ത് ദൈവസ്നേഹം അവനിൽ ചൊരിയുമാറാകുന്നു. മുകളിൽ നിന്ന് പരിപാലനത്വ ത്തിന്റെയും താഴെ നിന്ന് ദാസത്വത്തിന്റെയും രണ്ട് ആവേശങ്ങൾ കൂടിച്ചേരുമ്പോൾ ഒരു പ്രത്യേക അവസ്ഥ സംജാതമാവുന്നു. അതിന്റെ പേരാണ് നമസ്കാരം. തിന്മകളെ ഭസ്മമാക്കിക്കളയുകയും തത്സ്ഥാനത്ത് ജ്വലിക്കുന്ന പ്രകാശം ശേഷിപ്പിക്കുന്നതുമായ നമസ്കാരമാണത്. അപകടങ്ങളും ബുദ്ധിമുട്ടുകളും നിറഞ്ഞ വഴിയിൽ മനുഷ്യന് അതൊരു കത്തിജ്ജ്വലിക്കുന്ന വിളക്കായി വർത്തിക്കുന്നു. കല്ലും മുള്ളും നിറഞ്ഞ വഴികളിലൂടെ അത് അവനെ സംരക്ഷിച്ചു നിർത്തുന്നു. ***ഇന്ന സ്വലാത്ത തൻഹാ അനിൽ ഫഹ്ശാ വൽ മുൻകർ*** എന്ന വചനം അവനിൽ സാക്ഷാൽകരിക്കപ്പെടുന്ന അവസ്ഥയാണിത്. എന്തുകൊണ്ടെന്നാൽ, അവന്റെ കൈകളിലല്ല, അവന്റെ ഹൃദയത്തിലായിരിക്കും വിളക്കു വെച്ചിട്ടുണ്ടാവുക.പരിപൂർണമായ വിനയം, താഴ്മ, അനുസരണം എന്നിവയിലൂടെയാണ് ഈ സ്ഥാനം കരഗതമാവുന്നത്. എന്നിരിക്കെ, പാപം ചെയ്യാനുള്ള ചിന്ത അവനുണ്ടാകുമോ? നിഷിദ്ധകർമ്മങ്ങൾ അവനിൽ ഉണ്ടാവുകയോ നീചകൃത്യങ്ങളിലേക്ക് അവന്റെ ദൃഷ്ടി പതിയുകയോ ഇല്ല. ചുരുക്കത്തിൽ ഒരു തരം ആനന്ദമാണ് കൈവരിക. അതെങ്ങനെ വിവരിക്കണമെന്ന് എനിക്കറിയില്ല.

(മൽഫൂസാത്ത് വാള്യം 1 പേജ്.105)

### വിശുദ്ധ ഖുർആന്റെ ശ്രേഷ്ഠത.

നമസ്കാരം അല്ലാഹുവിന്റെ അവകാശമാണ്. അതു നന്നായി നിർവ്വഹിക്കുക.ദൈവത്തിന്റെ ശത്രുവിനെ പ്രീണിപ്പിക്കുന്ന രീതിയിലുള്ള ജീവിതം നയിക്കരുത്. ആത്മാർഥതയും സത്യസന്ധതയും നിങ്ങൾ പുലർത്തുക. വീടു മുഴുവനും കൊള്ളയടിക്കപ്പെട്ടാലും ശരി; നമസ്കാരം ഉപേക്ഷിക്കരുത്. നമസ്കാരം നീചവൃത്തിയാണെന്നു പറയുന്നവൻ നിഷേധിയും കപടവിശ്വാസിയുമാണ്.നമസ്കരിക്കാൻ തുടങ്ങിയതു കാരണം ഇന്ന ഇന്ന നഷ്ടങ്ങളുണ്ടായി എന്നവർ പറയുന്നു. അല്ലാഹുവിന്റെ കോപത്തിന് പാത്രമാകാനുള്ള വഴിയല്ല നമസ്കാരം. അത് നീചവൃത്തിയാണ് എന്നു പറയുന്നവരുടെ ഉള്ളിലാണ് വിഷം ഉള്ളത്. രോഗിക്ക് മധുരം കയ്പായി അനുഭവപ്പെടുന്നതു പോലെയാണ് അവരുടെ അവസ്ഥ. നമസ്കാരത്തിന്റെ അനുഭൂതി അവർക്ക് ലഭിക്കുന്നില്ല. ദീനിനെയും ദുനിയാവിനെയും ധാർമ്മികതയെയും നമസ്കാരം മെച്ചപ്പെടുത്തുന്നു. നമസ്കാരത്തിൽ കൈ വരുന്ന ആനന്ദം മറ്റെല്ലാ ആനന്ദത്തെയും അതിശയിക്കുന്നതാണ്. ഭൗതിക സുഖാനുഭൂതിക്കു വേണ്ടി മനുഷ്യൻ ആയിരങ്ങൾ ചെലവഴിക്കുന്നു. ഫലമോ പലവിധ രോഗങ്ങൾ. എന്നാൽ ഇത് (നമസ്കാരം) അവന് സൗജന്യമായി ലഭിക്കുന്ന സ്വർഗ്ഗമാണ്. വിശുദ്ധ ഖുർആനിൽ രണ്ടു സ്വർഗ്ഗങ്ങളെക്കുറിച്ച് പരാമർശമുണ്ട്. അതിലൊന്ന് ഈ ലോകത്തു വെച്ച് ലഭിക്കുന്ന സ്വർഗ്ഗമാണ്. നമസ്കാരത്തിൽ ലഭിക്കുന്ന ആനന്ദമാണ് ആ സ്വർഗ്ഗം.

(മൽഫൂസാത്ത് വാള്യം 3 പേ.591,592)




# പ്ലാറ്റിനം ജൂബിലി സോണൽ ഇജ്തിമ

**കോഴിക്കോട്** : മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് കേരളാ ഇജ്തിമ ബൈത്തുൽ ഖുദ്ദൂസിൽ വെച്ച് നടക്കുകയുണ്ടായി. ജില്ലാ അമീർ കെ.എം. അഹ്മദ് കോയ സാഹിബിന്റെ അദ്ധ്യക്ഷതയിൽ




സദ്ർ സാഹിബിന്റെ പ്രതിനിധിയായി നാഇബ് സദ്ർ അസർ ഖാദിം സാഹിബ് ഉദ്ഘാടനം ചെയ്തു. മാത്തോട്ടം അമീർ പി.എം. ബശീർ സാഹിബ്, നാഇബ് സദ്ർ സി. ശമീം സാഹിബ്, ഹബീബുറഹ്മാൻ സാഹിബ് (മുഅ്തമിം വഖാറെ അമൽ ഭാരത്), നോർത്ത് ഇലാഖാ ഖാഇദ് റഹീം ശസുദ്ദീൻ സാഹിബ് എന്നിവർ സംബന്ധിച്ചു. സമാപന പരിപാടിയിൽ നാഇബ് സദ്ർ സി. ശമീം സാഹിബ് സദസ്സിനെ അഭിസംബോധനം ചെയ്തു സംസാരിക്കുകയുണ്ടായി. കണ്ണൂർ ജില്ല ഖുദ്ദാമുൽ അഹ്മദിയ്യാ ഓവറോൾ ചാമ്പ്യൻ പട്ടം കരസ്ഥമാക്കി.

**കരുളായി**: സെൻട്രൽ കേരളാ ഇജ്തിമ മലപ്പുറം ജില്ലാ അമീർ ടി.കെ.അമീറലി സാഹിബ് (സദർ ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രതിനിധി) ഉദ്ഘാടനം




ചെയ്തു. മുഖ്യാതിഥി മൗലവി എച്ച്.ശംസുദ്ദീൻ സാഹിബ്, പാലക്കാട് ജില്ലാ അമീർ എം.കെ. അബ്ദുൽ കരീം സാഹിബ്, നാഇബ് സദർ ഖുദ്ദാമുൽ അഹ്മദിയ്യാ സി.ശമീം സാഹിബ്, കരുളായി അമീർ സി. എച്ച്.സിദ്ദീഖ് സാഹിബ് എന്നിവർ യോഗത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. നാഇബ് ഖാഇദ് കെ.ഉണ്ണീൻ സാഹിബ് സ്വാഗതവും, മുഅ്ത്തമിദ് കെ.ഷിയാസ് അഹ്മദ് സാഹിബ് റിപ്പോർട്ടും അവതരിപ്പിച്ചു.

ഡോ.മുസഫർ സാഹിബ് മോഡറേറ്റർ ആയിക്കൊണ്ട് വൈജ്ഞാനിക ലോകത്ത് അഹ്മദികളുടെ ലക്ഷ്യബോധം എന്ന വിഷയത്തെ ആസ്പദമാക്കി സിമ്പോസിയം സംഘടിപ്പിക്കുകയുണ്ടായി.

മികച്ച മജ്ലിസുകളായി പാലക്കാട്, കരുളായി, പത്തപ്പിരിയം മജ്ലിസുകൾ തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. മലപ്പുറം ജില്ലാ അമീർ സാഹിബിന്റെ ദുആയോടെ സമാപിച്ച ഇജ്തിമായിൽ 19 മജ്ലിസുകളിൽ നിന്നായി 400 ൽ പരം ഖുദ്ദാം അത്ഫാൽ സഹോദരങ്ങൾ പങ്കെടുത്തു.

**എറണാകുളം**: മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ സൗത്ത് സോണിന്റെ പ്ലാറ്റിനം ജൂബിലി ഇജ്തിമ മസ്ജിദ് ഉമറിൽ വെച്ച് നടത്തപ്പെട്ടു. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പതാക ഉയർത്തി കൊണ്ട് അഖിലേന്ത്യ നാഇബ് സദ്ർ സി. ശമീം അഹ്മദ് സാഹിബ് ഇജ്തിമയ്ക്ക് സമാരംഭം കുറിച്ചു. ജില്ലാ അമീർ പി.കെ.ശാഹുൽ ഹമീദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ നാഇബ് സദ്ർ സി. ശമീം അഹ്മദ് സാഹിബ് ഇജ്തിമ ഉൽഘാടനം ചെയ്തു. സോണൽ ഖാഇദ് ഇ.എച്ച്.നജീബ് സാഹിബ് ആമുഖഭാഷണം നിർവഹിച്ചു. മൗലവി എം. നാസിർ അഹ്മദ് സാഹിബ്, മൗലവി പി. അബ്ദുന്നാസിർ സാഹിബ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് പ്രത്യേക സ്നേഹോപഹാരം സമർപ്പിക്കുകയുണ്ടായി.




അത്ഫാലുകൾക്കായി മൗലവി എം. നാസിർ അഹ്മദ് സാഹിബും മൗലവി നജീബ് ഖാൻ സാഹിബും ക്ലാസ്സെടുത്തു. എ.എം. മുഹമ്മദ് സലീം സാഹിബ് മുസ്ലിഹ് മൗഊദ് (റ) ന്റെ ജീവിത ചരിത്രത്തെ സംബന്ധിച്ചും, ഫുആദ് അഹ്മദ് സാഹിബ് വിക്കിപീഡിയായുടെ ഉപയോഗത്തെയും പ്രാധാന്യത്തെയും കുറിച്ചും, മുഹമ്മദ് ശരീഫ് സാഹിബ് ഖാദിമിന്റെ കടമകളെ കുറിച്ചും ക്ലാസ്സെടുത്തു.

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ കരുനാഗപ്പള്ളി ഖുദ്ദാം വിഭാഗത്തിലും അത്ഫാലുൽ അഹ്മദിയ്യാ വിഭാഗത്തിൽ മജ്ലിസ് അത്ഫാലുൽ അഹ്മദിയ്യ പള്ളുരുത്തിയും ഓവറോൾ ചാമ്പ്യൻ പട്ടം കരസ്ഥമാക്കി. കരുനാഗപ്പള്ളി മജ്ലിസിലെ സാബിത് സാഹിബ് വ്യക്തിഗത ചാമ്പ്യനായി തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ നടപ്പു വർഷത്തിൽ ഏറ്റവും അധികമായി സമൂഹത്തിലെ ഉന്നത വ്യക്തിത്വങ്ങൾക്ക് ജമാഅത്തിന്റെ സന്ദേശം എത്തിക്കുന്നതിൽ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ മുവ്വാറ്റുപുഴ സമ്മാനം കരസ്ഥമാക്കി.

## ആത്മാർഥരായ ജമാഅത്തംഗങ്ങളുടെ ശ്രദ്ധയ്ക്ക്

തഹ്രീക് ജദീദ് വാഗ്ദാനങ്ങളുടെ വർഷം നവംബർ 1 ന് ആരംഭിച്ച് ഒക്ടോബർ 31 ന് അവസാനിക്കുന്ന കാര്യം എല്ലാവർക്കും അറിവുള്ളതാണല്ലോ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം ജമാഅത്തംഗങ്ങൾ ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലായുടെ നവവർഷ വിളംബര ഖുത്വുബ ശ്രവിച്ചതിന് ശേഷം തങ്ങളുടെ വാഗ്ദാനങ്ങളിൽ വർദ്ധനവ് വരുത്തിയിരുന്നു. എന്നാൽ 11 മാസത്തെ കാലാവധി കഴിഞ്ഞപ്പോഴും ചില ജമാഅത്തുകളുടെ വാഗ്ദാനമനുസരിച്ചുള്ള വസൂലി ഇല്ലെന്നാണ് കാണാൻ കഴിഞ്ഞിരിക്കുന്നത്. ഇത് വളരെ ചിന്താർഹമായ കാര്യമാണ്. ഹുസൂർ തിരു മനസ്സ് നിർദേശിച്ച ടാർഗറ്റ് പൂർത്തിയാക്കുന്നതിന് ഇനി കേവലം ഒരു മാസമെ ശേഷിക്കുന്നുള്ളു എന്നത് ഓർക്കേണ്ടതാണ്.

തഹ്രീക് ജദീദ് ചന്ദ നൽകുന്നതിനെ സംബന്ധിച്ച് ഹദ്റത് മുസ്ലിഹ് മൗഊദ് (റ) താക്കീത് നൽകിക്കൊണ്ട് പറയുന്നു, *"എത്രയും പെട്ടെന്ന് തഹ്രീക് ജദീദിന്റെ ചന്ദ കൊടുത്തു തീർക്കാൻ ജമാഅത്തംഗങ്ങൾ ശ്രമിക്കേണ്ടതാണ്. അത് കൊടുത്തു തീർക്കുന്നതിനായി വർഷാവസാനം വരെ കാത്തിരിക്കരുത്. അതിന്റെ കുടിശിക വെക്കുന്നത് വളരെ ലജ്ജാകരമാണ്."* (റിപ്പോർട്ട് മജ്ലിസ് ശൂറാ, 10 - 12 ഏപ്രിൽ 1936)

എല്ലാ സെക്രട്ടറിമാരും അവരവരുടെ ജമാഅത്തിലെ ബജറ്റ് പരിശോധിക്കുകയും 100 ശതമാനം ചന്ദ വസൂലാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക. കൂടാതെ ഇൻസ്പെക്ടറുമായി പരിപൂർണമായും സഹകരിക്കുക.

അല്ലാഹു നിങ്ങളുടെ പരിശ്രമങ്ങളെ സ്വീകരിക്കുമാറാകട്ടെ. എല്ലാ ആത്മാർഥരായ അഹ്മദികളുടെയും സമ്പത്തിലും ജീവനിലും അസാധാരണമായ അനുഗ്രഹങ്ങൾ വർഷിക്കട്ടെ.

**വക്കീലുൽ മാൽ തഹ്രീക് ജദീദ് ഖാദിയാൻ**

# ശിശുഭവൻ സന്ദർശനം



**എറണാകുളം:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തകർ എറണാകുളം ശിശുഭവനം സന്ദർശിക്കുകയും അവിടെയുള്ള കുട്ടികൾക്കായി ഭക്ഷണം തയ്യാറാക്കി നല്കുകയും ചെയ്തു. ഖാദിമുകളോടൊപ്പം അത്ഫാലുകളും സന്ദർശനസംഘത്തിൽ ഉണ്ടായിരുന്നു.

## ഈദ് മിലൻ




കോഴിക്കോട്




ചെന്നൈ



ഡൽഹി




മുംബൈ

# കോഴിക്കോട് മേഖല ഇജ്തിമ




**കോഴിക്കോട്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ മേഖലാ ഇജ്തിമാഅ് 2013 കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ വെച്ച് നടത്തുകയുണ്ടായി. നോർത്ത് ഇലാഖ ഖാഇദ് അബ്ദുൽ റഹീം ശംസുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിൽ കോഴിക്കോട് ജില്ലാ അമീർ കെ.എം. അഹ്മദ് കോയ സാഹിബ് ഇജ്തിമാഅ് ഉദ്ഘാടനം ചെയ്തു. മൗലവി ഇസ്മാഈൽ സാഹിബ് എച്ച്.എ, മൗലവി സഫർ അഹ്മദ് സാഹിബ്, മൗലവി സുൽത്താൻ നസീർ സാഹിബ്, മൗലവി ആരിഫ് മുഹമ്മദ് സാഹിബ്, ഖുദ്ദാമുൽ അഹ്മദിയ്യാ ഇൻസ്പെക്ടർ റഷീദ് ശമീം സാഹിബ്, നോർത്ത് ഇൽഖാ നാഇബ് ഖാഇദ് എം. സിറാജുദ്ദീൻ, കോഴിക്കോട് ജില്ലാ ഖാഇദ് എ.ടി. നസറുദ്ദീൻ എന്നിവർ സംബന്ധിച്ചു.

സാമൂതിരി ഗ്രൗണ്ടിൽ വെച്ച് നോർത്ത് ഇലാഖാ നാഇബ് ഖാഇദ് എം. സിറാജുദ്ദീൻ സാഹിബിന്റെ ദുആയോടെ സ്പോർട്സ് നേരത്തെ തന്നെ ആരംഭിച്ചിരുന്നു. സൃഷ്ടി സേവനരംഗത്ത് മുന്നേറണമെന്നും അതിഥികളെ എങ്ങനെ സൽക്കരിക്കണമെന്നുള്ളതിനെ കുറിച്ചും ഖാദിമീംകളെ അഭിമുഖീകരിച്ചുകൊണ്ട് സി. ശമീം സാഹിബ് (നാഇബ് സദ്ർ സൗത്ത് ഇന്ത്യ) സംസാരിക്കുകയുണ്ടായി. തുടർന്ന് ഖുദ്ദാം അത്ഫാൽ അംഗങ്ങളുടെ സ്പോർട്സ്, വൈജ്ഞാനിക മത്സരങ്ങൾ എന്നിവയ്ക്കുള്ള സമ്മാനദാനം നടത്തുകയുണ്ടായി. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ കോഴിക്കോട് ഓവറോൾ നേടി.

# ഖിലാഫത്ത് വ്യവസ്ഥയുമായി ഒട്ടിച്ചേർന്നിരിക്കുക

### ടി.കെ അമീറലി മലപ്പുറം ജില്ലാ അമീർ

**പത്തപിരിയം:** ഓരോ ഖാദിമും അത്ഫാലും ഖിലാഫത്തുമായി ഒട്ടിച്ചേർന്ന് കൊണ്ട് പ്രവർത്തനനിരന്തരാകണം എന്നും നമ്മുടെ എല്ലാ വിജയങ്ങളും ഖിലാഫത്ത് വ്യവസ്ഥിതിയുമായാണ് നിലകൊള്ളുന്നതെന്നും മലപ്പുറം അമീർ ടി.കെ അമീറലി സാഹിബ് പ്രസ്താവിച്ചു. പത്തപിരിയം മജ്‌ലിസ് ഖുദ്ദാം അത്ഫാൽ സംയുക്ത ഇജ്തിമ ഉൽഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തബ്ലീഗ് രംഗം ഊർജ്ജസ്വലമാക്കുവാനും ജമാഅത്തിന്റെ വളർച്ചക്ക് നിർണ്ണായക പങ്ക് വഹിക്കുവാനും ഖുദ്ദാം അത്ഫാലുകളെ അദ്ദേഹം ഉണർത്തി. പ്ലാറ്റിനം ജൂബിലിയിലൂടെ കടന്നു പോകുന്ന ഖുദ്ദാമുൽ അഹ്മദിയ്യാക്ക് നിർണ്ണായകമായ കാലഘട്ടമാണിതെന്നു ഇലാഹി പ്രസ്ഥാനം എന്ന നിലയിൽ അല്ലാഹുമായുള്ള ബന്ധം ദൃഢമാക്കുവാനും പരസ്പരം സഹകരിച്ചും കൂട്ടായ്മയോടും ജമാഅത്തിന്റെ പ്രവർത്തനത്തിൽ ഭാഗവാക്കാകുവാനും അദ്ദേഹം ആഹ്വാനം ചെയ്തു. ഇലാഖ ഖാഇദ് ടി.കെ മുഷ്താഖ് സാഹിബിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പത്തപിരിയം സദ്ർ സി.എച്ച്. സാലിഹ് സാഹിബ്, മൗലവി എം.പി. നജീബ് അഹ്മദ് സാഹിബ്, അൻസാറുല്ലാഹ് സഈം സി.അൻവർ സാഹിബ് മുതലായവർ ആശംസകൾ നേർന്നു.

സമാപനയോഗം പത്തപിരിയം സദറും ഖാഇദുമായ




സി.എച്ച് സാലിഹ് സാഹിബിന്റെ അധ്യക്ഷതയിലായിരുന്നു. യോഗത്തിൽ മൗലവി എം.പി നജീബ് അഹ്മദ് സാഹിബ് "ഖുദ്ദാം അത്ഫാൽ ഉത്തരവാദിത്വം" എന്ന വിഷയത്തിൽ ക്ലാസെടുത്തു. അൻസാറുല്ലാഹ് സഈം സി. അൻവർ സാഹിബ് ആശംസകൾ നേർന്നു. മത്സരവിജയികൾക്ക് പി. അബ്ദുൽ അമീർ, സി.മുഹമ്മദ് അൻവർ, സി.കെ.ഖമറുദ്ദീൻ മുതലായവർ സമ്മാനദാനം നൽകി.

# പെരുന്നാൾ കിറ്റ് വിതരണം

**കാക്കനാട്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മ ദിയ്യായുടെ നേതൃത്വത്തിൽ 10 നിർധന കുടുംബങ്ങൾക്ക് ചെറിയ പെരുന്നാളിനോടനുബന്ധിച്ച് പെരുന്നാൾ കിറ്റ് വിതരണം നടത്തി.




# അഹ്മദിയ്യത്തിന് ലോകവ്യാപകമായി വൻവിജയം

## 540000 ബൈഅത്തുകൾ, 565 പുതിയ ജമാഅത്തുകൾ

**കോസ്റ്റ റിക്കയും മോണ്ടെനെഗ്രോയും അടക്കം ഇപ്പോൾ 204 രാജ്യങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് വ്യാപിച്ചിരിക്കുന്നു.**

ലണ്ടൻ: യു.കെയുടെ 47ാമത് ജലസയുടെ രണ്ടാം ദിവസം, ഹദീഖത്തുൽ മഹ്ദിയിൽ സമ്മേളിച്ച, വിവിധ രാജ്യങ്ങളിലെ 30000 പ്രതിനിധികളെ അഭിസംബോധന ചെയ്തു കൊണ്ട് ഇസ്‌ലാമിന്റെ ഖലീഫയും അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള നേതാവുമായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ജമാഅത്തിന്റെ കഴിഞ്ഞ വർഷത്തെ നേട്ടങ്ങളും പുരോഗതിയും അവതരിപ്പിക്കുകയുണ്ടായി.

വിവിധ രാജ്യങ്ങളിൽ നിന്നുള്ള അഹ്മദികളും സമുദായ പ്രതിനിധികളും സർക്കാർ ഉദ്യോഗസ്ഥരും ഈ അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുക്കാൻ യു. കെയിൽ എത്തിച്ചേർന്നു.

◆ലോകത്തെ 116 രാജ്യങ്ങളിൽ നിന്നും പുതിയ ബൈഅത്തുകൾ രേഖപ്പെടുത്തി. അതിൽ 109 വിവിധ ദേശീയ പശ്ചാത്തലമുള്ളവയിൽ നിന്നായിരുന്നു.

◆അഹ്മദിയ്യാ പ്രവർത്തനങ്ങൾക്ക് പാകിസ്ഥാനിൽ നിരോധനം ഏർപ്പെടുത്തിയ കഴിഞ്ഞ 3 ദശകങ്ങൾ, അതായത് 1984 മുതൽ, 113 രാജ്യങ്ങളിൽ അഹ്മദിയ്യാ പ്രസ്ഥാനം വ്യാപിക്കുകയുണ്ടായി.

◆കഴിഞ്ഞുപോയ വർഷം 394 പള്ളികൾ ജമാഅത്തിന്റെ കയ്യിൽ വന്നു. ഇതിൽ 353 സ്ഥലങ്ങളിൽ പുതിയതായി കിട്ടിയതാണെങ്കിൽ ബാക്കിയുള്ളവ ആ സ്ഥലങ്ങളിൽ കൂട്ടം കൂട്ടമായി ബൈഅത്ത് നടന്നത് കൊണ്ടാണ് അവിടത്തെ പള്ളികൾ കൈവന്നത്.

◆കഴിഞ്ഞ 12 മാസങ്ങളിൽ 565 പുതിയ ജമാഅത്തുകൾ സ്ഥാപിതമാവുകയും 108 രാജ്യങ്ങളിലായി 121 മിഷൻ ഹൗസുകൾ പുതിയതായി ഉണ്ടാവുകയും അങ്ങനെ ലോകമാകെ മൊത്തം 2600 മിഷൻ ഹൗസുകൾ ജമാഅത്തിനുള്ളതായും ഹുസൂർ തിരുമനസ്സ് പ്രഖ്യാപിച്ചു.

◆അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് 71 വിവിധ ഭാഷകളിലായി വിശുദ്ധഖുർആൻ പരിഭാഷ പൂർത്തീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. മറ്റു ചില ഭാഷകളിലേക്കുള്ള പരിഭാഷാ ജോലികൾ പൂർത്തിയായി ക്കൊണ്ടിരിക്കുന്നു.



## റിപ്പബ്ലിക്ക് ഓഫ് കോസ്റ്റ റീക്ക

മദ്ധ്യഅമേരിക്കയിലെ ഒരു രാജ്യമാണ് കോസ്റ്റ റീക്ക. സ്പാനിഷ് വാക്കായ കോസ്റ്റ റിക്കയുടെ അർഥം സമ്പന്നതീരം അഥവാ റിച്ച് കോസ്റ്റ് എന്നാണ്. ഈ രാജ്യം ശാന്തസമുദ്രത്തിനും കരീബിയൻ കടലിനിമിടുക്ക് സ്ഥിതി ചെയ്യുന്നു. വടക്ക് നിക്കരാഗ്വ, കിഴക്കും തെക്കും പനാം, പടിഞ്ഞാറും തെക്കും ശാന്ത സമുദ്രം, കിഴക്ക് കരീബിയൻ കടൽ എന്നിവയുമായി അതിർത്തി പങ്കിടുന്നു. സ്പാനിഷ്.ഔദ്യോഗിക ഭാഷ, തലസ്ഥാനം.സാൻ ഹോസെ. 51100 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ രാജ്യത്തിലെ ജനസംഖ്യ ഏകദേശം 4133884 ആണ്.

ഭരണഘടനാപരമായി സൈന്യത്തെ പൂർണ്ണമായും പിരിച്ചു വിട്ട ആദ്യരാജ്യമാണ് കോസ്റ്റ റീക്ക. ലോകത്തെ ഏറ്റവും പഴയ ജനാധിപത്യരാഷ്ട്രങ്ങളുടെ പട്ടികയിൽ പെട്ട ഏക ലാറ്റിനമേരിക്കൻ രാജ്യമാണ് കോസ്റ്ററീക്ക. മാനവവികസന സൂചികയിൽ കോസ്റ്ററീക്ക ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ ഏറ്റവും ഉയർന്ന സ്ഥാനത്താണ്.




## മോണ്ടെനെഗ്രോ

തെക്ക് കിഴക്കൻ യൂറോപ്പിലെ ഒരു രാജ്യമാണ്. 2006 ജൂണ് 6 ന് സെർബിയയിൽ നിന്നും സ്വതന്ത്രമായതിനു ശേഷം ഈ രാജ്യം ഐക്യരാഷ്ട്ര സഭയിലെ 192 ാമത്തെ അംഗരാജ്യമായി. തലസ്ഥാനം പോഡ്ഗോറിക. മോണ്ടെനെഗ്രിൻ ഔദ്യോഗിക ഭാഷയാണെങ്കിലും സെർബിയൻ, ബോസ്നിയൻ, അൽബാനിയൻ,ക്രോയേഷ്യൻ എന്നീ ഭാഷകളും ഉപയോഗിച്ചു വരുന്നു. 5019 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള മോണ്ടെനെഗ്രോയിലെ ജനസംഖ്യ 2011 ലെ കണക്കനുസരിച്ച് 625266 ആണ്.

ആരോഗ്യം

# OSTEOPOROSIS
## (അസ്ഥിക്ഷയം)

Dr. അബ്ദു ലതീഫ് സമീഅ്,
പാക്കിസ്ഥാൻ




## അസ്ഥിക്ഷയം
## പ്രതിരോധ നടപടികൾ

കുട്ടിക്കാലം മുതൽക്ക് തന്നെ അസ്ഥികളെ സുദൃഢമാക്കുന്ന **കാൽസ്യം, വിറ്റാമിൻ ഡി** എന്നിവ ഉചിതമായ അളവിൽ അടങ്ങിയിരിക്കുന്ന പോഷകാഹാരങ്ങൾ നൽകി ഭാവി ജീവിതത്തിലെ അസ്ഥിക്ഷയ രോഗത്തിൽ നിന്നും അവരെ രക്ഷിക്കാവുന്നതാണ്.





കൂടാതെ കളിക്കുന്നതിനും വ്യായാമം ചെയ്യുന്നതിനുമുള്ള ഉചിതമായ അവസരങ്ങളും ഉണ്ടാക്കി കൊടുക്കേണ്ടതാണ്. തൽഫലമായി പ്രായപൂർത്തിയാകുന്നതിന് മുമ്പേ തന്നെ സ്വാഭാവികമായും അസ്ഥികളിൽ ശേഖരിക്കപ്പെടുന്ന കാൽസ്യത്തിന്റെ അളവ് വർദ്ധിക്കുന്നു. അങ്ങനെ ഒരു പരിധി വരെ ഭാവിജീവിതത്തിലെ അസ്ഥിക്ഷയത്തെ ചെറുക്കാവുന്നതാണ്.

- **എല്ലാ പ്രായക്കാരും നിത്യേനയുള്ള ജോലികൾ സ്വയം ചെയ്യുക.**
- **നിത്യവും ചെറിയ നിലയിലെങ്കിലും വ്യായാമം ചെയ്യുന്നത് ശീലമാക്കുക.**
- **പുകവലി, മദ്യപാനം പൂർണമായും വർജിക്കുക.**

പ്രായം കൂടുന്നതിനനുസരിച്ച് ശരീരത്തിൽ ഹോർമോണുകളുടെ അളവിൽ കുറവ് ഉടലെടുക്കുന്നു. അതിനെ ചെറുക്കുന്നതിനായി വിദഗ്ദനായ ഹോർമോൺ ചികിൽസകനെ കണ്ട് ഉചിതമായ മാർഗങ്ങൾ സ്വീകരിക്കുക.

ആമാശയം, കരൾ എന്നിവ സംബന്ധിയായ രോഗികൾ വിദഗ്ദരായ ഡോക്ടറുടെ അഭിപ്രായം തേടിക്കൊണ്ട് കാൽസ്യം, വിറ്റാമിൻ ഡി എന്നിവ ഉചിതമായ അളവിൽ ശരീരത്തിൽ ഉണ്ടായിരിക്കുന്നതിനുള്ള മാർഗങ്ങൾ അവലംബിക്കുക.

വിദഗ്ദരായ ഡോക്ടറുടെ അഭിപ്രായവും നിരന്തരമായ നീരീക്ഷണവും ഇല്ലാതെ ആസ്ത്മ, തൈറോയ്ഡ്, ക്യാൻസർ എന്നീ രോഗങ്ങൾക്കായി ഉപയോഗിക്കുന്ന മരുന്നുകൾ ഒരിക്കലും ഉപയോഗിക്കരുത്.

അസ്ഥിക്ഷയത്തിന്റെ ചികിൽസയ്ക്കായി കാൽസ്യം ഗുളുകകളും, വിറ്റാമിൻ ഡി ക്യാപ്സൂളുകളും, ലസ്സ്യൂനീൻ, ഫ്ളൂറൈഡ് എന്നിവ ലഭ്യമാണ്. പ്രഗൽഭനായ ഡോക്ടറുടെ നിർദേശത്തിൽ മാത്രം ഉചിതമായ അളവിൽ ഇവ ഉപയോഗിക്കേണ്ടതാണ്.











AL HAQ


VOL :21, ISSUE: 09-10 SEPT-OCT 2013


പൊതുവിജ്ഞാനം

# THERMAL IMAGE




**പരസ്പരം മനുഷ്യനെ വ്യതിരിക്തനാക്കുന്ന പല വസ്തുതകളും അല്ലാഹു മനുഷ്യനിൽ സൃഷ്ടിച്ചിട്ടുണ്ട്. ഉദാഹരണമായി വിരലടയാളം, കൃഷ്ണമണിയുടെ ഘടന, ഡി. എൻഎ തുടങ്ങിയവ. അത്തരത്തിൽ തന്നെ മനുഷ്യനിൽ പരസ്പരം വ്യത്യസ്ഥത പുലർത്തുന്ന ഒന്നാണ് THERMAL IMAGE.**





ഓരോ മനുഷ്യന്റെയും മുഖത്ത് നിന്ന് ഒരു പ്രത്യേക കിരണങ്ങൾ എപ്പോഴും ബഹിർഗമിച്ചു കൊണ്ടിരിക്കുന്നുണ്ട്. അതിനെ Infra Red rays എന്ന് പറയുന്നു. ഉഷ്ണകാലത്തും ശൈത്യകാലത്തും എല്ലാം തന്നെ ഇവ ബഹിർഗമിച്ചു കൊണ്ടിരിക്കും.

ചില പ്രത്യേക ക്യാമറ ഉപയോഗിച്ച് ഈ കിരണങ്ങളെ പകർത്തിയെടുക്കാൻ സാധിക്കുന്നതാണ്. അതിനെയാണ് Thermal Image എന്ന് വിശേഷിപ്പിക്കുന്നത്.



ഇരട്ടകളായ രണ്ടു പേർ അവർ ഒരേ കോശത്തിൽ നിന്ന് ജനിക്കുകയും അസാധാരണമായ നിലയിൽ അവരുടെ മുഖം പരസ്പരം സദൃശ്യം പുലർത്തുന്നതാണെങ്കിലും അവരുടെ Thermal Image വ്യത്യസ്ഥമായിരിക്കും.


ചില വ്യായാമങ്ങളിലൂടെ Thermal Image അളവിൽ നിസാര വർദ്ധനവു ഉണ്ടാകാമെങ്കിലും അടിസ്ഥാനപരമായി Thermal Image ൽ സ്പഷ്ടമായ യാതൊരു മാറ്റവും ഉണ്ടാകുന്നതല്ല.

Thermal Infrared Sensor







സുരക്ഷാവിഭാഗം ഇതിനെ പല രീതിയിലും ഉപയോഗപ്പെടുത്തുന്നുണ്ട്. വിശേഷിച്ച് അന്യരുടെ പ്രവേശനം തടയുന്നതിനായി പ്രതിരോധ അഭ്യന്തര മന്ത്രാലയങ്ങളിലും, ചില പ്രത്യേ ബാങ്കുകളിലുമെല്ലാം ഇത് ഉപയോഗപ്പെടുത്തുന്നുണ്ട്. നിത്യവും അവിടെ എത്തുന്നവരുടെ Thermal Image എടുത്ത് ബന്ധപ്പെട്ട വിഭാഗത്തിന്റെ കമ്പ്യൂട്ടറിൽ അത് വീക്ഷിക്കുന്നു. ഒരു വ്യക്തി അവിടെ പ്രവേശിക്കുമ്പോൾ തന്നെ കമ്പ്യൂട്ടർ അതിൽ സൂക്ഷിച്ചിട്ടുള്ള Thermal Imageമായി അതിനെ താരതമ്യം ചെയ്യുന്നു. അനുവദനീയമായ വ്യക്തിയാണെങ്കിൽ മാത്രമെ മുന്നിലുള്ള വാതിൽ തുറക്കപ്പെടുകയുള്ളു. അല്ലെങ്കിൽ ആ വാതിൽ അടഞ്ഞു തന്നെ കിടക്കുന്നതാണ്.

*(അൽ ഫള്ൽ ഇന്റർ നാഷണൽ)*

Chairman Management & Editorial Board : C. Zameem

| | | | |
|---|---|---|---|
| Printer & Publisher | : T.K.Mushtaq Ahmad | Chief Editor | : H.Shamsuddin |
| Manager | : B.M.Shoukath Ali | Editor | : T.K.Mubashir Ahmad |
| Layout | : Quraish | Members | : T.M.Abdul Mujeeb, K.Najmuddin |

Not for Sale, Circulation among members only

Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut